# TAB Trichur Archdiocesan Bulletin

2021 ഡിസംബർ വാല്യം: 88 ലക്കം: 12




ആട്ടിടയന്മാർക്ക് ലഭിച്ച സന്ദേശം (ലൂക്ക 2: 8–20)

## അഭിവന്ദ്യ പിതാക്കന്മാർക്ക് ജന്മദിനാശംസകൾ



മാർ ജേക്കബ് തൂങ്കുഴി

@92

13

DECEMBER



മാർ ആൻഡ്രൂസ് താഴത്ത്

@71



Trichur Archdiocesan Bulletin TAB
ESTD: 1934

**ഡിസംബർ 2021**
ലക്കം:12 വാല്യം: 88

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

| | |
|---|---|
| കച്ചേരിക്കാര്യം | 4 |
| അതിരൂപതാദ്ധ്യക്ഷന്റ്റ പരിപാടികൾ | 8 |
| നാളാഗമം | 10 |
| നാമകരണ നടപടികൾ | 18 |
| വൈദികർ | 22 |
| ആദരാഞ്ജലികൾ | 25 |
| സന്യസ്തർ | 27 |
| സാമ്പത്തിക കാര്യാലയം | 33 |
| അതിരൂപത തീർഥകേന്ദ്രം | 34 |
| മതബോധനം | 35 |
| സ്ഥാപനങ്ങൾ | 40 |
| സംഘടനകൾ | 69 |

# കച്ചേരി വാർത്തകൾ

ഡിസംബർ 2021

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

1 : ഇരുപത്തഞ്ച് നോമ്പാരംഭം
3 : ആദ്യവെള്ളി
വി. ഫ്രാൻസിസ് സേവ്യർ
5 : **മംഗളവാർത്ത രണ്ടാം ഞായർ**
7 : വി. അംബ്രോസ്
8 : **പ. കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ**
12 : **മംഗളവാർത്ത മൂന്നാം ഞായർ**
14 : കുരിശിന്റെ വി. യോഹന്നാൻ
18 : മൈലാപ്പൂരിലെ അത്ഭുതസ്ലീവാ
19 : **മംഗളവാർത്ത നാലാം ഞായർ**
25: **ന. കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ**
26: **പിറവി ഒന്നാം ഞായർ**
തിരുക്കുടുംബം
വി. എസ്തപ്പാനോസ്
28: കുഞ്ഞിപ്പൈതങ്ങൾ
31 : വർഷാവസാനം

**2. മംഗളവാർത്ത-പിറവിക്കാലങ്ങൾ:**

സീറോ മലബാർ സഭയുടെ ആരാധനാവത്സരം ആരംഭിക്കുന്നത് മനുഷ്യാവതാരരഹസ്യത്തെ അനുസ്മരിക്കുന്ന മംഗളവാർത്തക്കാലത്തോടു കൂടിയാണ്. ഡിസംബർ 25ന് ആഘോഷിക്കപ്പെടുന്ന ഈശോയുടെ തിരുപ്പിറവിയെ കേന്ദ്രമാക്കിയുള്ളതാണ് ഈ കാലങ്ങൾ. തിരുപ്പിറവിക്കു മുമ്പ് നാലും തിരുപ്പിറവിക്കുശേഷം രണ്ടും ആഴ്ചകളാണ് ഈ കാലങ്ങളിലുള്ളത്.

തിരുപ്പിറവിക്ക് ഒരുക്കമായി ഡിസംബർ 1 മുതൽ 25 വരെ മാർത്തോമ്മ ക്രിസ്ത്യാനികൾ ഇരുപത്തിയഞ്ച് നോമ്പ് ആചരിക്കുന്നു.

ഈശോയിൽ പൂർത്തിയാക്കപ്പെട്ട രക്ഷാകരപ്രവൃത്തികൾ ആരംഭിക്കുന്നത് അവിടുത്തെ ജനനത്തോടുകൂടിയാണല്ലോ. സുറിയാനി ഭാഷയിൽ 'സുവാറ' എന്നാണ് മംഗളവാർത്തക്കാലത്തിന്റെ പേര്. 'പ്രഖ്യാപനം', 'അറിയിപ്പ്' എന്നൊക്കെയാണ് 'സുവാറ' എന്ന പദത്തിന്റെ അർത്ഥം. സുറിയാനി ഭാഷയിൽ 'യൽദാ' എന്നാണ് പിറവിക്കാലത്തിന്റെ പേര്. രക്ഷകനെ പ്രതീക്ഷിച്ചിരുന്ന മാനവവംശത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും മംഗളകരമായ വാർത്തയായിരുന്നല്ലോ ഗബ്രിയേൽ ദൂതൻ പരിശുദ്ധ കന്യകാമറിയത്തെ അറിയിച്ചത്. അങ്ങനെ സമയത്തിന്റെ തികവിൽ പൂർത്തിയായ ഈശോയുടെ മനുഷ്യാവതാര രഹസ്യത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കാലങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. അവിടുത്തെ മുന്നോടിയായ യോഹന്നാൻ മാംദ്ദാനയുടെ ജനനത്തെ കുറിച്ചുള്ള മുന്നറിയപ്പും അദ്ദേഹത്തിന്റെ ജനനവും അടങ്ങുന്ന മംഗളസംഭവവും ഈ ദിവസങ്ങളിൽ സഭ അനുസ്മരിക്കുന്നു.

ഈശോയുടെ മനുഷ്യാവതാരരഹസ്യം കൊണ്ടാടുന്നതിന് ഒരുക്കമായി മനുഷ്യസൃഷ്ടി, ആദിമാതാപിതാക്കളുടെ അനുസരണക്കേട്, അതിന്റെ അനന്തരഫലങ്ങൾ, അധഃപതിച്ച മനുഷ്യവംശത്തിന്റെ പരിതാപകരമായ അവസ്ഥ, ദൈവം നൽകിയ രക്ഷയുടെ വാഗ്ദാനം, മാനവവംശവുമായി അവിടുന്ന് ചെയ്ത ഉടമ്പടി, രക്ഷകനെ കുറിച്ചുള്ള പ്രവചനങ്ങൾ എന്നിവ മംഗളവാർത്താക്കാലത്തിൽ അനുസ്മരിക്കുന്നുണ്ട്. പരിശുദ്ധ ദൈവമാതാവിനു രക്ഷാകര ചരിത്രത്തിലുള്ള വലിയ പങ്ക് ഈ കാലത്തിൽ നാം ചിന്താവിഷയമാക്കുന്നു. രക്ഷകന്റെ അമ്മയായ മറിയത്തിന് ഏറ്റവുമധികം പ്രാധാന്യം നൽകുന്നത് ഈ കാലത്തിലാണ്.

ഈശോയുടെ തിരുപ്പിറവിയും ജ്ഞാനികളുടെ സന്ദർശനവും ഈജിപ്തിലേക്കുള്ള പലായനവും ഈശോയെ ദൈവാലയത്തിൽ സമർപ്പിക്കുന്ന സംഭവവും ബാല്യകാലവുമാണ് പിറവിക്കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ. പാപത്തിനു മരിച്ച്, മിശിഹായെ സ്വന്തമാക്കി, സമാധാനവും പ്രത്യാശയും ഉൾക്കൊള്ളാൻ പിറവിക്കാലത്തിലെ വായനകൾ അനുസ്മരിപ്പിക്കുന്നു. സ്വന്തം ദയനീയാവസ്ഥയെക്കുറിച്ചു ബോധവാന്മാരായി രക്ഷകനുവേണ്ടി ദാഹിച്ച പഴയനിയമ ജനതയെപ്പോലെ, പുതിയനിയമത്തിലെ ജനത തങ്ങളുടെ നിസ്സഹായാവസ്ഥയും പാപസാഹചര്യങ്ങളും മനസ്സിലാക്കി മിശിഹായിലേക്കു നടന്നടുക്കണമെന്നും മിശിഹായ്ക്കു പിറക്കുവാൻ തങ്ങളുടെ ഹൃദയങ്ങളിൽ ഇടം നൽകണമെന്നും മംഗളവാർത്ത–പിറവിക്കാലങ്ങളിലെ വി. ഗ്രന്ഥവായനകളും പ്രാർത്ഥനകളും ഗീതങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്നു.

**3. അമലോത്ഭവതിരുനാൾ:**

നമ്മുടെ അതിരൂപത അമലോത്ഭവമാതാവിന് പ്രതിഷ്ഠിതമാണല്ലോ. അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനമായ ഡിസംബർ 8ന് നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമിപ്പിക്കുന്നു.

**4. അഭിവന്ദ്യപിതാക്കന്മാരുടെ ജന്മദിനം:**

ഡിസംബർ 13നു ജന്മദിനം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും, മാർ ജേക്കബ് തൂങ്കുഴി പിതാവിനും അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ പിതാക്കന്മാർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

**5. ഓഫീസ് അവധി:**

2021 ഡിസംബർ 22 മുതൽ 2022 ജനുവരി 6 വരെ അതിരൂപതകാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിരഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**6. തിരുപ്പട്ടസ്വീകരണങ്ങൾ:**

അതിരൂപതക്കുവേണ്ടി 2021 ഡിസംബർ അവസാനവാരത്തിൽ തിരുപ്പട്ടം സ്വീകരിക്കുന്നതിന് താഴെ പറയുന്ന 12 ഡീക്കന്മാർ ഒരുങ്ങികൊണ്ടിരിക്കുകയാണ്. അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

| | | | | |
|---|---|---|---|---|
| 1. | എടക്കളത്തൂർ ഗോഡ്‌വിൻ | വെള്ളറക്കാട് | 27.12.2021 | 09.00 am |
| 2. | മുട്ടത്ത് പോൾ | പേരകം | 27.12.2021 | 09.00 am |
| 3. | വേലൂക്കാരൻ ജിയോ | ഒളരിക്കര | 28.12.2021 | 09.00 am |
| 4. | കാഞ്ഞിരത്തിങ്കൽ അരുൺ | അരിമ്പൂർ | 28.12.2021 | 02.00 pm |
| 5. | കിഴക്കൂടൻ ഗോഡ്‌വിൻ | തലോർ | 29.12.2021 | 09.00 am |
| 6. | നീലങ്കാവിൽ ഹാഡ്‌ലി | മുക്കാട്ടുകര | 29.12.2021 | 09.00 am |
| 7. | പേരാമംഗലം ജാക്സൺ | നെല്ലിക്കുന്ന് | 29.12.2021 | 02.00 pm |
| 8. | ഐനിക്കൽ ആഡ്‌വിൻ | ഒല്ലൂക്കര | 29.12.2021 | 02.00 pm |
| 9. | ചിറ്റിലപ്പിള്ളി ആന്റണി | പറപ്പൂർ | 30.12.2021 | 09.00 am |
| 10. | ഒലക്കേങ്കിൽ ഡെബിൻ | പാവറട്ടി | 30.12.2021 | 09.00 am |
| 11. | പയ്യപ്പിള്ളി ജിനു | വെളപ്പായ | 31.12.2021 | 09.00 am |
| 12. | തട്ടിൽ ബെൻവിൻ | നെടുപുഴ | 31.12.2021 | 02.00 pm |

**7. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും:**

വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2022 ഫെബ്രുവരി 2 ന് ബുധനാഴ്ച രാവിലെ 10ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്നതാണ്. എല്ലാ വൈദികരും പങ്കെടുക്കണം.

**8. വൈദികനിയമനം:**

1. ഫാ. ജിന്റോ ചൂണ്ടൽ – പുതുക്കാട് ഇടവകയിൽ സഹായി കൂടി; സാധുത 2021 ഒക്ടോബർ 2 മുതൽ.
2. ഫാ. പ്രദീപ് മാപ്രാണത്തുകാരൻ – പഠനാവധി: വികാരി ഭരത & കപ്ലോൻ ഡി. എസ്. എസ്. മഠം, അസി. ഡയറക്ടർ കെ. സി. വൈ. എം. & യൂത്ത് മിനിസ്ട്രി എന്നിവ ഒഴിവായി: സാധുത 2021 ഒക്ടോബർ 28 മുതൽ.
3. ഫാ. റിജോ വിതയത്തിൽ – നടത്തുവികാരി ഭരത & കപ്ലോൻ ഡി. എസ്. എസ്.; ബലിയർപ്പണം എസ്. എം. സി. പൊന്നൂക്കര; സാധുത 2021 ഒക്ടോബർ 28 മുതൽ.
4. ഫാ. ആന്റോ ചിറയത്ത് – കപ്ലോൻ സി. എച്ച്. എഫ്. പൂച്ചിന്നിപ്പാടം കൂടി; സാധുത 2021 നവംബർ 4 മുതൽ.
5. ഫാ. ഡേവിസ് തെക്കേക്കര – നടത്തുവികാരി നന്തിപുലം നോർത്ത് & കപ്ലോൻ എസ്. സി. എസ്. എ.; സാധുത 2021 ഒക്ടോബർ 30 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# ENGAGE MENTS

**2021 DECEMBER**
**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 01 | Wed | Morning | Holy Mass at Precious Blood Convent, Arampilly |
| 02 | Thu | Afternoon | Presbyteral Council Meeting |
| 03 | Fri | Morning | Curia Meeting |
| 04 | Sat | Morning | Holy Mass at St. Paul's Gurukulam, Thiruvilwamala |
| | | Evening | Boun Natale Pauravali Meeting |
| 05 | Sun | Morning | Holy Mass and Chapel Blessing at Marathamkode |
| 06 | Mon | Morning | Holy Mass at Lourde Natha Provincial House (CSM) |
| 07-09 | Tue | Morning | KCBC |
| 10 | Fri | Morning | Curia Meeting Tribunal Meeting |
| | | Evening | JMMC Trust Meeting |
| 11 | Sat | Morning | Holy Mass at Minor Seminary |
| | | Afternoon | Honouring Silver Jubilarians of Marriage at Lourdes Cathedral |
| 12 | Sun | Morning | Holy Mass at Veendassery |
| | | Afternoon | KCYM Youth Day at DBCLC |
| 14 | Tue | | St. John's Govering Board Meeting at Bengaluru |
| 16 | Thu | | Inter Curia Meeting at Palakkad |
| 17 | Fri | Morning | Holy Mass and House Blessing at Nellankara Curia Meeting |
| | | Afternoon | JMMC Hospital Day |
| 18 | Sat | Morning | Holy Mass at Lourdenatha Provincial House, Thrissur Honouring Golden Jubilee of Marriage at Lourdes Cathedral |
| | | Evening | Carol Competition Inauguration at Basilica |

| | | | |
|---|---|---|---|
| 19 | Sun | Morning | Holy Mass at Thoykkavu<br>(Birth Anniversary of Bl. A. J. Ukken)<br>Church Blessing at Ollukkara |
| | | Afternoon | Ruby Jubilee Conclusion of Slum Service Centre |
| 20 | Mon | Morning | Holy Mass and Meeting with Deacons and their Parents at Minor Seminary |
| 21 | Tue | Morning | Curia Meeting |
| 22 | Wed | Morning | For Religious |
| 23 | Thu | Morning | Baptism of 5th Child at Arimpoor |
| | | Evening | Christmas Eve at Archbishop's House |
| 24 | Fri | Morning | Curia Meeting |
| | | Evening | Altar Consecration at Chittattukara |
| 25 | Sat | | Christmas |
| 26 | Sun | Morning | Ordination of Dn. Anals Alappatt CMI at Kachery |
| | | Afternoon | Ordination of Dn. Ditto Suprath CMI at Kolazhy |
| 27 | Mon | Morning | Ordination of Dn. Godwin Edakkalathur at Vellarakkad |
| | | Afternoon | Boun Natale |
| 28 | Tue | Morning | Ordination of Dn. Geo Velukkaran at Olarikkara |
| | | Afternoon | Ordination of Dn. Arun Kanjirathingal and Dn. Gifin Neelankavil CMI at Arimpur |
| 29 | Wed | Morning | Ordination of Dn. Hadly Neelankavil at Mukkattukara |
| | | Afternoon | Ordination of Dn. Jackson Peramangalam at Nellikkunnu |
| | | Evening | Centenary Celebration of Sacred Heart C L P S, Vylathur |
| 30 | Thu | Morning | Ordination of Dn. Debin Olakkengil and Dn. Linston Olakkengil CMI at Pavaratty |
| | | Afternoon | Ordination of Dn. Anson Ollukkaran CMI at Vendore |
| | | Evening | Centenary Celebration of Little Flower School, Perinchery |
| 31 | Fri | Morning | Ordination of Dn. Suraj Kakkassery CMI at Mattom |

# നാളാഗമം

**ഒക്ടോബർ 2021**

1. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ ബഹു. ജെൻസ് തട്ടിൽ അച്ചന്റെ അന്തരിച്ച അപ്പന്റെ നെടുപുഴ പള്ളിയിലെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിലെ ഇൻഡക്ഷൻ പ്രോഗ്രാമിന് വേണ്ടി വീഡിയോ സന്ദേശം നൽകി. വൈകിട്ട് എറവ് പള്ളിയിൽ വി. ബലി അർപ്പിച്ചു.
2. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി യിൽ ദിവ്യബലിയർപ്പിച്ചു. തലോർ വൊക്കേഷനിസ്റ്റ് സെമിനാരിയിൽ വച്ച് എസ്.ഡി.വി. കോൺഗ്രിഗേഷന്റെ 100–ാം വാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിലെ മെഡ്ലിക്കോട്ട് ഹാളിൽ വച്ചു നടന്ന മദ്യവിരുദ്ധ സമിതിയുടെ 24–ാമത് വാർഷികാഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കിള്ളിമംഗലം പള്ളിയിൽ വി. ബലി അർപ്പിക്കുകയും പുതിയ വൈദികമന്ദിരം വെഞ്ചിരിക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് തലോർ എസ്.ഡി.വി. സെമിനാരിയിൽ മരിയൻ റൂം വെഞ്ചിരിക്കുകയും പള്ളിക്കുന്ന് പള്ളിയിൽ നടന്ന സമർപ്പിത സംഗമത്തിലും

പൗരോഹിത്യ–സമർപ്പിത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും ആശംസകൾ നേരുകയും ചെയ്തു. വൈകിട്ട് ബഹു. ടിജോ മുള്ളക്കര അച്ചന്റെ അപ്പന്റെ ആത്മശാന്തിക്കായി തെക്കേ തൊറവിലെ വസതിയിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

3. അഭിവന്ദ്യ താഴത്ത് പിതാവ് ഫാ. ടിജോ മുള്ളക്കരയുടെ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിക്കുകയും പാത്രമംഗലം പള്ളിയിൽ വി. ബലി അർപ്പിക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സെൻട്രൽ കൗൺസിൽ മീറ്റിംങ്ങിൽ അധ്യക്ഷനായി. വൈകിട്ട് കാത്തലിക്ക് ടീച്ചേർഴ്സ് ഗിൽഡിന്റെ ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിച്ചു.
4. അഭിവന്ദ്യ താഴത്ത് പിതാവ് പൂത്തോൾ കാൽവരി ആശ്രമത്തിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് സെന്റ് വിൻസെന്റ് ഡി പോൾ ഹോസ്പിറ്റലിൽ ദിവ്യബലിയർപ്പിക്കുകയും ഡയാലിസിസ് യൂണിറ്റിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മഞ്ഞക്കുന്ന് പള്ളിയിൽ വി. ബലി അർപ്പിച്ചു. വൈകിട്ട് മണ്ണുത്തി എഫ്.എസ്.എസ്.ഇ. കോൺവെന്റിൽ വി. ബലി അർപ്പിച്ചു.
5. അഭിവന്ദ്യ ടോണി പിതാവ് അന്തരിച്ച ബഹു. പൗളിൻ സി.എസ്.എമ്മിന്റെ ബഹുമാനാർത്ഥം ഇരിങ്ങാലക്കുട മർത്ത കോൺവെന്റിൽ രാവിലെ വി. ബലി അർപ്പിക്കുകയും അനുശോചന സന്ദേശം നൽകുകയും ചെയ്തു.
6. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ കോൺവെന്റിൽ സി.എം.സി. സന്യാസസഭാംഗമായ സി. ട്രിനിറ്റ പടമാടന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. ഫാ. ബെന്നി കിടങ്ങന്റെ മാതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിലും ഫാ. പ്രിൻസ് പൂവത്തിങ്കലിന്റെ മാതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. വൈകിട്ട് ഓൺലൈനായി നടന്ന സ്ഥിരം സിനഡിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സെന്റ് തോമസ് കോളേജിലെ NAAC വിസിറ്റുമായി ബന്ധപ്പെട്ട ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിക്കുകയും ഷെക്കെയ്ന ടിവിയുടെ രണ്ടാം വാർഷികവുമായി ബന്ധപ്പെട്ട് വീഡിയോ സന്ദേശം നൽകുകയും ചെയ്തു. വൈകിട്ട് പറോക്ക് ഡിപ്ലോമ കോഴ്സിന്റെ റിസോഴ്സ് പേഴ്സൺസിന്റെ ഓൺലൈൻ മീറ്റിംങ്ങിൽ അധ്യക്ഷത വഹിച്ചു.

7. അഭിവന്ദ്യ താഴത്ത് പിതാവ് പള്ളിക്കുന്ന് ഇടവകാംഗങ്ങളായ ഒല്ലൂക്കാരൻ ബിജു + ജിസ്മ ദമ്പതികളുടെയും താണിശ്ശേരിക്കാരൻ ഡെന്നി + ജെൻസി ദമ്പതികളുടെയും ആറാമത്തെ കുട്ടികളുടെ മാമ്മോദീസ നടത്തി. ഓൺലൈനായി നടന്ന പറോക് ട്രസ്റ്റ് മീറ്റിംഗിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. വൈകിട്ട് താളിക്കോട് വച്ച് നടന്ന ഷെക്കെയ്ന ടെലിവിഷന്റെ രണ്ടാം വാർഷികാഘോഷത്തിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കോളങ്ങാട്ടുക്കര മർത്ത കോൺവെന്റിൽ വി. ബലി അർപ്പിക്കുകയും ഓൺലൈൻ പറോക്ക് ട്രസ്റ്റ് മീറ്റിംങ്ങിൽ പങ്കെടുക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് മണ്ണംപ്പേട്ട സി.എൽ.സിക്ക് വേണ്ടി വീഡിയോ സന്ദേശം നൽകി. അന്തരിച്ച ബഹു. സി. ആഞ്ചല എസ്.എ. ബി. എസിന്റെ പടവരാട് കോൺവെന്റ് ചാപ്പലിൽ വൈകിട്ട് നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും എ.എഫ്.സി. മീറ്റിംങ്ങിൽ സംബന്ധിക്കുകയും ചെയ്തു.
8. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്ലാസ് എടുത്തു. വൈകിട്ട് അരിമ്പൂർ പള്ളിയിൽ കപ്പേളയുടെ ഹാൾ വെഞ്ചിരിക്കുകയും വി. ബലി അർപ്പിക്കുകയും ചെയ്തു.
9. അഭിവന്ദ്യ താഴത്ത് പിതാവ് മരിയാപുരം മിഷൻ ഹോമിൽ വച്ചു നടന്ന എം.എം.ബി. സന്യാസസഭാംഗങ്ങളുടെ സുവർണ്ണ–രജത ജൂബിലിയാഘോഷങ്ങളുടെ ഭാഗമായുള്ള കൃതജ്ഞതാബലിയിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും അനുമോദനയോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. വൈകിട്ട് PAROC ന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഡിപ്ലോമ കോഴ്സിന്റെ ഉദ്ഘാടനം നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഗുരുവായൂർ എഫ്.സി.സി. ചെറുപുഷ്പം ആശ്രമത്തിന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് വി. ബലി അർപ്പിച്ചു. ഉച്ച കഴിഞ്ഞ് ചിറ്റിശ്ശേരി ക്ലേലിയ കോൺവെന്റിൽ പ്രഥമ വ്രത, നിത്യവ്രത വാഗ്ദാനത്തിലും ജൂബിലി ആഘോഷങ്ങളിലും വി. കുർബാനയിലും മുഖ്യ കാർമ്മികത്വം വഹിച്ചു. വൈകിട്ട് മുളയം മേജർ സെമിനാരിയിൽ പറോക്കിന്റെ ഡിപ്ലോമ കോഴ്സിന്റെ ഉദ്ഘാടനം നിർവഹിക്കുകയും അപ്പോളജറ്റിക്സിന്റെ ഓൺലൈൻ മീറ്റിംങ്ങിൽ പങ്കെടുക്കുകയും ചെയ്തു.
10. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി യിൽ ദിവ്യബലിയർപ്പിച്ചു. എഫ്.സി.സി സന്യാസിനീസമൂഹത്തിന്റെ മനക്കൊടിയിലുള്ള വിമലനാഥ കോൺവെന്റിന്റെ സുവർണ്ണ ജൂബിലിയാഘോഷങ്ങളുടെ ഭാഗമായ വിശുദ്ധ കുർബ്ബാനക്ക് മുഖ്യകാർമ്മികത്വം വഹി

ച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ നിർമ്മലപുരം പള്ളിയിൽ വി. ബലി അർപ്പിച്ചു. ഉച്ച കഴിഞ്ഞ് സെന്റ് തോമസ് കോളേജിലെ മീറ്റംങ്ങിൽ പങ്കെടുത്തു.

11. അഭിവന്ദ്യ താഴത്ത് പിതാവ് പുതുശേരി ഇടവകാംഗമായ നമ്പാത്ത് ജിതേഷ് ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയുടെ മാമ്മോദീസ നട ത്തുകയും ഇടവകയിൽ പുതുതായി നിർമ്മിച്ച സെൽ ടൈപ്പ് സെമിത്തേരിയുടെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിക്കുകയും ചെയ്തു. അന്നേദിവസം വൈകിട്ട് അതിരൂപത ഫെലിസിറ്റേഷൻ സെന്ററിന്റെ ഓഫീസ് വെഞ്ചരിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്ക് അരമന യിൽ ഇൻസ്റ്റിറ്റ്യൂഷൻ ഹെൽപ്പ് ഡെസ്ക് മീറ്റിംങ്ങിൽ പങ്കെടുത്തു. വൈകിട്ട് കത്തോലിക്കസഭാ പത്രത്തിന്റെ എഡിറ്റോറിയൽ മീറ്റിം ങ്ങിൽ പങ്കെടുക്കുകയും എ.എഫ്.സിയുടെ നവീകരിച്ച ഓഫീസിന്റെ വെഞ്ചിരിപ്പ് കർമ്മത്തിൽ പങ്കെടുക്കുകയും ചെയ്തു.

12. അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ ദിവ്യബലി യർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് പാക്ടിന്റെ പാസ്റ്റ റൽ പ്ലാൻ കോർ കമ്മിറ്റി മീറ്റിംങ്ങിലും പറോക് ട്രയിനിങ്ങ് പ്രോഗ്രാ മിലും പങ്കെടുത്തു.

13. അഭിവന്ദ്യ പിതാക്കന്മാർ ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ധന്യൻ ബഹു. അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ശ്രാദ്ധത്തോടനുബന്ധിച്ച് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ചൊവ്വന്നൂർ പള്ളിയിൽ അർപ്പിക്കുകയും സെന്റ് തോമസ് കോളേ ജിൽ മഹാത്മഗാന്ധിയുടെ മണലിൽ തീർത്ത ഒരു ഛായാചിത്രം അനാഛാദനം ചെയ്യുകയും ചെയ്തു.

14. അഭിവന്ദ്യ താഴത്ത് പിതാവ് ശാന്തിധാം കോൺവെന്റിൽ ദിവ്യബലി യർപ്പിച്ചു. ഉച്ചകഴിഞ്ഞ് അമല ഹോസ്പിറ്റലിൽ സ്ഥാപിച്ച BMD (Bone Marrow Transplant) unit ന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹി ച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അന്തിക്കാട് പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. വൈകിട്ട് നിർമ്മലമാതാ സ്ക്കൂളിലെ വിദ്യാർത്ഥികൾക്ക് വേണ്ടി ഓൺലൈൻ സന്ദേശം നൽകി.

15. അഭിവന്ദ്യ പിതാക്കന്മാർ ഉച്ചക്ക് മൈനർ സെമിനാരിയിൽ ഡിഗ്രി പഠി ക്കുന്ന ബ്രദേഴ്സിനെ കാണുകയും അവരുടെ മാതാപിതാക്കളോട് സംവദിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് അന്തരിച്ച ബഹു. സി. എലനോറ എഫ്.സി.സിയുടെ മുണ്ടൂർ കോൺവെന്റ് ചാപ്പലിൽ വൈകിട്ട് നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ

മുഖ്യകാർമ്മികത്വം വഹിച്ചു.

16. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി യിൽ ദിവ്യബലി യർപ്പിച്ചു. എഫ്.സി.സി. സന്യാസിനീ സമൂഹത്തിന്റെ മമ്മിയൂരിലെ നസ്രത്ത് കോൺവെന്റിന്റെ സുവർണ ജൂബിലിയോടനുബന്ധിച്ചുള്ള ദിവ്യബലിയിൽ അഭിവന്ദ്യ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് ഓൺലൈനായി നടന്ന CRI മീറ്റിംഗിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അതിരൂപതാ മൈനർ സെമിനാരിയിൽ വി. ബലി അർപ്പിക്കുകയും ചിയ്യാരം വിജയമാതാ പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകുകയും ചെയ്തു. വൈകിട്ട് ഫാമിലി അപ്പോസ്റ്റോലേറ്റിന്റെ പ്രോ–ലൈഫ് പ്രോജക്ട് അനാവരണം ചെയ്യുകയും സി.ആർ.ഐ. മീറ്റിംങ്ങിൽ സംബന്ധിക്കുകയും ചെയ്തു.
17. അഭിവന്ദ്യ താഴത്ത് പിതാവ് കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ സ്കൂളിൽ വച്ച് കെ.സി.വൈ.എം. ബസിലിക്ക മേഖല ഫോർമേഷൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. വൈകിട്ട് ഫാമിലി അപ്പസ്തൊലേറ്റിൽ വച്ചു നടന്ന ദീപിക അവാർഡ് ഡേയിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിച്ചു. വൈകിട്ട് പറോകിന്റെ ഡിപ്ലോമ കോഴ്സിന്റെ കോൺടാക്റ്റ് ക്ലാസ് നയിച്ചു.
18. അഭിവന്ദ്യ താഴത്ത് പിതാവ് എറവ് ഇടവകാംഗമായ ബ്രഹ്മകുളം കോളിൻസ് + ലിൻസി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്ലാസ് എടുത്തു. വൈകിട്ട് ഭരത പള്ളിയിൽ വി. ബലി അർപ്പിച്ചു. ഉച്ച കഴിഞ്ഞ് അതിരൂപതയിലെ സാമൂഹ്യ സ്ഥാപന ഡയറക്ടേഴ്സിന്റെ മീറ്റിംങ്ങിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.
19. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സെന്റ് തോമസ് കോളേജ് അക്കാദമിയുടെയും സെന്റ് തോമസ് ഹോസ്റ്റലിന്റെയും ട്രസ്റ്റ് മീറ്റംങ്ങിൽ പങ്കെടുത്തു. വൈകിട്ട് മുന്നോക്ക സമുദായ കമ്മീഷൻ മീറ്റിംങ്ങിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതയിലെ വിദ്യാഭ്യാസ സ്ഥാപന ഡയറക്ടേഴ്സിന്റെ മീറ്റിംങ്ങിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.
20. അഭിവന്ദ്യ താഴത്ത് പിതാവ് ബസിലിക്ക ഇടവകാംഗമായ ചാണ്ടി നോബി നെൽസൻ + പൊന്നു ജോസ് ദമ്പതികളുടെ ആറാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ

ശാന്തിധാം സി.എം.സി. ഭവനിൽ വി. ബലി അർപ്പിച്ചു. അഭിവന്ദ്യപിതാക്കന്മാർ അതിരൂപതയിലെ പാസ്റ്ററൽ സ്ഥാപനഡയറക്ടേഴ്സിന്റെ മീറ്റിംങ്ങിലും ജൂബിലി മിഷ്യൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംങ്ങിലും പങ്കെടുത്തു.

21. അഭിവന്ദ്യ താഴത്ത് പിതാവ് ഒല്ലൂർ ഇടവകാംഗമായ കാവുങ്ങൽ സിജു + സോളി ദമ്പതികളുടെ ആറാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്ലാസ് എടുത്തു. അന്തരിച്ച ബഹു. സി. നീസൽ സി.എം.സിയുടെ ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ കോൺവെന്റ് ചാപ്പലിൽ വൈകിട്ട് നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

22. അഭിവന്ദ്യ താഴത്ത് പിതാവ് കാക്കശ്ശേരി സെന്റ് മേരിസ് ദൈവാലയത്തിൽ നവീകരിക്കപ്പെട്ട കപ്പേളയുടെ വെഞ്ചരിപ്പ് നിർവ്വഹിക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് മേരിമാതാ മേജർ സെമിനാരി എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മീറ്റിംഗിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചകഴിഞ്ഞ് മേരിമാതാ മേജർ സെമിനാരിയുടെ എക്സിക്ക്യൂട്ടീവ് മീറ്റിംങ്ങിലും പറോക് മീറ്റംങ്ങിലും പങ്കെടുത്തു.

23. അഭിവന്ദ്യ പിതാക്കന്മാർ നെടുപുഴ ഇടവകാംഗമായ ഫാ. അജിത്ത് തച്ചോത്തിന്റെ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന ദൈവാലയത്തിൽ വിശുദ്ധ റപ്പായേൽ മാലാഖയുടെ തിരുനാളിനോടനുബന്ധിച്ചുള്ള കൂടുതുറക്കൽ ശുശ്രൂഷയ്ക്ക് അഭിവന്ദ്യ താഴത്ത് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് പള്ളിക്കുന്ന് ഇടവകയിൽ വച്ച് നടന്ന ഫാ. ജോസ് തത്രത്തിലിന്റെ സുവർണ്ണ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു. വൈകിട്ട് ജീസസ്സ് യൂത്തിന്റെ ആഭിമുഖ്യത്തിൽ കുടുംബങ്ങൾക്ക് വേണ്ടി നടത്തിയ ഓൺലൈൻ പ്രാർത്ഥന കൂട്ടായ്മയിൽ സന്ദേശം നൽകി.

24. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി. യിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് കത്തോലിക്കാ കോൺഗ്രസിന്റെ ജനറൽ ബോഡി മീറ്റിംഗിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. തുടർന്ന് വരന്തരപ്പിള്ളി മാതാവിന്റെ വിമലഹൃദയ ദൈവാലയത്തിൽ വച്ച് നടന്ന സി.എം.ഐ സന്യാസസഭാംഗമായ ഫാ. സെബാസ്റ്റ്യൻ അവറാന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് അഭിവന്ദ്യ പിതാവ് നേതൃത്വം നല്കി. അഭിവന്ദ്യ ടോണി പിതാവ് അന്തരിച്ച ബഹു. സെബാസ്റ്റ്യൻ അവറാൻ സി.എം.സി. അച്ചന്റെ മൃതദേഹ സംസ്ക്കാര കർമ്മത്തിലെ

അമല ആശുപത്രിയിൽ രാവിലെ നടന്ന ശുശ്രൂഷക്ക് നേതൃത്വം നൽകി. ഉച്ച കഴിഞ്ഞ് ദീപിക പ്രമോട്ടേഴ്സിന്റെ മീറ്റിംങ്ങിൽ പങ്കെടുത്തു. വൈകിട്ട് പറോകിന്റെ ഡിപ്ലോമ കോഴ്സിന്റെ കോൺടാക്റ്റ് ക്ലാസ് നയിച്ചു.

25. അഭിവന്ദ്യ താഴത്ത് പിതാവ് പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്ലാസ് എടുത്തു. വൈകിട്ട് ലൂർദ്ദ് കത്തീഡ്രൽ പളളിയിൽ വി. ബലി അർപ്പിച്ചു.

26. അഭിവന്ദ്യ താഴത്ത് പിതാവ് PACT ന്റെ നേതൃത്വത്തിൽ നടന്ന Pastoral Plan Representatives ന്റെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചകഴിഞ്ഞ് പാക്ടിന്റെ പാസ്റ്ററൽ പ്ലാനിന്റെ മീറ്റിംങ്ങിൽ സംബന്ധിച്ചു. അന്തരിച്ച ബഹു. സി. വാൽത്രൂദ് എഫ്.സി.സിയുടെ ബ്രഹ്മകുളം കോൺവെന്റ് ചാപ്പലിൽ വൈകിട്ട് നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

27. അഭിവന്ദ്യ താഴത്ത് പിതാവ് തണ്ടിലം ഇടവകാംഗമായ ഫാ. സിജോ ചീരന്റെ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. മലങ്കര ഓർത്തഡോക്സ് സഭയുടെ പുതിയ കാതോലിക്കോസ്, ബസേലിയോസ് മാർത്തോമാ മാത്യുസ് തൃതീയന് കുന്നംകുളം ഭദ്രാസനം നൽകിയ സ്വീകരണ ചടങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് മേരിമാതാ മേജർ സെമിനാരിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്ലാസ് എടുത്തു. അന്തരിച്ച ബഹു. സിജോ ചീരനച്ചന്റെ അന്തരിച്ച അപ്പന് വേണ്ടി തണ്ടിലത്തെ വസതിയിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

28. ഫാ. തോബിയാസ് ചാലക്കലിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് കണ്ടശ്ശാംകടവ് ഇടവകയിൽ നടന്ന ഓർമ്മ കുർബ്ബാനയിൽ അഭിവന്ദ്യ താഴത്ത് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. സീറോ മലബാർ സഭയിലെ അഭിവന്ദ്യ പിതാക്കന്മാർക്കുള്ള ധ്യാനത്തിലും തുടർന്നു നടന്ന സ്ഥിരം സിനഡിലും അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പറപ്പൂർ സി.എം.സി. (ജെ.ബി.) കോൺവെന്റിൽ വി. ബലി അർപ്പിക്കുകയും മേരിമാതാ മേജർ സെമിനാരിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്ലാസ് എടുക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് മേരിമാതാ സെമിനാരിയിലെ ഡീക്കന്മാരുടെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ പിതാക്കന്മാർ വൈകിട്ട് മെത്രാന്മാരുടെ


ഓൺലൈൻ ധ്യാനത്തിൽ പങ്കെടുത്തു.

29. അഭിവന്ദ്യ പിതാക്കന്മാർ ഒക്ടോബർ 26 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ 2018 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ തിരപ്പട്ടം സ്വീകരിച്ച ബാച്ചിലുള്ള വൈദികരെ ബാച്ചടിസ്ഥാനത്തിൽ കണ്ടു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് സെന്റ് തോമസ് കോളേജിന്റെ ഒ.എസ്.എ. ഓൺലൈൻ മീറ്റിംങ്ങിന് വേണ്ടി വീഡിയോ സന്ദേശം നൽകി.

30. ഹോളിഫാമിലി സന്യാസിനീ സമൂഹത്തിലെ സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഒളരിക്കര കോൺവെന്റിൽ വച്ചു നടന്ന കൃതജ്ഞതാ ബലിയിൽ അഭിവന്ദ്യ താഴത്ത് പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു. ജൂബിലി മിഷൻ ആശുപത്രിയിൽ ഓക്സിജൻ ജനറേറ്റർ യൂണിറ്റിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കുന്നംകുളം പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. വൈകിട്ട് കാക്കശ്ശേരി പള്ളിയിൽ കൂട് തുറക്കൽ ശുശ്രൂഷക്കും വി. ബലിക്കും മുഖ്യകാർമ്മികത്വം വഹിച്ചു.

31. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി യിൽ ദിവ്യബലിയർപ്പിച്ചു. മണ്ണുത്തി ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് സെന്റ് മർത്താ കോൺഗ്രിഗേഷൻ അംഗമായ സി. അൽഫോൻസയുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മഡോണ നഗർ പള്ളിയിൽ വി. ബലി അർപ്പിക്കുകയും പള്ളിയിൽ നിന്ന് പണിത് കൊടുക്കുന്ന വീട് വെഞ്ചിരിക്കുകയും ഒരുമനയൂർ പള്ളിയിൽ വി. ബലി അർപ്പിക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് ഫാമിലി അപ്പോസ്റ്റലേറ്റിൽ ഏലീശ്വാ സഹഗമനത്തിന്റെ മീറ്റിംങ്ങിൽ സംബന്ധിച്ചു. വൈകിട്ട് കൂനംമുച്ചി പള്ളിയിൽ വി. ബലി അർപ്പിക്കുകയും ചെയ്തു.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ




## രണ്ടാം ശനിയാചരണം

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനോടുള്ള അനുസ്മരണാർത്ഥം ആചരിച്ചുവരുന്ന രണ്ടാംശനിയാചരണം നംവബർ 13 ന് ചൊവ്വന്നൂർ സെന്റ് തോമസ് ദേവാലയത്തിൽവച്ച് നടത്തുകയുണ്ടായി. ജപമാലയർപ്പണം, വി. കുർബാന, ദിവ്യകാരുണ്യാരാധന, നേർച്ചഭക്ഷണം എന്നിവ കോവിഡ് മാനദണ്ഡങ്ങളോടെ നടത്തി. അന്നേദിനം രാവിലെ 10.00 മണിക്ക് ജപമാല ചൊല്ലി പ. അമ്മയോടുള്ള ബഹുമാനം പ്രകടിപ്പിച്ചു. 10.30 ന് വി. ബലിയർപ്പണമായിരുന്നു. വി. കുർബാനയ്ക്ക് മുഖ്യകാർ

മ്മികത്വം വഹിച്ചത് പതിയാരം സെന്റ് ജോസഫ് പള്ളി വികാരി ഫാ. ജിന്റോ ചിറ്റിലപ്പിള്ളിയാണ്.
വി. ലൂക്ക 6:20 – 23 വചനങ്ങളെ ആധാരമാക്കി അദ്ദേഹം സന്ദേശം നൽകി. സുവിശേഷ ഭാഗ്യങ്ങൾക്കനുസരിച്ച് ജീവിതം നയിക്കാൻ വിളിക്കപ്പെട്ടവരാണ് നാം. അത് നമ്മുടെ ജീവിതത്തെ ലഘൂകരിക്കാൻ സഹായിക്കുമെന്ന് സ്വീഡിഷ് എഴുത്തുകാരിയായ Margareta Magnussonന്റെ "The Gentle art of Swedish death Cleaning" എന്ന പുസ്തകത്തിലെ ആശയവുമായി താരതമ്യം ചെയ്ത് പ്രബുദ്ധത നൽകി. സുവിശേഷഭാഗ്യങ്ങൾക്കനുസരിച്ച് തങ്ങളുടെ ജീവിതത്തെ ക്രമീകരിച്ചവരാണ് തിരുസഭയിലെ വിശുദ്ധർ എന്ന് അദ്ദേഹം കൂട്ടിചേർത്തു. അവർ ഈശോയെ ഭ്രാന്തമായി സ്നേഹിച്ചവരാണ്.
ഇവരിലൊരാളാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. ലാളിത്യവും എളിമയും കൈമുതലായിരുന്നതുകൊണ്ടാണ് ഇന്നും തന്റെ അടുത്തു വരുന്നവരുടെ ജീവിതാനുഭവങ്ങളിൽ പങ്കുകാരാനാകുവാൻ അദ്ദേഹത്തിന് സാധിക്കുന്നത്. തന്റെ ജീവിതകാലത്ത് തനിക്ക്വേണ്ടി ഒന്നും ശേഖരിക്കുവാൻ ശ്രമിക്കാതെ, ഈശോയ്ക്കുവേണ്ടിയും ദൈവജനത്തിനുവേണ്ടിയും ജീവിതം സമർപ്പിച്ചതിനാലാണ് സ്വർഗ്ഗം സ്വന്തമാക്കുവാൻ അദ്ദേഹത്തിന് സാധിച്ചത്. നമുക്കും ഈ പുണ്യവൈദീകന്റെ പാത പിൻതുടരാം.
ദിവ്യബലിക്ക്ശേഷം ആരാധനയായിരുന്നു. പ്രാർത്ഥനാ നിർഭരമായ ജപമാലയ്ക്കും ഭക്തിസാന്ദ്രമായ ആരാധനയ്ക്കും നേതൃത്വം നൽകിയത് തൊയക്കാവ്, മണലൂർ എന്നിവടങ്ങളിലെ ചാരിറ്റി സിസ്റ്റേഴ്സ് ആയിരുന്നു. തൊയക്കാവ് ഇടവകയിൽ നിന്നുള്ള CLC അംഗങ്ങളുടെ സാന്നിധ്യവുമുണ്ടായിരുന്നു. 12.30 നു ശേഷം നേർച്ചഭക്ഷണവും ഉണ്ടായിരുന്നു. പാറേംപ്പാടം ഇടവകയിലെ മണലിൽ ജോസ് ജാക്സനും കുടുംബവും ആയിരുന്നു ഈ മാസത്തെ എല്ലാ പരിപാടികളും ഏറ്റെടുത്തു നടത്തിയത്.

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



ഡിസംബർ മാസത്തിൽ തിരുപ്പട്ടത്തിന് നമ്മുടെ ശെമ്മാശ്ശന്മാർ ഒരുങ്ങുകയാണല്ലോ. വൈദികവിദ്യാർത്ഥികൾക്ക് അന്തോണിയച്ചൻ നല്കുന്ന ഉപദേശം ശ്രദ്ധിക്കാം. ദൈവവിളിയുടെ ഒന്നാമത്തെ അടയാളം ഉദ്ദേശ്യശുദ്ധിയാണ്. ലോകതാല്പര്യങ്ങളും മാതാപിതാക്കളുടെയും സുഹൃത്തുക്കളുടെയും പ്രേരണകളും മൂലമാണ് ഒരാൾ ദൈവവിളി തിരഞ്ഞെടുക്കുന്നതെങ്കിൽ യേശു അവനെ വിളിച്ചിട്ടില്ല എന്നോർക്കുക. ദൈവം തന്നെയാണോ തന്നെ വിളിച്ചതെന്ന് വൈദികവിദ്യാർത്ഥി പരിശോധിക്കണം. മാനുഷികമായ പരിഗണനകൾക്ക് അവിടെ സ്ഥാനമില്ല. നിന്നെ വിശുദ്ധസ്ഥലത്തേക്ക് അവരോധിക്കാൻ

സമ്മതിക്കുക വഴി നിന്നെപ്പറ്റി ദൈവത്തിനുള്ള നിത്യമായ പദ്ധതികൾ തങ്ങൾ പൂർത്തിയാക്കുകയാണ് എന്ന് നിന്റെ മേലധികാരികൾക്ക് പറയാൻ സാധിക്കട്ടെ എന്നാണ് അച്ചൻ പറയുന്നത്.

ദൈവവിളിയുടെ രണ്ടാമത്തെ അടയാളം ഉത്തമമായ ധാർമ്മികജീവിതമാണ്. തിന്മയുടെ ജീവിതവുമായി സമരസപ്പെട്ട് വൈദികവൃത്തിയിലേക്ക് പ്രവേശിക്കുന്നതിനെ കടുത്ത ഭാഷയിലാണ് അച്ചൻ വിമർശിക്കുന്നത്. "ലൗകികനായ കടന്നുകയറ്റക്കാരനെ അദൃശ്യമായ ദൈവകരം ശിക്ഷിക്കും". തെറ്റുകൾ പറ്റിപ്പോയിട്ടുണ്ടെങ്കിൽ അനുതപിച്ച് ഒരു രണ്ടാം നൈർമ്മല്ല്യം ഉണ്ടാകുമെന്ന പ്രത്യാശയിൽ വൈദികവൃത്തിയിലേക്ക് പ്രവേശിക്കാനും സഭയുടെ ദുഃഖത്തിലും നിസ്സഹായാവസ്ഥയിലും ആശ്വാസമേകാനും അച്ചൻ വൈദികവിദ്യാർത്ഥികളെ ആഹ്വാനം ചെയ്യുന്നു.

ദൈവവിളിയുടെ മൂന്നാമത്തെ അടയാളം താലന്തുകളാണ്. ഫലം പുറപ്പെടുവിക്കാൻ മാത്രമാണ് യേശുക്രിസ്തു നമ്മളെ അയക്കുന്നത് (യോഹ. 15:16). അപൂർവ്വ ജീനിയസ്സായി അറിവിൽ നീ നിറഞ്ഞിരിക്കുന്നവനല്ലെങ്കിലും ക്രിയാത്മകമായ വിശ്വസ്തതയും അറിവില്ലാത്ത നിന്റെ സഹോദരങ്ങളെ പഠിപ്പിക്കാനും ഉറപ്പിക്കാനും ആവശ്യമായ ജ്ഞാനവും നിനക്കുണ്ടാവണം. വൈദികവിദ്യാർത്ഥിയുടെ കഴിവുകളുടെ ഫലം ഉറപ്പാക്കാൻ വിശ്വസ്തതക്കു സാധിക്കുമെന്ന് അച്ചൻ കൂട്ടിച്ചേർക്കുന്നു.

പ്രാർത്ഥനാപൂർവ്വം ഓരോ വൈദികവിദ്യാർത്ഥിയും തന്റെ കാര്യത്തിൽ ദൈവേഷ്ടം എന്ത് എന്ന് വിവേചിച്ചറിയണം എന്ന് അച്ചൻ വ്യക്തമായ മാർഗ്ഗനിർദ്ദേശം നല്കുന്നു.

പൗരോഹിത്യവിളിയുടെ ഈ മൂന്ന് ആദർശങ്ങളും ജീവിച്ച അന്തോണിയച്ചൻ എല്ലാ വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും മാതൃകയാണ്. ഡിസംബർ 22ന് അച്ചന്റെ പൗരോഹിത്യസ്വീകരണത്തിന്റെ 97–ാം വാർഷികമാണ്. അച്ചന്റെ പ്രാർത്ഥനാസഹായം എല്ലാ വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും പ്രത്യേകിച്ച് നവാഭിഷിക്തർക്കും വേണ്ടി നമുക്കു യാചിക്കാം.

**ഫാ. പോൾ പുളിക്കൻ**

വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോമോൻ പൊന്തേക്കൻ | 02 |
| ഫാ. അനീഷ് നെല്ലിക്കൽ | 02 |
| ഫാ. ജോയ് മൂക്കൻ | 02 |
| ഫാ. പ്രതീഷ് കല്ലറക്കൽ | 03 |
| ഫാ. ജോസഫ് മുരിങ്ങാത്തേരി | 03 |
| ഫാ. ജോമോൻ മങ്ങാട്ടിലയൻ | 03 |
| ഫാ. വർഗ്ഗീസ് പാലത്തിങ്കൽ | 06 |
| ഫാ. റോജർ തരകൻ | 07 |
| ഫാ. നൈസൻ ഏലന്താനത്ത് | 07 |
| ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 07 |
| ഫാ. ലിറിൽ തളിയപറമ്പിൽ | 08 |
| ഫാ. ജോയ് കൂത്തൂർ | 09 |
| ഫാ. ഷാജു ചിറയത്ത് | 10 |
| ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി | 12 |
| ഫാ. സാജൻ മാറോക്കി | 12 |
| ഫാ. അജിത്ത് തച്ചോത്ത് | 13 |
| ഫാ. ഫ്രാൻസിസ് കൂത്തൂർ | 13 |
| ഫാ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി | 16 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 16 |
| ഫാ. നിബിൻ തളിയത്ത് | 17 |
| ഫാ. ജോസ് തെക്കേക്കര ജൂനിയർ | 19 |
| ഫാ. പ്രിന്റോ കുളങ്ങര | 20 |
| ഫാ. ജോൺ ചുങ്കത്ത് | 20 |
| ഫാ. ആൻസൺ നീലങ്കാവിൽ | 21 |
| ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ | 22 |
| ഫാ. ജോസഫ് അന്തിക്കാട്ട് | 23 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി ജൂനിയർ | 23 |
| ഫാ. ജസ്റ്റിൻ തടത്തിൽ | 25 |
| ഫാ. നവീൻ മുരിങ്ങാത്തേരി | 25 |

| | |
|---|---|
| ഫാ. ബെന്നി കിടങ്ങൻ | 25 |
| ഫാ. സിന്റോ പൊന്തേക്കൻ | 26 |
| ഫാ. ജോമോൻ മുരിങ്ങാത്തേരി | 27 |
| ഫാ. സിജോ കാട്ടൂക്കാരൻ | 27 |
| ഫാ. ജോയ് കൊള്ളന്നൂർ | 29 |
| ഫാ. ഡേവിസ് ചിറമ്മൽ ജൂനിയർ | 30 |
| ഫാ. ജോമോൻ ഇമ്മട്ടി | 30 |
| ഫാ. ഫെബിൻ ചിറയത്ത് | 31 |
| ഫാ. റോയ്സൺ കൊള്ളന്നൂർ | 31 |
| ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 31 |




## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് ആലപ്പാട്ട് | 03 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 03 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 03 |
| ഫാ. ഫ്രാങ്കോ കവലക്കാട്ട് | 03 |
| ഫാ. ഫ്രിന്റോ കിഴക്കേകണ്ണൻചിറ | 03 |
| ഫാ. ഫ്രാൻസിസ് കൂത്തൂർ | 03 |
| ഫാ. മേജോ മങ്ങാട്ടിലയൻ | 03 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 03 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 03 |
| ഫാ. ബാബു പാണാട്ടുപറമ്പിൽ | 03 |
| ഫാ. സേവിയർ പാണേങ്ങാടൻ | 03 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 03 |
| ഫാ. ഫ്രാങ്കോ പുത്തിരി | 03 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 03 |
| ഫാ. ഫ്രാൻസിസ് തരകൻ | 03 |
| ഫാ. ടിങ്കിൾ വാഴപ്പിള്ളി | 03 |
| ഫാ. നിക്കോളസ് പൊറത്തൂർ | 06 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 14 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 14 |
| ഫാ. ലാസർ താണിക്കൽ | 17 |
| ഫാ. സ്റ്റീഫൻ അറക്കൽ | 26 |
| ഫാ. ജോൺസൻ ഐനിക്കൽ | 27 |

| | |
|---|---|
| ഫാ. ജോൺസൻ അരിമ്പൂർ | 27 |
| ഫാ. ജോൺ ചുങ്കത്ത് | 27 |
| ഫാ. ജോജോ എടത്തിരുത്തി | 27 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 27 |
| ഫാ. ജോൺ കിടങ്ങൻ | 27 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 27 |
| ഫാ. ജോൺ മൂലൻ | 27 |
| ഫാ. ജോൺ മുളക്കൽ | 27 |
| ഫാ. ടെറിൻ മുള്ളക്കര | 27 |
| ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ | 27 |
| ഫാ. ബിജു പാണേങ്ങാടൻ | 27 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 27 |
| ഫാ. ജീജോ വള്ളൂപ്പാറ | 27 |
| ഫാ. ആൻസിൽ വെള്ളറ | 27 |

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ഗീവർഗ്ഗീസ് മാമ്പിള്ളി | 31.12.1920 |
| മോൺ. പൊറിഞ്ചു ആലപ്പാട്ട് | 13.12.1924 |
| ഫാ. പൗലോസ് കൂന്തായിൽ | 13.12.1924 |
| ഫാ. തോമസ് അക്കരപ്പറ്റി | 19.12.1944 |
| ഫാ. പോൾ ചിറയത്ത് | 14.12.1953 |
| ഫാ. ജോസഫ് തോട്ടാൻ | 06.12.1965 |
| ഫാ. ഇഗ്നേഷ്യസ് ചിറയത്ത് | 23.12.1967 |
| ഫാ. അന്തപ്പൻ വലിയവീട്ടിൽ | 02.12.1971 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി സീനിയർ | 18.12.1973 |
| ഫാ. ജോർജ്ജ് ചൂണ്ടൽ | 19.12.1990 |
| ഫാ. ആന്റണി ജീസ് ചിറമ്മൽ | 21.12.1992 |
| മോൺ. മാത്യു മുരിങ്ങാത്തേരി | 17.12.1994 |
| ഫാ. ജോസഫ് ചുങ്കത്ത് സീനിയർ | 28.12.2000 |
| ഫാ. ജോസഫ് വടക്കൻ | 28.12.2002 |
| ഫാ. ആന്റണി കണ്ണമ്പുഴ | 09.12.2019 |

## ആദരാഞ്ജലികൾ



# റവ. ഫാ. അഗസ്റ്റിൻ മംഗലം (79)

പൗരോഹിത്യത്തിന്റെ പാതയിൽ അഞ്ചു പതിറ്റാണ്ടോളം പ്രയാണം ചെയ്ത്, അനേകം ദൈവമക്കൾക്ക് ആത്മീയ വെളിച്ച മായി മാറിയ തൃശൂർ അതിരൂപത യിലെ സീനിയർ വൈദികനായ റവ. ഫാ. അഗസ്റ്റിൻ മംഗലം 2021 നവം ബർ 7ന് വൈകിട്ട് 5ന് അന്തരിച്ചു.

നന്തിക്കര മംഗലം കുടുംബത്തിലെ പരേതരായ പൊറിഞ്ചു–റോസ ദമ്പതികളുടെ മകനായി 1942 മാർച്ച് 3നു അച്ചൻ ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസ ഫ് പൊന്തിഫിക്കൽ സെമിനാരി എവിടങ്ങളിലെ വൈദികപരിശീലന ത്തിനുശേഷം 1968 ഡിസംബർ 20ന് മാർ ജോർജ്ജ് ആലപ്പാട്ടു പിതാവിൽ നിന്ന് തൃശൂർ ലൂർദ്ദ് കത്തിഡ്രലൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു. കണ്ടശ്ശാംകടവ്, പാലൂയർ ഇടവകകളിൽ സഹവികാരിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ച അഗസ്റ്റിൻ അച്ചൻ കനകമല, പൊറത്തൂർ, മങ്ങാട്, പതിയാരം, തലക്കോട്ടുക്കര, പാറന്നൂർ, തണ്ടിലം, മണ്ണൂത്തി, കൊമ്പഴ, നിർമ്മലപുരം, നെടുപുഴ, ചെങ്ങാലൂർ, സ്നേഹ പുരം, കോട്ടപ്പടി, പുത്തൻപീടിക, ചാഴൂർ, വേലൂപാടം, വൈലത്തൂർ,

കല്ലൂർ വെസ്റ്റ്, കുറ്റൂർ, അടാട്ട്, വലക്കാവ് എന്നിവിടങ്ങളിൽ വികാരിയായി സേവനം ചെയ്തിട്ടുണ്ട്. 2017 ഫെബ്രുവരി 8 മുതൽ തൃശൂർ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.

ബഹു. അഗസ്റ്റിനച്ചന്റെ മൃതശരീരം 2021 നവംബർ 8ന് തിങ്കളാഴ്ച ഉച്ചത്തിരിഞ്ഞ് 2 മണി മുതൽ 4 മണി വരെ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ പൊതുദർശനത്തിനു വെച്ചു. അതിനുശേഷം വെങ്ങിണിശ്ശേരിയിലെ മാതൃസഹോദര പുത്രൻ അക്കര അന്തോണി വർഗ്ഗീസിന്റെ ഭവനത്തിലേക്ക് കൊണ്ട് വന്നു. 2021 നവംബർ 9ന് രാവിലെ 9.15 മണിക്ക് മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗം മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ വീട്ടിൽ നിന്ന് ആരംഭിച്ചു. മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് മാർ ജെയ്ക്കബ് തൂങ്കുഴി പിതാവും മൂന്നും നാലും ഭാഗങ്ങൾക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവും മുഖ്യകാർമ്മികത്വം വഹിച്ചു.

അജപാലനകർമ്മമണ്ഡലങ്ങളിൽ ആഴമേറിയ സുഹൃദ്ബന്ധങ്ങൾ കാത്തുസൂക്ഷിച്ച അഗസ്റ്റിനച്ചൻ ആത്മീയ ജീവിതത്തിന്റ ആൾരൂപവും ലാളിത്യത്തിന്റെ നേർപകർപ്പുമായിരുന്നു. തന്റെ അജപാലന ശുശ്രൂഷ വഴി ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായ ജീവിതത്തിലൂടെ എല്ലാവർക്കും ഉത്തമ മാതൃകയായിരുന്നു.

**തീഷ്ണത നിറഞ്ഞ കഠിനാധ്വാനവും ത്യാഗപൂർണ്ണമായ സേവനങ്ങളും വഴി ദൈവജനത്തിന് മാതൃക നൽകി, സ്വർഗ്ഗീയസമ്മനത്തിനായി വിളിക്കപ്പെട്ട, മംഗലം ബഹു. അഗസ്റ്റിൻ അച്ചനു തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ**



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

ഒക്ടോബർ 2021

**1. എം.എം.ബി.**

വ്രതാർപ്പണ ജൂബിലി ആഘോഷിക്കുന്ന സഹോദരന്മാരായ ബ്രദർ വിക്ടർ കളമ്പുകാട്ടിന്റെയും ബ്രദർ യേശുദാസ് ചൂണ്ടലിന്റേയും സുവർണ്ണ ജൂബിലിയും രജത ജൂബിലി ആഘോഷിക്കുന്ന ബ്രദേഴ്സ് ജോൺ കുറ്റിക്കാട്ട്, അമൽരാജ് ആലപ്പാട്ട്, മരിയദാസ് ചിറ്റിലപ്പിള്ളി, ജെയിൻ വടക്കേടത്ത്, ബിജു വെട്ടുകാട്ടിൽ, പ്രകാശ് മണ്ണാറത്തറ, പീറ്റർദാസ് കുഴുപ്പിള്ളി എന്നിവരുടെ രജതജൂബിലിയും എം.എം.ബി.യുടെ മാതൃഭവനമായ മരിയാപുരത്തെ മിഷൻ ഹോമിൽവച്ച് ആഘോഷിക്കുകയുണ്ടായി. തൃശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് കൃതജ്ഞതാബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. എം.എം.ബി.യുടെ വികാർ ജനറൽ ബ്രദർ എഡ്വിൻ കുറ്റിക്കൽ ഏവർക്കും സ്വാഗതം ആശംസിച്ചു. തന്റെ ജൂബിലി സന്ദേശത്തിൽ ഇവർ ചെയ്ത സേവനങ്ങളെ അഭിവന്ദ്യ പിതാവ് അനുസ്മരിക്കുകയും അഭിനന്ദിക്കുകയും ചെയ്തു.

ജൂബിലി അഭിനന്ദന സമ്മേളനം അഭിവന്ദ്യ പിതാവ്

ഉദ്ഘാടനം ചെയ്തു. സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ ഏവരേയും സ്വാഗതം ചെയ്തു. പ്രൊവിൻഷ്യ ൽമാരായ ബ്രദർ ജോസ് ചുങ്കത്ത്, ബ്രദർ സോജൻ പൈകട, മരിയാ പുരം ഇടവക വികാരി ഫാ. ജോർജ്ജ് എടക്കളത്തൂർ, ബ്രദർ വിക്ടറിന്റെ സഹോദര പുത്രി സിസ്റ്റർ തെരേസ് കളമ്പുകാട്ട് എസ്.ഡി. എന്നിവർ ജൂബിലി ആഘോഷിക്കുന്ന സഹോദരന്മാർക്ക് ആശംസകൾ നേർന്നു. ബ്രദർ വിക്ടർ കളമ്പുകാട്ടും, ബ്രദർ പീറ്റർദാസ് കുഴുപ്പിള്ളിയും നന്ദി പറഞ്ഞു.

**2. സി.എം.സി.**

വി. കൊച്ചുത്രേസ്യയുടെ തിരുനാൾദിനത്തിൽ പറപ്പൂർ സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫോർമേഷൻ ഹൗസിൽ വെച്ച് 15 പോസ്റ്റുലൻസ് ആത്മീയൊരുക്കങ്ങളോടെ നോവീഷ്യറ്റിൽ പ്രവേശിച്ചു. 2–ാം തിയ്യതി ഫോർമേഷൻ ഡേ വിവിധ പരിപാടികളോടെ ഘോഷിച്ചു. പ്രൊ. കൗൺസിൽ ഇതിൽ പങ്കെടുത്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്ലിൻ സന്ദേശം നല്കി. 4–ാം തിയ്യതി ഒല്ലൂർ വിൻസെന്റ് ഡി പോൾ ഹോസ്പിറ്റലിൽ ഡയാലിസിസ് യൂണിറ്റ് തൃശ്ശൂർ അതിരൂപതാ മെത്രാപോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്ലിൻ, കൗൺസിലേഴ്സ് സി. സാലി പോൾ, സി. ഫിലോ പോൾ, സി. റാണി ജോർജ് എന്നിവർ ഈ സദ്യുദ്യമത്തിന് സാക്ഷ്യം വഹിച്ചു. കറുകുറ്റി സാൻജോ വനിൽ (ക്ലോയ്സ്റ്റേർഡ്) പ്രൊവിൻഷ്യൽ കൗൺസിൽ 6 ദിവസം പ്രാർത്ഥനയിലും ധ്യാനത്തിലും ചിലവഴിച്ചുകൊണ്ട് കൂടുതൽ ആത്മീയ ഊർജ്ജം നേടി. വി.അമ്മത്രേസ്യായുടെ തിരുനാൾദിനത്തിൽ സീനിയേഴേസ് ഡേ ഘോഷിച്ചു.16 മുതൽ 19 വരെയുള്ള ദിനങ്ങളിൽ ജൂനിയേഴ്സ് സിസ്റ്റേഴ്സിനുവേണ്ടി നടത്തിയ കോഴ്സിൽ 28 സിസ്റ്റേഴ്സ് പങ്കെടുത്തു. ഫാ. ഡെന്നി താണിക്കൽ നയിച്ച ക്ളാസുകൾ വളരെ പ്രചോദനാത്മകമായിരുന്നു. ഈ മാസം 10 ദിവസം എല്ലാ ഭവനങ്ങളിലും ആരാധനയോടുകൂടിയ ആഘോഷമായ ജപമാല നടത്തുകയും പരി. മാതാവിനോടുള്ള ഭക്തിയിൽ വളരുകയും ചെയ്തു.

**3. എഫ.സി.സി.**

ഒക്ടോബർ 7–ാം തീയതി പ്രോവിൻസ് ഡെ കോവിഡ്–19ന്റെ പ്രത്യേക പശ്ചാതലത്തിൽ വളരെ ലളിതമായി അസ്സീസിയിൽ ആഘോഷിച്ചു. പ്രോവിൻസ് ഡേയോടനുബന്ധിച്ചു നടത്തിയ പ്രാർത്ഥന ശുശ്രൂഷയിൽ live ആയി സഭാംഗങ്ങളേവരും പങ്കെടുത്തു. ഫാ. മാത്യു വെട്ടത്ത് മുഖ്യകാർമ്മികനും, അസ്സീസി ചാപ്ലെയ്ൻ ഫാ. ഡൊമിനിക് തലക്കോടനും, ഫാ. ജെയിംസ് ഇഞ്ചോടിക്കാരനും സഹകാർമ്മികരായിരുന്നു കൊണ്ട് കൃതജ്ഞതബലിയർച്ചു. അസ്സീസി പ്രൊവിൻഷ്യൽ

ഹൗസിലേക്ക് വിവിധ ആവശ്യങ്ങൾക്കായി കടന്നുവരുന്ന സിസ്റ്റേഴ്സിനെ പരിഗണിച്ച് പണിതീർത്ത ലിഫ്റ്റിന്റെ വെഞ്ചരിപ്പുകർമ്മം ഫാ. ഡൊമിനിക് തലക്കോടൻ നിർവ്വഹിക്കുകയും പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഒക്ടോബർ 9,10,16 തീയതികളിലായി സുവർണ്ണജൂബിലി യാഘോഷിച്ച ഗുരുവായൂർ ചെറുപുഷ്പാശ്രം, മനക്കൊടി വിമലമാതാ, മമ്മിയൂർ നസ്രത്ത് എന്നീ ഭവനങ്ങളിൽ തൃശൂർ അതിരൂപത മെത്രാ പ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്, സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ എന്നിവർ കൃതജ്ഞതാബ ലിയർപ്പിച്ചു. ദിവ്യബലിയിലും സ്നേഹവിരുന്നിലും മറ്റു ആഘോഷ പരിപാടികളിലും പ്രൊവിൻഷ്യൽ കൗൺസിൽ സംബന്ധിക്കുകയും ചെയ്തു. നിത്യവ്രത വാഗ്ദാനം ചെയ്യുന്ന പ്രോവിൻസിലെ എല്ലാ ജൂണിയർ സിസ്റ്റേഴ്സും ഒക്ടോബർ 9,10 തീയതികളിൽ ജറുസലേം റീട്രീറ്റ് സെന്ററിൽ നിന്ന് ഫാ. ജോ പാച്ചേരി സി.എം.ഐ. യുടെ നേതൃത്വത്തിൽ നടത്തിയ Online ധ്യാനത്തിലും ആരാധനയിലും പങ്കുചേരുകയും 11 -ാം തീയതി അതാതു ഭവനങ്ങളിൽ ദിവ്യബലി മദ്ധ്യേ വ്രതവാഗ്ദാനം നടത്തുകയും ചെയ്തു. ക്രിസ്തുജയന്തി മഹാജൂബിലി സമാപനസ്മാരകമായി ആരംഭിച്ചിരുന്ന കണ്ണാറ ജെയ്ക്രിസ്റ്റോ സ്പെഷ്യൽ സ്കൂളിന്റെ നിലവിലുള്ള കെട്ടിടം പൊളിച്ച് പുതിയതായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചിരിപ്പു കർമ്മം ഒക്ടോബർ 20-ാം തീയതി ഫാ. വർഗ്ഗീസ് ഊക്കൻ നിർവ്വഹിച്ചു. ഈ പുണ്യകർമ്മത്തിന് പ്രൊവിൻഷ്യൽ കൗൺസിൽ സാക്ഷ്യം വഹിച്ചു.

**4. എസ്.എ.ബി.എസ്.**

പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടന്റെ നാമഹേതുക തിരുന്നാൾ, ഒക്ടോബർ 1 ന് പ്രൊവിൻഷ്യൽ ഹൗസിൽവച്ച് സമുചിതമായി ആ ഘോഷിച്ചു. വി. കൊച്ചുത്രേസ്യയുടെ തിരുന്നാൾ ദിനമായ ഇന്നേ ദിനത്തിൽ 4 അർത്ഥിനികൾ ആസ്പിരൻസിയിൽ പ്രവേശിച്ചു. 7-ാം തിയ്യതി ഫാ. ബിജോയ് മുളവരിക്കൽ നയിച്ച google meet കൺവെൻഷനിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. ഒക്ടോബർ 8 മുതൽ ജനറലേറ്റിൽ ആരംഭിച്ച 40 ദിവസത്തെ ധ്യാനത്തിൽ സി.എലിസബത്ത് കുന്നേക്കാടൻ, സി. മെറിൻ മാഞ്ഞാലി, സി. മെറിൻ റോസ് വെളിയത്തുപറമ്പൻ എന്നിവർ പങ്കെടുക്കുന്നു. 16 ന് google meet വഴി നടത്തിയ സി.ആർ.ഐ. മീറ്റിംഗിൽ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയറും വികർ പ്രൊവിൻഷ്യലും എല്ലാ ലോക്കൽ സുപ്പീരിയേഴ്സും സംബന്ധിച്ചു. 'വെല്ലുവിളികൾക്കിടയിൽ ജ്വലിക്കുന്ന സന്യാസം' എന്ന വിഷയത്തെ ആസ്പദമാക്കി സന്യസ്തർക്കുവേണ്ടി 'വോയ്സ് ഓഫ് നൺസി'ന്റെ

നേതൃത്വത്തിൽ, 24 ന് മാർ ജോസഫ് പാംപ്ലാനി നയിച്ച വെബിനാറിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

## ആദരാഞ്ജലികൾ



**02.10.2021 –എഫ്.സി.സി.** മറ്റം അസംപ്ഷൻ ഭവനാംഗമായ ബഹു. സി. ദവീന (82) നിര്യാതയായി. തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരിയുടെ മുഖ്യ കാർമ്മികത്വത്തിൽ മറ്റം അസംപ്ഷൻ മഠം കപ്പേളയോട് ചേർന്നുള്ള മൃതദേഹം സംസ്ക്കരിച്ചു.



**06.10.2021 –സി.എം.സി**. ഒല്ലൂർ വിൻസെന്റ് ഡി പോൾ ഭവനാംഗമായ സി. ട്രിനിറ്റ നിര്യാതയായി. തൃശ്ശൂർ അതിരൂപത മെത്രാപോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ ഒല്ലൂർ ഫാത്തിമ മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**06.10.2021–എസ്.എ.ബി.എസ്.** തൃശ്ശൂർ നിർമ്മൽ റാണി പ്രോവിൻസിലെ നെന്മണിക്കര ഭവനാംഗമായ സി.ആഞ്ചല (82) നിര്യാതയായി. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പടവരാട് ശാന്തി ഭവൻ മഠത്തോട് ചേർന്നുള്ള സെമിത്തേരിയിൽ മൃതസംസ്ക്കാര കർമ്മം നടത്തി.

## ആദരാഞ്ജലികൾ



**12.10.2021 –സി.എം.സി**. ചൂണ്ടൽ സാൻതോം ഭവനാംഗമായ സി. വിജയ നിര്യാതയായി തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യ കാർമികത്വത്തിൽ ചൂണ്ടൽ സാൻതോം മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**13.10.2021–എഫ്.സി.സി.** ഗുരുവായൂർ ലിസ്യു ഭവനാംഗമായ ബഹു. സി. സൈമൺ (82) നിര്യാതയായി. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ഗുരുവായൂർ ലിസ്യു മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**15.10.2021 –എഫ്.സി.സി.** പുത്തൻപീടിക പാദുവ ഭവനാംഗമായ ബഹു. സി. എലനോറ (80 ) നിര്യാതയായി. തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മുണ്ടൂർ സെന്റ് ഫ്രാൻസിസ് മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**21.10.2021 –സി.എം.സി**. ഒല്ലൂർ വിൻസെന്റ് ഡി പോൾ ഭവനാംഗമായ സി.നീസൽ നിര്യാതയായി. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ മചിയ്യാരം ലേഡി വിക്ടറി മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**26.10.2021 – എഫ്.സി.സി.** തൃശൂർ എം.ഐ ഭവനാംഗമായ ബഹു. സി. വാൾട്രൂദ് (80) നിര്യാതയായി. തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാ വിന്റെ മുഖ്യ കാർമ്മികത്വത്തിൽ ബ്രഹ്മ കുളം സെന്റ് ക്ലെയേഴ്സ് മഠം കപ്പേള യോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**30.10.2021 –എഫ്.സി.സി.** തൃശൂർ എം.ഐ. ഭവനാംഗമായ ബഹു. സി. ഗ്രസിലിയാൻ (83) നിര്യാതയായി. തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരിയുടെ മുഖ്യ കാർമ്മികത്വത്തിൽ വെങ്ങിണിശ്ശേരി പി. എച്ച് മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.

**സി. റോസ് അനിത എഫ്.സി.സി.**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

# സാമ്പത്തിക കാര്യാലയം

**കൈക്കാരന്മാരുടേയും കണക്കെഴുത്തുക്കാരുടേയും യോഗ റിപ്പോർട്ട്**

തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിലെ കൈകാരന്മാരുടേയും കണക്കെഴുത്തുകാരുടെയും ഒരു സംയുക്തയോഗം **2021 നവംബർ 13ന്, ശനിയാഴ്ച ഉച്ചക്ക് 2.00 മണിക്ക്** D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുകയുണ്ടായി. ഏകദേശം 250 അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ഫാ. വർഗീസ് കുത്തൂർ സ്വാഗതം ആശംസിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് ആമുഖ പ്രഭാഷണം നടത്തി. യോഗം അഭിവന്ദ്യപിതാവ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. വിവിധ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് പിതാവ് മറുപടിനൽകി. ശ്രീ.ടി.കെ.അന്തോണികുട്ടി തെരട്ട് സംബന്ധമായ കാര്യങ്ങളെകുറിച്ച് സംസാരിക്കുകയുണ്ടായി. പള്ളികളും മതസ്ഥാപനങ്ങളും കണക്കുകൾ എഴുതുമ്പോൾ പാലിക്കേണ്ട Income Tax, GST, TDSഎന്നി നിയമങ്ങളെക്കുറിച്ച് Chartered Accountant ശ്രീ.ജോസഫ് കാങ്കപ്പാടൻ ക്ലാസ്സെടുത്തു. ഈ യോഗത്തിൽവെച്ച് ദുഃഖ വെള്ളി, മിഷൻ ഞായർ, പിരിവുകൾക്ക് സമ്മാനാർഹരായ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും ട്രോഫികൾ വിതരണം ചെയ്തു. ഫാ. ലിൻസൻ തട്ടിൽ സദസ്സിന് നന്ദി പ്രകാശിപ്പിക്കുകയും തുടർന്ന് സ്നേഹ വിരുന്നോടുകൂടി യോഗം സമാപിക്കുകയും ചെയ്തു.

**ഫാ. ലിൻസൺ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

# പാലയൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം

**1. മാർ തോമാ ശ്ലീഹായുടെ ഭാരത പ്രവേശന തിരുന്നാൾ**

പാലയൂർ മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്ര ത്തിൽ മാർ തോമാ ശ്ലീഹായുടെ ഭാരത പ്രവേശന തിരുന്നാൾ സമുചി തമായി ആഘോഷിച്ചു. തിരുന്നാൾ ആഘോഷമായ ദിവ്യബലിക്ക് സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ആർച്ച് പ്രീസ്റ്റ് ഫാ. വർഗീസ് കരിപ്പേരി, സഹ വികാരി ഫാ. നിർമ്മൽ അക്കര പട്ട്യേക്കൽ എന്നിവർ സഹകാർമ്മികരാ യിരുന്നു. തീർത്ഥകേന്ദ്രത്തിൽ എത്തിച്ചേരുന്ന വിശ്വാസികൾക്ക് കയറി പ്രാർത്ഥിക്കാനും മാർ തോമാ ശ്ലീഹായെ വണങ്ങാനുമുള്ള മാർ തോമാ ശ്ലീഹായുടെ വലിയ രൂപമടങ്ങിയിട്ടുള്ള പീഠം തീർത്ഥ കേന്ദ്ര നടപ്പുര യിൽ സ്ഥാപിച്ചിരിക്കുന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആശിർവദിച്ചു വിശ്വാസികൾക്ക് തുറന്നു കൊടുത്തു.

**2. സി.ബി.സി.ഐ. ഹെൽത്ത് കമ്മീഷൻ സന്ദർശനം**

ഭാരത കാത്തോലിക്കാ ബിഷപ്പ് സമിതിയുടെ ആരോഗ്യ വിഭാഗം ചെയർമാനും മറ്റു അംഗങ്ങളും പാലയൂർ മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ സന്ദർശനം നടത്തി. ഹെൽത്ത് കമ്മീഷൻ ചെയർമാനും വിശാഖ പട്ടണം ആർച്ച് ബിഷപ്പുമായ ഡോ. പ്രകാശ് മല്ലവരപ്പു പിതാവും കമ്മീഷൻ അംഗമായ റാഞ്ചി ആർച്ച് ബിഷപ്പ് ഡോ. ഫെലിക്സ് ടോപ്പോ പിതാവും സെക്രട്ടറിയും അമല ഹോസ്പിറ്റൽ ഡയറക്ടറുമായ ഫാ. ജൂലിയസ് അറയ്ക്കൽ CMI എന്നിവ രുടെ നേതൃത്വത്തിൽ മറ്റു ഹെൽത്ത് കമ്മീഷൻ പ്രവർത്തകരും തീർത്ഥ കേന്ദ്ര സന്ദർശനത്തിലും പ്രാർത്ഥനയിലും പങ്കെടുത്തു. തീർത്ഥാടകരെ ആർച്ച്പ്രീസ്റ്റ് ഫാ. വർഗീസ് കരിപ്പേരിയുടെ നേതൃത്വത്തിൽ സ്വീകരിച്ചു.

**ശ്രീ. ജോസ് സി.കെ.**
പിആർഒ

**ഫാ. വർഗീസ് കരിപ്പേരി**
ആർച്ച് പ്രീസ്റ്റ്

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ സ്നേഹമുള്ള കുട്ടികളെ,

ഏറെ സന്തോഷം നിറഞ്ഞ കാലഘട്ടമാണ് ക്രിസ്തുമസ് കാലഘട്ടം. ഈശോയുടെ ജനനത്തിരുനാളിന് ഒരുക്കമായുള്ള ഈ കാലഘട്ടം പ്രകൃതി പോലും പ്രത്യേകമായ ഒരു ആനന്ദത്തിലേക്ക് പ്രവേശിക്കുന്നതുപോലെ തോന്നാറില്ലേ? നിങ്ങളുടെ ഭവനങ്ങളിലും നീണ്ട ഒരുക്കത്തിന്റെയും ആഘോഷ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന്റെയുമൊക്കെ കാലഘട്ടമാണല്ലോ ക്രിസ്തുമസ്? സമ്മാനപ്പൊതികളും അലങ്കാരങ്ങളും വെളിച്ചവുമെല്ലാം കഥ പറയുന്ന ഒരു കാലഘട്ടം കൂടിയാണ് ക്രിസ്തുമസ്കാലം.

ഈശോയുടെ ജനനത്തോടനുബന്ധിച്ചുള്ള വിശുദ്ധ ഗ്രന്ഥവായനകളിൽ നാം ധ്യാനിക്കുന്ന വ്യക്തികളാണ് പരിശുദ്ധ കന്യകാമറിയം, വിശുദ്ധ യൗസേപ്പിതാവ്, ജ്ഞാനികൾ, ആട്ടിടയന്മാർ എന്നിവർ. ഇവരുമായി ബന്ധപ്പെട്ടുള്ള വിശുദ്ധ ഗ്രന്ഥഭാഗങ്ങളിലൂടെ ക്രിസ്തുമസിന് ഒരുങ്ങേണ്ടത് എങ്ങനെയെന്ന് നമുക്ക് മനസ്സിലാക്കാം. വിശുദ്ധ ഗ്രന്ഥത്തിൽ പരിശുദ്ധ കന്യകാമറിയവും വിശുദ്ധ യൗസേപ്പിതാവും ഈശോയുടെ ജനനത്തിന് ഒരുങ്ങിയതെങ്ങനെയെന്ന് സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ്: "ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ. 1:38) "കർത്താവിന്റെ ദൂതൻ കൽപിച്ചതുപോലെ പ്രവർത്തിച്ചു." (മത്താ. 1:24). പരിശുദ്ധ കന്യകാമറിയവും വിശുദ്ധ യൗസേപ്പിതാവും ദൈവത്തിന്റെ വചനം ശ്രവിച്ചവരും, വിശ്വസിച്ചവരും, അത് അനുസരിച്ചവരുമായിരുന്നു. അതായിരുന്നു ഈശോയുടെ ജനനത്തിനായുള്ള ഒരുക്കത്തിന്റെ ഭാഗമായി അവർ ചെയ്തത്. അതുകൊണ്ട് ഈശോയുടെ ജനനത്തിരുനാളിനൊരുങ്ങുന്ന കുട്ടികളായ നിങ്ങളോരോരുത്തരും ഈശോയുടെ വചനങ്ങൾ ശ്രവിക്കുന്നവരും ഹൃദിസ്ഥമാക്കുന്നവരും അത് അനുസരിക്കുന്നവരുമാകാൻ പരിശ്രമിക്കണം. ക്രിസ്തുമസ്സിനു ഒരുക്കമായുള്ള 25 ദിവസങ്ങളിൽ ദൈവവചനങ്ങൾ പഠിക്കാനും [illegible]

നടത്താനും കുട്ടികളായ നിങ്ങൾ പരിശ്രമിക്കണം.

രണ്ടാമതായി, വിശുദ്ധ ഗ്രന്ഥത്തിൽ നാം കണ്ടുമുട്ടുന്ന വ്യക്തികളാണ് ജ്ഞാനികൾ. തങ്ങളുടെ ബൗദ്ധികശക്തിയാൽ ഈശോയുടെ ജനനത്തെക്കുറിച്ച് അറിഞ്ഞ് ഈശോയെ കാണുന്നതിനായി ഇറങ്ങിത്തിരിച്ചവരാണ് ജ്ഞാനികൾ. എന്നാൽ, തങ്ങളുടെ ബൗദ്ധിക വിജ്ഞാനത്തെ പിന്തുടർന്ന് യാത്രചെയ്ത് ഹേറോദേസിന്റെ കൊട്ടാരത്തിലും തുടർന്ന് ബെത്‌ലെഹെമിലും അവർ എത്തിച്ചേർന്നു. ഈശോയുടെ ജനനത്തിലുള്ള സന്തോഷത്തിൽ പങ്കുചേർന്നു. എന്നാൽ, ഈശോയെ നശിപ്പിക്കാൻ പരിശ്രമിക്കുന്ന ഹേറോദേസിനോട് കൂട്ടുചേരാതെ അവർ തിരികെപോകുകയും ചെയ്തു. ഈശോയെ നഷ്ടപ്പെടുത്തുന്ന, ദൈവരാജ്യത്തിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന, ദൈവത്തിന്റെ ആലയമായ നമ്മുടെ ശരീരത്തെ തിന്മയിലേക്ക് നയിക്കുന്ന, എല്ലാറ്റിലും നിന്നു മാറിനടക്കാൻ ക്രിസ്തുമസ്സിന് ഒരുക്കമായുള്ള 25 ദിവസവും തുടർന്നും നാം ശ്രദ്ധിക്കണം. നന്മയിൽ വളരാൻ സഹായകമല്ലാത്ത സൗഹൃദങ്ങൾ, ചില ദുശ്ശീലങ്ങൾ തുടങ്ങിയവ ഒഴിവാക്കാനും ചില പുണ്യങ്ങൾ അഭ്യസിക്കാനും നിങ്ങൾ ശ്രദ്ധിക്കണം. പ്രത്യേകമായി മൂലപാപങ്ങൾക്കെതിരായുള്ള പുണ്യങ്ങൾ അഭ്യസിക്കാൻ ഈ കാലഘട്ടത്തിൽ പ്രത്യേകം ശ്രദ്ധിക്കാം. അങ്ങനെ അഭ്യസിക്കാനാരംഭിക്കുമ്പോൾ കോപിക്കുന്ന ഒരു വ്യക്തി ക്ഷമിക്കാനും മടിയുള്ള വ്യക്തി ഉത്സാഹത്തോടെ പ്രവർത്തികൾ ചെയ്യാനും പരിശ്രമിക്കണം. ഇപ്രകാരം നിങ്ങളിലുള്ള മൂലപാപങ്ങൾക്കെതിരായുള്ള പുണ്യങ്ങൾ വളർത്താൻ നിങ്ങൾ പരിശ്രമിക്കണം. ഇപ്രകാരമുള്ള പരിശ്രമം നിങ്ങളിൽ നന്മകൾ വളരുന്നതിനും അതോടൊപ്പം ഈശോയ്ക്ക് വസിക്കാനുതകുന്ന നല്ല ആലയമായി നിങ്ങൾ രൂപാന്തരപ്പെടുന്നതിനും കാരണമാകട്ടെ.

മൂന്നാമതായി, നാം ധ്യാനിക്കുക ആട്ടിടയരെക്കുറിച്ചാണ്. ആട്ടിടയരെ ഈശോയുടെ ജനനത്തെക്കുറിച്ചുള്ള സദ്വാർത്ത അറിയിക്കുന്നവേളയിൽ ദൈവത്തിന്റെ ദൂതൻ അവരെ അഭിസംബോധനചെയ്ത് പറയുന്നതിപ്രകാരമാണ്: "ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു" (ലൂക്ക. 2:10). ക്രിസ്തുമസ് ആഘോഷങ്ങളുടെ കാലഘട്ടമാണ്. ഈ കാലഘട്ടത്തിൽ നമ്മുടെ ചുറ്റും ബുദ്ധിമുട്ട് അനുഭവിക്കുന്നവരെയും വേദനിക്കുന്നവരെയും കാണാനും

അവർക്ക് സന്തോഷം നൽകുന്ന സദ്വാർത്തയായി മാറാനും നിങ്ങൾ ക്കോരോരുത്തർക്കും സാധിക്കണം. ക്രിസ്തുമസ് കാലഘട്ടത്തിലെ പ്രത്യേകതകളാണ് ക്രിസ്തുമസ് ഫ്രണ്ടിനുവേണ്ടി പ്രാർത്ഥിക്കു ന്നതും സമ്മാനങ്ങൾ കൈമാറുന്നതും. ഈ ക്രിസ്തുമസ് കാലഘ ട്ടത്തിലും നമ്മുടെ ചുറ്റുമുള്ളവരിൽ സഹായം ആവശ്യമുള്ളവരെ സഹായിക്കാനും അവർക്ക് സന്തോഷം നൽകുന്ന അനുഭവം സമ്മാ നിക്കാനും നിങ്ങൾ പരിശ്രമിക്കണം. നമ്മുടെ അതിരൂപതയിലെ കാരുണ്യത്തിന്റെ ആഘോഷമായ ബോൺ നത്താലയോടനുബ ന്ധിച്ച് അതിരൂപതയിലും ഇടവകകളിലും അനേകം കാരുണ്യ പ്രവർത്തികൾ നടത്താറുണ്ട്. നിങ്ങളും ക്രിസ്തുമസ് ആഘോഷ ങ്ങളുടെ നടുവിലും മറ്റുള്ളവരെ സഹായിക്കാനുള്ള എളിയ പരി ശ്രമം നടത്തണം

സ്നേഹമുള്ള കുട്ടികളേ, ഈ ക്രിസ്തുമസ് കാലഘട്ടം ദൈവവചനത്തോട് വിധേയരായി, വിശ്വസ്തരായി, ഈശോ യിലേക്ക് വളരാൻ സഹായിക്കാത്ത എല്ലാറ്റിനെയും ഒഴിവാക്കി, ഈശോയിലേക്ക് വളരാൻ സഹായിക്കുന്ന എല്ലാറ്റിനെയും സ്വീകരിച്ച്, ചുറ്റുമുള്ളവരിൽ ഈശോയുടെ സാന്നിധ്യത്തെ തിരിച്ച റിഞ്ഞ്, അവർക്ക് കാരുണ്യത്തിന്റെ കരുതലായി മുന്നേറുന്ന ഒരു ക്രിസ്തുമസ് കാലഘട്ടം നിങ്ങൾ ക്കോരോരുത്തർക്കും ആശംസി ക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

+ Andrews mar Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

ക്രിസ്തുമസ്സിനെ വരവേൽക്കാൻ നാടെല്ലാം ഉണർന്നുകഴിഞ്ഞു. ദൈവപിതാവിന് സ്തുതികളർപ്പിക്കുക. ഒരേ ദൈവപിതാവിന്റെ മക്കളെന്ന് പരസ്പരം അംഗീകരിച്ച് സാഹോദര്യത്തിൽ വർത്തിക്കുക – ഭൂമിയിൽ മനുഷ്യർക്ക് സമാധാനമുണ്ടാകാനുള്ള വഴികൾ ഈശോ ഇതാ തുറന്നിട്ടിരിക്കുന്നു. "ഞങ്ങളുടെ ഇടയിൽ നിന്റെ സമാധാനവും ഹൃദയങ്ങളിൽ ശാന്തിയും പുലർത്തണമേ" എന്ന വി. കുർബാനയിലെ

പ്രാർത്ഥന നമ്മിൽ യാഥാർത്ഥ്യമാകാൻ, ദൈവപുത്രൻ വന്നുപിറക്കുന്നതിന് നമ്മുടെ ഹൃദയപുൽക്കൂടുകൾ നമുക്ക് ഒരുക്കാം. ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ മംഗളങ്ങളും അനുഗ്രഹങ്ങളും എല്ലാവർക്കും ആശംസിക്കുന്നു.

**1. ആപ്റ്റിറ്റ്യൂഡ് പരീക്ഷ 2021 - 22**

**യൂണിറ്റ് തലം –** 2021 ഡിസംബർ 5, ഞായർ – 03.00 PM - 04.30 PM

**പഠനഭാഗം: വിശ്വാസവഴിയിലെ സംശയങ്ങൾ**

**ഭാഗം 7, 8, 9, 10, 11 (പേജ് നമ്പർ 203-277)**

**അതിരൂപതാതലം –** 2022 ജനുവരി 2, ഞായർ– 02.30 PM - 04.30 PM

**അധിക പാഠ്യ ഭാഗം –** വെളിപാട് 1, 2, 3 അധ്യായങ്ങൾ

**ആപ്റ്റിറ്റ്യൂഡ് പുനഃപരീക്ഷ:** 2022 ജനുവരി 2 ഞായർ, 03.00 PM - 04.30 PM

**2. ആപ്റ്റിറ്റ്യൂഡ് അതിരൂപതാതല പരീക്ഷക്കായി ചെയ്യേണ്ട കാര്യങ്ങൾ:**

**യോഗ്യത:** 50 മാർക്കിൽ 44 ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച അധ്യാപകർക്ക് അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

- ♦ ഡിസംബർ 20 നുള്ളിൽ യൂണിറ്റുതല പരീക്ഷയുടെ മാർക്ക് എൻട്രി സോഫ്റ്റ് വെയറിൽ നടത്തുക.
- ♦ അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കുന്ന അധ്യപകരെ സോഫ്റ്റ് വെയറിൽ 24–ാം തിയതിക്കകം സെലക്ട് ചെയ്യുക.
- ♦ ഡിസംബർ 29 –ാം തിയതി മുതൽ സോഫ്റ്റ് വെയറിൽ നിന്നും ഹാൾടിക്കറ്റ് എടുക്കാവുന്നതാണ്.
- ♦ പരീക്ഷക്ക് വരുന്ന അധ്യാപകരുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ് (ആവശ്യമായ ഒപ്പുകൾ സഹിതം)

**3. സർവ്വീസ് അവാർഡ് & മെറിറ്റ് ഡേ**

തിയതി: **2022 ജനുവരി 26 ബുധൻ**

സ്ഥലം : **ഡി ബി സി എൽ സി**

ഈ വർഷത്തെ അവാർഡ് ദിനം പതിവുപോലെ **2022 ജനുവരി 26 ബുധനാഴ്ച തന്നെ നടത്താൻ** ഉദ്ദേശിക്കുന്നു. അവാർഡിന് അർഹരായ വിശ്വാസപരിശീലകരുടേയും വിദ്യാർത്ഥികളുടേയും പേരുവിവരങ്ങൾ വാട്സാപ്പ് ഗ്രൂപ്പുകളിലും വിശ്വാസപരിശീലന ബ്ലോഗിലെ നോട്ടീസ് ബോർഡിലും കൊടുക്കുന്നതാണ്. താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളാണ് അന്ന് നല്കുന്നത്.

1. Service Award (15, 25, 35, 45 Years)
2. Full Attendance of Teachers (10, 15, 25, 35, 45 years)
3. Retired Teachers 2020-21

4. Archdiocesan Level Aptitude Examination Rank Holders
5. ACC & XII Common Examination Rank Holders (1 to 15 Ranks)
6. Full Attendance of Students (Std. 1 to ACC)

## 4. ACC Convocation

ഈ വർഷവും അതിരൂപതാതലത്തിൽ എ സി സി കോൺവൊക്കേഷൻ ഉണ്ടായിരിക്കുന്നതല്ല. പകരം യൂണിറ്റുകളിൽ സർട്ടിഫിക്കറ്റ് വിത രണം നടത്തേണ്ടതാണ്. പ്രിൻസിപ്പൽ കോൺഫ്രൻസിനു വരുമ്പോൾ സർട്ടിഫിക്കറ്റുകൾ യൂണിറ്റുകളിലേക്ക് കൊണ്ടുപോകാവുന്നതാണ്.

## 5. Basic CTC

ഡിസംബർ മാസത്തിലെ രണ്ട് ഞായറാഴ്ച (ഡിസംബർ 12,19)കളിൽ മാത്രമായി നടത്തുന്നു. 2018 – 19 കാലഘട്ടത്തിൽ പണമടച്ച് രജിസ്റ്റർ ചെയ്തവർക്കുമാത്രമാണ് ഈ ബാച്ചിൽ പങ്കെടുക്കാവുന്നത്.

**സമയം:** കാലത്ത് 9 മണി മുതൽ വൈകിട്ട് 5 വരെ.

വി. കുർബാനയും ഭക്ഷണവും ഉണ്ടായിരിക്കുന്നതാണ്.

**സ്ഥലം:** ഡി ബി സി എൽ സി

## 6. UNIT VISIT

യൂണിറ്റ് വിസിറ്റ് ഭംഗിയായി നടത്താൻ സഹകരിച്ച എല്ലാ അധ്യാപകർക്കും പ്രത്യേകം നന്ദി പറയുന്നു. യൂണിറ്റ് വിസിറ്റ് ടീമംഗങ്ങൾക്കായി ഒരു മീറ്റിംഗ് **ഡിസംബർ 12 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3** മണിമുതൽ **ഡിബിസിഎൽസി** യിൽ വെച്ച് കൂടുന്നു. യൂണിറ്റ് വിസിറ്റിന് പോയി സഹകരിച്ച എല്ലാ അധ്യാപകരേയും ഈ മീറ്റിംഗിലേക്ക് സ്വാഗതം ചെയ്യുന്നു. യൂണിറ്റ് വിസിറ്റ് റിപ്പോർട്ടുകൾ എല്ലാം അന്നു തന്നെ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**ഏവർക്കും നല്ല ഒരു ക്രിസ്തുമസ്ക്കാലം ആശംസിക്കുന്നു.**

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
*അസി. ഡയറക്ടർമാർ*

**ഫാ. ഫ്രാൻസിസ് ആളൂർ**
*ഡയറക്ടർ*

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies**
(affiliated to Katholicke Universiteit, Leuven, Belgium):

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- ഈ കോഴ്സിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചകളിലും 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PM വരെയും നടത്തപ്പെടുന്നു. 2021 –2022 അദ്ധ്യായനവർഷത്തിലെ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. Introduction to the Judaism (Rev. Dr. Demin Tharayil), Marriage Procedural Law of the Church (Rev. Dr. Francis Aloor), എന്നീ ക്ലാസ്സുകൾ കഴിഞ്ഞ മാസം നടന്നു. ആദ്യസെമസ്റ്റർ പരീക്ഷകൾ നവംബർ, ഡിസംബർ മാസങ്ങളിലായി നടക്കുന്നു.

**2. Certificate Course in Theology** (affiliated to Chair for Christian Studies and Research, Calicut University)

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- 24 വിഷയങ്ങളുള്ള കോഴ്സാണിത്.
- ബോധന മാദ്ധ്യമം: മലയാളം
- മാസംതോറും രണ്ടു ഞായറാഴ്ചകളിലായി രണ്ടു ക്ലാസ്സുകൾ.
- ഒരു വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

ഈ വർഷത്തെ Certificate Course-ൽ 74 പേരാണ് പങ്കെടുക്കുന്നത്. യുഗാന്ത്യദൈവശാസ്ത്രം (Rev. Dr. Sebastian Chalakkal), വിശുദ്ധ പൗലോസിന്റെ ലേഖനങ്ങൾ (Rev. Dr. Vincent Alappat) എന്നീ ക്ലാസ്സുകൾ നവംബർ മാസത്തിൽ നടന്നു.

**3. Advanced Certificate Course in Theology** (affiliated to Chair for Christian Studies and Research, Calicut University):

സന്യാസിനികൾക്കായി Theology Course ന്റെ ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ നടക്കുന്നു.

- ആറുമാസം നീണ്ടുനിൽക്കുന്നു.

- ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ നടക്കുന്നു.
- സന്യാസിനികൾക്കു മാത്രം.

## 4. Catechumenate Course

പുതിയതായി കത്തോലിക്കാ സഭയിൽ ചേരുന്നവർക്കുള്ള വിശ്വാസപരിശീലന കോഴ്സുകൾ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. വിവാഹത്തോടനുബന്ധിച്ച് കത്തോലിക്കവിശ്വാസം സ്വീകരിച്ചവർക്ക് കൂടുതൽ ആഴമുള്ള വിശ്വാസരൂപീകരണത്തിന് ഈ കോഴ്സ് ഉപകരിക്കും. ഇടവകകളിൽനിന്ന് അത്തരക്കാരെ ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

## 5. Basic CTC

നിയമിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരിശീലകരും അതിരൂപതാ ദൈവശാസ്ത്രവിദ്യാപീഠം ഒരുക്കിയിട്ടുള്ള വിശ്വാസപരിശീലകർക്കുള്ള അടിസ്ഥാനപരിശീലനകോഴ്സിൽ (Basic CTC) പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടണം.

ഡിസംബർ 12, 19 ഞായറാഴ്ചകളിൽ കഴിഞ്ഞ വർഷം രജിസ്ററർ ചെയ്തവർക്കുള്ള Basic CTC നടക്കും.

## 6. Advanced CTC

വിശ്വാസവിഷയങ്ങൾ പഠിപ്പിക്കുന്നതിന് കുറെകൂടി ആഴമായ പരിശീലനം വിശ്വാസപരിശീലകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴ്സ് ആണിത്. TTC, B.Ed എന്നീ കോഴ്സുകൾ ചെയ്തിട്ടില്ലാത്ത വിശ്വാസപരിശീലകരെയാണ് പ്രധാനമായും ഈ കോഴ്സിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് ഊന്നൽ കൊടുത്തിട്ടുള്ളതാണ് ഇത്. ഇതിന് Institute of Theology യുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കും. വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

## 7. Course on Theology of Family

- തൃശ്ശൂർ അതിരൂപതയിലെ ദമ്പതികൾക്കുവേണ്ടി കുടുംബദൈവശാസ്ത്രത്തെകുറിച്ചുള്ള കോഴ്സ്
- ഒരുവർഷത്തെ കോഴ്സാണിത്.
- ജനുവരിയിൽ ആരംഭിക്കുന്നു.
- ആദ്യം റെജിസ്റ്റർ ചെയ്യുന്ന 50 ദമ്പതികൾക്ക് അവസരം
- കൂടുതൽ വിവരങ്ങൾ അറിയുന്നതിന് Institute of Theology ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

**1. ജപമാല മാസാചരണം**

ജപമാല മാസാചരണത്തിന്റെ ഭാഗമായി പരിശുദ്ധ ജപമാലരാജ്ഞിയുടെ തിരുനാളായ ഒക്ടോബർ 7–ാം തീയതി മുതൽ 16–ാം തീയതി ഉൾപ്പെടെയുള്ള പത്തു ദിവസങ്ങളിൽ പരിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ച് വിവിധ നിയോഗങ്ങൾ സമർപ്പിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ജപമാല മാസത്തിന്റെ സമാപനത്തോടനുബന്ധിച്ച് ഒക്ടോബർ 31–ാം തീയതി തിരികൾ തെളിയിച്ച് ആഘോഷമായ ജപമാല പ്രദക്ഷിണവും നടത്തി.

**2. ഡീക്കന്മാരുടെ യാത്രയയപ്പ്**

ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി ശുശ്രൂഷ രംഗത്തേക്ക് ഇറങ്ങുന്ന എല്ലാ ഡീക്കന്മാർക്കും ഒക്ടോബർ 28 –ാം തീയതി യാത്രയയപ്പ് നൽകുകയുണ്ടായി. അന്നത്തെ ദിവ്യബലിമധ്യേ മുളയം ഡിവൈൻ യൂണിയൻ വൊക്കേഷനറി റെക്ടർ ഫാ. സതീഷ് കാഞ്ഞിരപ്പറമ്പിൽ SDV വചനസന്ദേശം നൽകി. വൈകുന്നേരം 6.30 ന് ആരംഭിച്ച യാത്രയയപ്പ് സമ്മേളനത്തിൽ ഫാ. ഫ്രീജോ പാറയ്ക്കൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. വൈദികരെ പ്രതിനിധീകരിച്ച് ഫാ. ഡേവിസ് കാവുങ്കൽ ഡീക്കന്മാർക്ക് ആശംസകൾ നേർന്നു. ബ്രദർ നിതിൻ പൊന്നാരി ബ്രദേഴ്സിന്റെ ഭാഗത്തുനിന്നുള്ള ആശംസകളും അറിയിച്ചു. നന്ദിസൂചകമായി ഡീക്കന്മാർക്ക് മെമെൻേറാ സമ്മാനിക്കുകയും ചെയ്തു.

**3. മാസധ്യാനം**

സെമിനാരി വിദ്യാർത്ഥികളുടെ ആത്മീയ ഉന്നമനത്തിനായുള്ള മാസധ്യാനം ഒക്ടോബർ 29, 30 തീയതികളിൽ നടത്തപ്പെട്ടു. മേരിമാതാ മേജർ സെമിനാരിയിലെ പൂർവ്വ വിദ്യാർത്ഥിയും എറണാംകുളം–അങ്കമാലി അതിരൂപതാംഗവുമായ ബഹുമാനപ്പെട്ട ഫാ. ജൂലിയസ് കറുകൻതറ ധ്യാനചിന്തകൾ പങ്കുവെച്ചു.

**4. കുടുംബദിനം**

**ഉദയം 2K21** എന്ന് നാമകരണം ചെയ്യപ്പെട്ട ഈ വർഷത്തെ കുടുംബദിനത്തോടനുബന്ധിച്ചുള്ള കലാമത്സരങ്ങൾ നവംബർ 1, 2 തീയതികളിൽ സംഘടിപ്പിക്കുകയുണ്ടായി. എല്ലാ സഹോദരങ്ങളും മത്സരങ്ങ

ളിൽ ആവേശപൂർവ്വം പങ്കുചേർന്നു. നവംബർ മൂന്നാം തീയതി കുടുംബ ദിനമായി ആചരിച്ചു. പ്രഭാതത്തിലെ ആഘോഷമായ ദിവ്യബലിയിൽ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് മുഖ്യകാർമികത്വം വഹിക്കുകയും അർത്ഥസമ്പുഷ്ടമായ വചനസന്ദേശം നൽകുകയും ചെയ്തു. ഉച്ചയ്ക്ക് 12 മണിക്ക് സെമിനാരി കുടുംബം പ്രാർത്ഥനാ ശുശ്രൂഷയ്ക്കായി ഒന്നുചേർന്നു. വൈകീട്ട് നടന്ന കുടുംബദിന സമാപന കൂട്ടായ്മയിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും സന്നിഹിതരായിരുന്നു. കുടുംബദിനത്തോടനുബന്ധിച്ചുള്ള മത്സരങ്ങളിൽ വിജയികളായവർക്കും കഴിഞ്ഞ അധ്യയന വർഷം ഉന്നതവിജയം കരസ്ഥമാക്കിയവർക്കുമുള്ള സമ്മാനങ്ങൾ പ്രസ്തുത കൂട്ടായ്മയിൽ വച്ച് വിതരണം ചെയ്തു.

**5. ബേഴ്സ് സ്ഥാപിച്ചവർ**

## Patron Membership

1. ശ്രീമതി ആഗ്നസ് പോൾ, പാലിയേക്കര ഹൗസ്, ചിയ്യാരം, തൃശൂർ.

## Benefactor Membership

1. ശ്രീ. ജോസഫ് പുതുശ്ശേരി, പുതുശ്ശേരി ഹൗസ്, വെട്ടുക്കാട്, തൃശൂർ.
2. ശ്രീ. സോണി ഡേവിസ്, തരകൻ ഹൗസ്, പുഴയ്ക്കൽ, തൃശൂർ.
3. ശ്രീമതി റിനി സോണി, W/o സോണി ഡേവിസ്, തരകൻ ഹൗസ്, പുഴയ്ക്കൽ, തൃശൂർ.
4. ശ്രീ. നിതിൻ മാത്യൂ, പുളിക്കൻ ഹൗസ്, ഒല്ലൂർ, തൃശൂർ.
5. മിസിസ്സ് & മിസ്റ്റർ എ. വി. ജോസഫ്, ആലപ്പാട്ട് ഹൗസ്, ആമ്പക്കാട്, തൃശൂർ.
6. ഫാ. സ്റ്റിഷിൻ കുണ്ടുകുളം, തൃശൂർ അതിരൂപത.

## Wellwisher Membership

1. 2021–2022 ഓർഡിനേഷൻ ബാച്ച്, മേരിമാതാ മേജർ സെമിനാരി, മുളയം, തൃശൂർ.

"... നന്മയുടെ സ്മരണ അനശ്വരമായിരിക്കും. ദൈവവും മനുഷ്യരും അതു വിലമതിക്കുന്നു" (ജ്ഞാനം 4:1). എല്ലാ ഉപകാരികൾക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു. ഹൃദയംനിറഞ്ഞ നന്ദി.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# മൈനർ സെമിനാരി

**1. വാർഷികധ്യാനവും മാതാപിതാക്കളുടെ സംഗമവും**

ഡിഗ്രി വൈദിക വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള വാർഷികധ്യാനത്തിന് കോലഴി പള്ളി വികാരി ബഹു. ബാസ്റ്റിൻ പുന്നോലിപറമ്പിൽ അച്ചൻ ആത്മീയ നേതൃത്വം നല്കി. തുടർന്ന് ഡിഗ്രി പഠനത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ആദ്യവർഷക്കാരുടെ മാതാപിതാക്കളുടെ സംഗമത്തിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും സംസാരിച്ചു. ഡിഗ്രി സെമിനാരി വിദ്യാർത്ഥികളുടെ ആനിമേറ്റർ ബഹു. ഡെന്നി ചിറയത്തച്ചൻ പരിപാടികൾക്ക് നേതൃത്വം നല്കി.

**2. ജപമാല പ്രദക്ഷിണം**

ജപമാല മാസത്തിന്റെ സമാപനദിനമായ ഒക്ടോബർ 31ന് വൈകീട്ട് ഭക്തിനിർഭരമായ ജപമാല പ്രദക്ഷിണം നടത്തി. സെമിനാരി കുടുംബം പരി. അമ്മയുടെ മാധ്യസ്ഥം അപേക്ഷിച്ചു.

**3. HOME DAY AND ARCHBISHOP'S DAY**

നവംബർ 6 ന് സെമിനാരി കുടുംബം ആർച്ച്ബിഷപ്പ് ഡേയും ഹോം ഡേയും സംയുക്തമായി ആഘോഷിച്ചു. അന്നേ ദിവസം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി. മാർ ജേക്കബ് തൂങ്കുഴി, മാർ റാഫേൽ തട്ടിൽ, മാർ ടോണി നീലങ്കാവിൽ എന്നിവർ സന്നിഹിതരായിരുന്നു.

**4. റഫായേൽ 2022**

ഈ വർഷത്തെ അതിരൂപത ദൈവവിളി പ്രോത്സാഹന പ്രവർത്തനങ്ങൾക്ക് ഒല്ലൂർ റഫായേൽ മാലാഖയുടെ ദേവാലയത്തിൽ ഫൊറോന വികാരി ബഹു. ജോസ് കോനിക്കരയച്ചൻ തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. ഡിഗ്രി സെമിനാരി വിദ്യാർത്ഥികൾ അതിരൂപതയിലെ ഇടവകകളിൽ അൾത്താര ബാലന്മാരെ കാണുകയും അവരിൽ ഈ വർഷം സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്നവരെ കണ്ടെത്തുകയും അവർക്കുവേണ്ടി നവംബർ 13–ാം തിയ്യതി ദൈവവിളി ഒരുക്കക്യാമ്പ് നടത്തുകയും ചെയ്തു. ബഹു. പോൾ മാളിയമ്മാവ് അച്ചൻ ക്യാമ്പിന് നേതൃത്വം നല്കി.

**5. മാസധ്യാനം**

നവംബർ മാസത്തിലെ മൈനർ സെമിനാരിയിലെ മാസധ്യാന

ത്തിന് ബഹു. ലിൻസൺ തട്ടിലച്ചനും ഡിഗ്രി വിദ്യാർത്ഥികൾക്ക് ബഹു. പോൾ മാളിയമ്മാവ് അച്ചനും ധ്യാനചിന്തകൾ പങ്കുവെച്ചു.

**6. ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീമതി മേഴ്സി ജോണി, പുതൂർക്കര ഹൗസ്, തൃശൂർ
2. ശ്രീമതി മേരി പോൾ, ചക്കാലക്കൽ ഹൗസ്, മരത്താക്കര
3. ശ്രീമതി മേഴ്സി ഫ്രാൻസീസ്, വാഴപ്പിള്ളി ഹൗസ്, ആർത്താറ്റ്
4. ശ്രീ. ഫാഹിയൻ ഫ്രാൻസീസ്, കണ്ണംകുളങ്ങര
5. ശ്രീമതി പുഷ്പ അല്ലീസ്, കൂത്തൂർ ഹൗസ്, തൃശൂർ
6. ശ്രീമതി ലിസി പോൾ, പടിക്കല ഹൗസ്, നെല്ലിക്കുന്ന്
7. ശ്രീമതി സ്മിത ജോൺ, വെട്ടിയാടൻ ഹൗസ്, പുലക്കാട്ടുകര
8. ശ്രീ. ജെയ്ക്കബ്, വടക്കേത്തല ഹൗസ്, പൂത്തറയ്ക്കൽ
9. ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ, തൃശൂർ അതിരൂപത
10. ശ്രീമതി ബ്രിജീത്ത ഡൊമനിക്, തലക്കോട്ടുകര ഹൗസ്, മുല്ലശ്ശേരി

കോവിഡിന്റെ ഈ പ്രത്യേക കാലഘട്ടത്തിൽ അതിരൂപതയിലെ ഭാവി വൈദികരെ പരിശീലിപ്പിക്കുന്നതിന് സാമ്പത്തികമായും പ്രാർത്ഥന കൊണ്ടും സഹായിക്കാൻ മുന്നോട്ടുവന്ന എല്ലാവർക്കും പ്രത്യേകം നന്ദി പറയുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യുന്നു.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റൂട്ട്

**1. എത്തിക്സ് കമ്മിറ്റി സർവെയ്‌ലൻസ് അസസ്സ്മെന്റ്**

NABH എത്തിക്സ് കമ്മിറ്റി അക്രെഡിയേഷൻ പ്രോഗ്രാമിനായുള്ള അംഗീകാരത്തിന്റെ തുടർ നിരീക്ഷണ വിലയിരുത്തൽ ജൂബിലി മിഷൻ ഇൻസ്റ്റിറ്റ്യൂഷണൽ എത്തിക്സ് കമ്മിറ്റി ചെയർമാൻ ഡോ. കെ എം ഫ്രാൻസിസ്, സെക്രട്ടറി ഡോ. ബിജു ബാഹുലേയൻ, നോഡൽ ഓഫീസർ ഡോ. കുമുദം ഉണ്ണി എന്നിവരുടെ നേതൃത്വത്തിൽ വിജയകരമായി പൂർത്തിയാക്കി. കമിനേനി അക്കാദമി ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ & റിസർച്ച് സെന്റർ, ഹൈദരാബാദ് നിന്നുള്ള പ്രൊഫ. രാമ

കൃഷ്ണ ദേവകിയാണ് വിലയിരുത്തൽ നടത്തിയത്.

**2. ജൂബിലി മിഷൻ ആശുപത്രിയിൽ ഇനി സ്വന്തം ഓക്സിജൻ പ്ലാന്റ്**

ജൂബിലി മിഷൻ ആശുപത്രിയിലെ രോഗികൾക്കായുള്ള ഓക്സിജൻ പ്ലാന്റ് ഉദ്ഘാടനം കേരള ഗവൺമെന്റ് ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയ് ഐ.എ.എസ്. നിർവ്വഹിച്ചു. തൃശ്ശൂർ അതിരൂപതാ മെത്രാപൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. ഒരു ദിവസം ഏഴ് ലക്ഷത്തി ഇരുപതിനായിരം ലിറ്റർ ഓക്സിജൻ ഉദ്പാദനശേഷിയുള്ള പ്ലാന്റ് രോഗികൾക്ക് ഇടതടവില്ലാതെ ഓക്സിജൻ ലഭ്യമാക്കാൻ ഉപകരിക്കും എന്ന് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അറിയിച്ചു. ഇതേ വേദിയിൽ തന്നെ ജൂബിലി പേഷ്യന്റ് പോർട്ടൽ മൊബൈൽ ആപ് സിറ്റി പോലീസ് കമ്മീഷണർ ശ്രീ. ആർ. ആദിത്യ പ്രകാശനം ചെയ്തു. ഡോക്ടറെ ബുക്ക് ചെയ്യാനും കുടുംബാംഗങ്ങളുടെ മെഡിക്കൽ വിവരങ്ങളും ലാബ് റിസൾട്ടുകളും അറിയാനും ഈ ആപ്പിലൂടെ സാധ്യമാണ് https:/patientportal.jmmcri.org/ PatientPortal/login.html എന്നഅഡ്രസ്സിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നന്ദി പ്രസംഗം നടത്തി. അസോ. ഡയറക്ടർ ഫാ. പോൾ പേരാമംഗലത്ത്, നേഴ്സിങ്ങ് സൂപ്രണ്ട് സി. ഫിലോ പോൾ എന്നിവർ ചടങ്ങിൽ സിഹിതരായിരുന്നു.

**3. രോഗി സുരക്ഷാ ദിനാചരണം ജൂബിലിയിൽ**

രോഗി സുരക്ഷാ ദിനാചരണത്തോടനുബന്ധിച്ചു ജൂബിലി കുടുംബത്തിലെ സെക്യൂരിറ്റി, ANM, ഹൗസ് കീപ്പിങ്, ജീവനക്കാർക്കായി ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ്, അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി നീതു ജോസിന്റെ നേതൃത്വത്തിൽ അവബോധന ക്ലാസ് സംഘടിപ്പിച്ചു. സുരക്ഷിതമായി ഒരു പേഷ്യന്റിനെ ബെഡിൽ നിന്നും വീൽ ചെയറിലേക്കും ട്രോളിയിലേക്കും അതുപോലെ തന്നെ തിരിച്ചും ട്രാൻസ്ഫർ ചെയ്യേണ്ടതെങ്ങനെയെന്ന വിഷയത്തെപ്പറ്റി വീഡിയോ സഹായത്തോടെയുള്ള ക്ലാസും അതിനോടനുബന്ധിച്ചു ഡെമോ ക്ലാസും നടത്തി.

**4. നേത്രദാന പക്ഷാചരണം ജൂബിലിയിൽ**

ജൂബിലിയിൽ നേത്രദാന പക്ഷാചരണത്തോടനുബന്ധിച്ചു സെന്റ് തോമസ് ബ്ലോക്കിൽ സംഘടിപ്പിച്ച പൊതു അവബോധന പരിപാടിയിൽ ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. അലക്സ് ജോസഫ് സ്വാഗതം ആശംസിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. നേത്രദാനത്തിന്റെ പ്രാധാന്യത്തെപറ്റി കേരള സൊസൈറ്റി ഓഫ് ഒഫ്ത്താൽമിക് സർജൻസ് (KSOS) പ്രസിഡന്റ് ഡോ. ബാബു കൃഷ്ണ

കുമാർ സംസാരിച്ചു. നേത്രവിഭാഗം തലവനും മെഡിക്കൽ സൂപ്രണ്ടു മായ ഡോ. സി. വി. ആൻഡ്രൂസ് നേത്രദാന പ്രതിജ്ഞക്കു നേതൃത്വം കൊടുക്കുകയും ജൂബിലി മിഷൻ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് നേത്രദാന വീഡിയോ, ഫ്ളയർ എന്നിവ യുടെ പ്രകാശനം നടത്തുകയും ചെയ്തു. നേത്രവിഭാഗം സീനിയർ റസിഡന്റ് ഡോ. റോളണ്ട് ഗോഡ്‌ലി നന്ദി പ്രകാശിപ്പിച്ചു.

**5. 6–ാമത് ഡോ. ദത്തൻ മെമ്മോറിയൽ ശിൽപശാല ജൂബിലിയിൽ**

ജൂബിലി മിഷൻ ആശുപത്രിയിൽ ജനറൽ സർജറി വിഭാഗം, തൃശ്ശൂർ സർജിക്കൽ സൊസൈറ്റി എന്നിവരുടെ ആഭിമുഖ്യത്തിൽ 6–ാമത് ഡോ. ദത്തൻ മെമ്മോറിയൽ ഏകദിന ശിൽപശാല ജൂബിലി മിഷൻ ആശുപത്രി സെമിനാർ ഹാളിൽ വച്ച് നടന്നു. സർജിക്കൽ പ്രൊസീജറിൽ ഇന്ന് ലോകത്തുണ്ടാകുന്ന അതിനൂതന മാറ്റങ്ങളെയും വികസനത്തെയുംക്കുറിച്ചുള്ള ക്ലാസ്സുകൾ ശിൽപശാലയിൽ അരങ്ങേറി. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ഈ മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള നിരവധി വിദഗ്ദ ഡോക്ടർമാർ പങ്കെടു ക്കുന്ന പരിപാടിയിൽ ആശയങ്ങൾ, അറിവുകൾ എന്നിവ പരസ്പരം കൈമാറ്റപ്പെടും. തൃശ്ശൂരിന്റെ ശസ്ത്രക്രിയ കുലപതി ഡോ. എച്ച്. എസ്. എഡൻവാല അനുസ്മരണ പ്രത്യേക പ്രഭാഷണം അദ്ദേഹത്തിന്റെ പ്രിയ ശിഷ്യൻ ഡോ. നാരായണൻ നടത്തി.

DMO ഡോ റീന ശിൽപശാല ഉദ്ഘാടനം ചെയ്തു. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ഡയറക്ടർ, ജൂബിലി മിഷൻ ആശുപത്രി, ഡോ. ബെന്നി ജോസഫ്, CEO, ഫാ. റെന്നി മുണ്ടൻകുരിയൻ, അസോ സിയേറ്റ് ഡയറക്ടർ, ഡോ. അശോക് നൈനാൻ, HoD, സർജറി വിഭാഗം എന്നിവർ സിഹിതരായിരുന്നു.

**6. ജൂബിലി മിഷൻ ആശുപത്രിയിൽ ശിശുദിനം ആചരിച്ചു**

ജൂബിലി മിഷൻ ആശുപത്രിയിൽ കുട്ടികളുടെ വാർഡിൽ ശിശുദിനം ആചരിച്ചു. ഫാ. റെന്നി മുണ്ടൻകുരിയൻ, അസോസിയേറ്റ് ഡയറക്ടർ, ഫാ. പോൾ കള്ളിക്കാടൻ എന്നിവരുടെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ തുടങ്ങിയ ചടങ്ങിൽ നേഴ്സിങ്ങ് സൂപ്രണ്ട്, നേഴ്സിങ്ങ് ഇൻചാർജ്ജുമാർ, ഡോക്ടേഴ്സ്, സ്റ്റാഫ് നേഴ്സുമാർ, വിദ്യാർത്ഥിനികൾ മറ്റു ജൂബിലി കുടുംബാംഗങ്ങളും പങ്കെടുത്തു.

കുട്ടികളുടേയും, വിദ്യാർത്ഥിനികളുടേയും കലാപരിപാടികളും മിഠായി വിതരണവും കുട്ടികൾക്കിടയിൽ കോവിഡ് ബോധവൽക്കരണ ത്തിന്റെ ഭാഗമായുള്ള വീഡിയോ പ്രദർശനവും നടത്തി. കോവിഡ് കാലത്ത് പ്രവർത്തന രഹിതമാക്കിയ കുട്ടികളുടെ കളിസ്ഥലം പുന:രു ദ്ധീകരിച്ച് കുട്ടികൾക്കായി തുറന്നു കൊടുത്തു.

**7. അഭിനന്ദനങ്ങൾ .. ആശംസകൾ ..**

ചാൾസ് പിന്റോ വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ. നാരായണൻ പി വി PGIMER IT Jackson Cleft & Craniofacial Surgery Award ന് അർഹനായി.

മെഡിക്കൽ ബിരുദാനന്തര ബിരുദത്തിൽ കേരള ആരോഗ്യ സർവകലാശാലയിൽ നിന്നും ഓർത്തോ വിഭാഗത്തിലെ ഡോ. അമലു ജോയിക്ക് ഒന്നാം റാങ്കും, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിലെ ഡോ. ആതിര ശശിധരൻ, എമർജൻസി മെഡിസിൻ വിഭാഗത്തിലെ ഡോ. വിജയ് ചഞ്ചൽ എ. ബി എന്നിവർ രണ്ടാം റാങ്കും നേടി.

ഇന്ത്യയിൽ കോവിഡ് മൂലമുള്ള മാതൃമരണങ്ങൾ – വിശകലനത്തിനുള്ള അവസരം എന്ന വിഷയത്തിൽ ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വിഭാഗത്തിലെ മൂന്നാം വർഷ റസിഡന്റായ ഡോ. അതുല്യ ഷാജൻ ഫിഗോ വേൾഡ് കോൺഗ്രസ് 2021–ൽ സ്പീക്കറായിരുന്നു.

**8. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- വിനോദ് ജേക്കബ്
- ഫ്ളെബി വർഗ്ഗീസ്, പെരിഞ്ചേരി, തൃശ്ശൂർ
- ഫ്രാൻസിസ് വർഗ്ഗീസ്, ചീരോത്ത് ഹൗസ്, പാലക്കൽ, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. നേട്ടം**

ക്രിമിനോളജി ആന്റ് ഫോറൻസിക് അദ്ധ്യാപകൻ ഡോ. പി.എൻ സന്ദീപ് കർണ്ണാടകയിലെ ധാർവാഡ് സർവ്വകലാശാലയിൽ നിന്നും പി.എച്ച്.ഡി ബിരുദം നേടി.

- കോമേഴ്സ് ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന ഡോ. അനൂപ് കെ.ജി, ഡോ. ബിജു ജോണിന്റെ ഗവേഷണ മേൽ

നോട്ടത്തിൽ പി.എച്ച്.ഡി നേടി.

- ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന ഡോ. ഷിജിത എം, ഡോ. കെ. എം. ഫ്രാൻസിസ്, ഡോ. സാബു ജോൺ എന്നിവരുടെ ഗവേഷണ മേൽനോട്ടത്തിൽ പി.എച്ച്.ഡി നേടി.

**2. വെബിനാർ**

കോളേജ് ഒ.എസ്.എ യുടെ ആഭിമുഖ്യത്തിൽ രണ്ടാമത് ഗ്ലോബൽ അലുമിനി മീറ്റ് സംഘടിപ്പിച്ചു. സംസ്ഥാന ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു ഉത്ഘാടനം ചെയ്തു. പേട്രൻ മാർ ആൻഡ്രൂസ് താഴത്ത്, മാനേജർ മാർ ടോണി നീലങ്കാവിൽ, മുൻ മാനേജർ മാർ റാഫേൽ തട്ടിൽ, വ്യവസായി കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. ബിജു പാണേങ്ങാടൻ, പ്രിൻസിപ്പാൾ റവ ഫാ. മാർട്ടിൻ കെ.എ എന്നിവർ സംബന്ധിച്ചു. ഇന്ത്യക്ക് പുറത്ത് ആരംഭിച്ച 4 ഒ.എസ്.എ ചാപ്റ്ററുകളുടെ ഉദ്ഘാടനവും, വിദേശത്ത് വ്യക്തി മുദ്ര പതിച്ച പൂർവ്വവിദ്യാർത്ഥികളുടെ പരിചയപ്പെടലും ഉണ്ടായിരുന്നു.

- കേരള ശിശുവികസന വകുപ്പ്, സഖി വൺ സ്റ്റോപ്പ് സെന്റർ, സെന്റ് തോമസ് കോളേജ്, സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ്, ഇന്റേണൽ കംപ്ലയ്ന്റ് കമ്മിറ്റി എന്നിവയുടെ സംയുക്ത സഹകരണത്തോടെ സ്ത്രീകളും കുട്ടികളും, സഖി വൺ സ്റ്റോപ്പ് സെന്റർ പ്രവർത്തനം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ നടന്നു. വുമൺ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി ലേഖ എസ്, ചിത്ര കെ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഒന്നാംവർഷ ബിരുദ വിദ്യാർത്ഥികൾ പങ്കെടുത്തു.
- സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ  സ്റ്റാറ്റിസ്റ്റിക്കൽ കംപ്യൂട്ടിംഗ് യൂസിംഗ് എസ്.പി.എസ്.എസ്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. മണ്ണുത്തി വെറ്റിനറി കോളേജ് അദ്ധ്യാപിക ഡോ. ഗ്ലീജ വി.എൽ ക്ലാസ്സു നയിച്ചു.
- ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ  കരിയർ ഓപ്പർച്യൂണിറ്റി ഇൻ ബോട്ടണി' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഗവേഷക വിദ്യാർത്ഥി ശ്രീമതി ഗ്രീഷ്മ പി.എസ് ക്ലാസ്സുകൾ നയിച്ചു.
- ക്രിമിനോളജി & പോലീസ് സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'മെന്റൽ ഹെൽത്ത് ഇൻ പോസ്റ്റ് പാന്റമിക് വേൾഡ്' എന്ന വിഷയത്തിൽ വെബിനാർ നടത്തി. ബാഗ്ലൂർ നിംഹാസ് സൈക്യാട്രിസ്റ്റ് ഡോ. സുഹാസ് സാറ്റിഷ് ക്ലാസ്സുകൾ നയിച്ചു.

**3. സൈബർ സെക്യൂരിറ്റി വെബിനാർ**

എത്തിക്സ് കമ്മറ്റിയുടേയും, എൻ.സി.സി യുടേയും ആഭിമു

ഖ്യത്തിൽ സൈബർ സെക്യൂരിറ്റി വെബിനാർ സംഘടിപ്പിച്ചു. തൃശൂർ സിറ്റി സൈബർ സെൽ ഓഫീസർ ശ്രീ സുഹീൽ ബസിത്ത് ക്ലാസ്സ് നയിച്ചു.

**4. വർക്ക്ഷോപ്പ്**

സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ലൈഫ് സ്ക്കിൽസ് ത്രൂ ക്രിയേറ്റീവ് മൂവ്മെന്റ്' എന്ന വർക്ക്ഷോപ്പ് നടത്തപ്പെട്ടു. അഡ്വ വില്ലി വർഗീസ് (കോർപ്പറേഷൻ കൗൺസിലർ) വർക്ക്ഷോപ്പിന് നേതൃത്വം നൽകി.

**5. ആഘോഷങ്ങൾ**

ഹിന്ദി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ദീപാവലി ആഘോഷത്തിന്റെ ഭാഗമായി യൂറ്റ്യൂബ് വീഡിയോ പുറത്തിറക്കി.

- വി. മാർട്ടിൻ ഡി പോറസിന്റെ (3/11/21) നാമധേയം സ്വീകരിച്ച കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കെ. എ യുടെ നാമഹേതുക തിരുന്നാൾ ആഘോഷിച്ചു. അന്നേ ദിവസം പ്രിൻസിപ്പാൾ ഡേ ആയും ആഘോഷിച്ചു.
- കേരളപ്പിറവി ദിനം മലയാളഭാഷ ഉപയോഗപ്രതിജ്ഞ' ചൊല്ലി ആഘോഷിച്ചു.
- മലയാളം ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ കേരളപ്പിറവി ദിനം ആഘോഷിച്ചു. പ്രമുഖ എഴുത്തുകാരി ഡോ. റോസി തമ്പി മുഖ്യാതിഥിയായിരുന്നു.
- വിജിലൻസ് ബോധവത്ക്കരണ വാരം കോളേജിൽ ആചരിച്ചു. അഡ്വ. സെബി ജെ. പുല്ലേലി മുഖ്യപ്രഭാഷണം നടത്തി.

**6. ഇനിഷ്യയേഷൻ പ്രോഗ്രാം**

ഒന്നാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ ഇനിഷ്യയേഷൻ പ്രോഗ്രാം ശ്രീ പ്രവീൺ ചിറയത്തിന്റെ ഓറിയന്റേഷൻ വെബിനാർ ക്ലാസ്സോടുകൂടി ആരംഭിച്ചു.

**7. ജപമാല സമാപനം**

കൊന്ത മാസത്തിന്റെ ഓരോദിവസവും ഓരോ ഡിപ്പാർട്ട്മെന്റിന്റെ പ്രാർത്ഥനാ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിച്ചു. ജപമാല സമാപനത്തിൽ മധുരം വിതരണം ചെയ്തു

**8. കാമ്പസ് പ്ലെയ്സ്മെന്റ് ലഭിച്ചു**

ഡിലോയിറ്റി' കമ്പനിയിൽ 24, ഇൻഫോസിസ് – 1, എം.ആർ.എഫ് – 3, ടി.സി.എസ് – 1 ആകെ 29 പേർക്ക് കാമ്പസ് പ്ലെയ്സ്മെന്റ് ലഭിച്ചു

**9. നിയമനം ലഭിച്ചു**

ഈ വർഷം പുതിയ ഓഫീസ് സ്റ്റാഫായി നിയമിതരായ ശ്രീ

ഫ്രെഡി ജെയിംസിനും, ശ്രീ ഫെസിൽ മാത്യുവിനും അഭിനന്ദനങ്ങൾ.

**10. മണൽ ഛായാചിത്രം**

ഹിസ്റ്ററി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഗാന്ധിജിയുടെ സന്ദർശനം 85–ാം സ്മരണ ദിനത്തിൽ പ്രശസ്ത ആർട്ടിസ്റ്റ് ശ്രീ ബാബു എടക്കുന്നി മണലിൽ തീർത്ത ഗാന്ധിജിയുടെ മണൽ ഛായാചിത്രം' മാനേജർ മാർ ടോണി നീലങ്കാവിൽ പ്രകാശനം ചെയ്തു.

**11. എൻ.എസ്.എസ്**

ദേശീയ കാൻസർ ബോധവത്ക്കരണ ദിനം ആചരിച്ചു. തൃശൂർ മെഡിക്കൽ കോളേജ് ഓൺകൊളെജിസ്റ്റ് ഡോ. അജിത്കുമാർ മുഖ്യ പ്രഭാഷണം നടത്തി.

കോളേജിന്റെ കൃഷിയിടം, തൃശൂർ പബ്ലിക് ലൈബ്രറി എന്നിവ വൃത്തിയാക്കി ലോകസുനാമി ബോധവത്ക്കരണ ദിനം, ദേശീയ ഏകതദിനം, രക്തദാനം, ദേശീയ ആയുർവേദ ദിനം, യു.എൻ ദിനം, ലോകഭക്ഷ്യദിനം എന്നിവ ആഘോഷിച്ചു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**1. ഗാന്ധിജയന്തി**

ഗാന്ധിജയന്തി ദിനത്തിൽ ഫിസിക്കൽ സയൻസ് ഓപ്ഷന്റെ നേതൃത്വത്തിൽ വീഡിയോ പ്രദർശിപ്പിച്ചു. ഗാന്ധിജിയുടെ ജീവചരിത്രക്കുറിപ്പ് അടങ്ങിയ വീഡിയോ ആണ് പങ്കുവെച്ചത്.

**2. അനുമോദനം നൽകി**

പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് ലഭിച്ച സൈക്കോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ നിഖിത രാജുവിന് അനുമോദനം നൽകി. ഒക്ടോബർ 16ന് വൈകീട്ട് 3 മണി മുതൽ 3.45 വരെയായിരുന്നു അനുമോദന ചടങ്ങ്. ചടങ്ങിൽ സ്വാഗത പ്രസംഗം ലിനി ആന്റോ,

അധ്യക്ഷപ്രസംഗം കോളേജ് പ്രിൻസിപ്പൽ ഫാ. ചാക്കോ ചിറമേൽ, അഭിനന്ദനം മലയാളം അസിസ്റ്റന്റ് പ്രൊഫസർ ആൻസി ജോർജ് എന്നിവർ നൽകി.

**3. യാത്രയയപ്പ് നൽകി**

ഫിസിക്കൽ സയൻസ് ഓപ്ഷണൽ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ സിമി റാഫേൽ, ഫിലോസഫി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ.നിഖിത രാജു, സോഷ്യൽ സയൻസ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ആശ.എ.വി എന്നിവർക്ക് പ്രിൻസിപ്പാൾ ഫാ.ചാക്കോ ചിറമേലിന്റെ നേതൃത്വത്തിൽ യാത്രയയപ്പ് നൽകി.

**4. കേരളപ്പിറവി ആഘോഷിച്ചു**

എം.എഡ് ബാച്ചിന്റെ നേതൃത്വത്തിൽ നവംബർ 1 കേരളപ്പിറവി ദിനം ആഘോഷിച്ചു. രാവിലെ 9.30 മുതൽ 10.30 വരെയായിരുന്നു പരിപാടി. കേരളതനിമ വ്യക്തമാക്കുന്ന സമൂഹഗാനം എം.എഡ് ബാച്ചിലെ വിദ്യാർത്ഥികൾ ആലപിച്ചു.

**5.ഹൃദ്യമായ സ്വീകരണം നൽകി**

കോളേജിൽ പുതുതായി ചാർജെടുത്ത എഡ്യുക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർമാരായ നസീർ അലി എം.കെ, മഞ്ജു പി.കെ, ജോംസൺ പി.പി, മിനി ലക്ഷ്മി എന്നിവർക്ക് മഹാജൂബിലി കുടുംബം ഹൃദ്യമായ സ്വീകരണം നൽകി.

**5. ശിശുദിനം ആചരിച്ചു**

മലയാളം ഓപ്ഷന്റെ നേതൃത്വത്തിൽ നവംബർ 14ന് ശിശുദിനം ആചരിച്ചു. കുട്ടികൾക്കുള്ള സന്ദേശവീഡിയോ പ്രദർശിപ്പിച്ചിരുന്നു.

**7. ഫ്രഷേഴ്സ് ഡേ സംഘടിപ്പിച്ചു**

2021–2023 ബാച്ചിലെ എം.എഡ്, ബി.എഡ് വിദ്യാർത്ഥികളുടെ ഫ്രഷേഴ്സ് പാർട്ടി നവംബർ 3ന് സംഘടിപ്പിച്ചു. രാവിലെ 10 മണി മുതൽ 11 മണി വരെ നീണ്ട ചടങ്ങിൽ സ്വാഗതപ്രസംഗം അധ്യാപകൻ നസീർ അലി എം.കെ, ഉദ്ഘാടനം മാനേജർ മോൺ. തോമസ് കാക്കശ്ശേരി, അധ്യക്ഷപ്രസംഗം അസിസ്റ്റന്റ് മാനേജർ ഫാ. ഷിജു ചിറ്റിലപ്പിള്ളി, അഭിവാദ്യം പ്രിൻസിപ്പാൾ ഫാ. ചാക്കോ ചിറമേൽ എന്നിവർ നിർവഹിച്ചു.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

Santhwanam
ARCHDIOCESE OF TRICHUR

**1. സാന്ത്വനം ഭവനങ്ങൾക്ക് തറക്കല്ലിട്ടു**

മച്ചാട് ഇടവകാംഗമായ തുറുവേലിൽ ദേവസി ഭാര്യ ശ്രീമതി. മേരി ദേവസി തൃശൂർ പൊങ്ങണംകാട് മാറ്റാംപുറം ദേശത്ത് സംഭാവന ചെയ്ത സ്ഥലത്ത് ്സാന്ത്വനം പണിയുന്ന വീടുകൾക്ക് തറക്കല്ലിട്ടു. കോവിഡ് കാലത്തെ അതിജീവന പ്രവർത്തനത്തിന്റെ ഭാഗമായി തൃശൂർ ജില്ലയിലെ ഭവനരഹിതരായവർക്ക്വേണ്ടി 8 വീടുകളാണ് സാന്ത്വനം മാറ്റാംപുറത്ത് നിർമ്മിക്കുക. തറക്കല്ലിടൽ കർമ്മം പൊങ്ങണംകാട് വികാരി ഫാ. ഫ്രാൻസീസ് വാഴപ്പിള്ളി നിർവ്വഹിച്ചു. സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ, അസോ.ഡയറക്ടർ ഡോ.ജോസ് വട്ടക്കുഴി, ഭവനത്തിന് കുടുംബാംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

**2. സ്വിഫ്റ്റ് മാർട്ട് ഫ്രാഞ്ചൈസി അപേക്ഷകൾ ക്ഷണിച്ചു**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സാന്ത്വനം സ്വിഫ്റ്റ്മാർട്ടിന്റെ വിവിധ ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിനായി അതിരൂപതയിലെ ഇടവകകളിലെ സ്വയം സംരംഭകരാകാൻ താൽപര്യമുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചു. കുടുബങ്ങൾക്ക് ജീവിത മാർഗ്ഗമായി സ്വീകരിക്കാവുന്ന ഫ്രാഞ്ചൈസിക്ക് വേണ്ടി വിവിധ ഇടവകകളിൽനിന്നായി 65 അപേക്ഷകൾ വികാരിയച്ചന്മാരുടെ ശുപാർശ കത്തോടുകൂടി ഇതിനോടകം ലഭിച്ചു കഴിഞ്ഞു.

**3. സുധീർ പ്രോജക്റ്റ്**

കാരിത്താസ് ഇന്ത്യയും ക്രിസ്റ്റ്യൻ റിലീഫ് സർവ്വീസസും(CRS) ചേർന്ന് കേരള സോഷ്യൽ സർവ്വീസസ് ഫോറം (KSSF)വഴി നടപ്പിലാക്കുന്ന Covid 19 Awareness Programme ആണ് സുധീർ പ്രോജക്റ്റ്. കോവിഡ് 19 നെ ക്കുറിച്ചുള്ള ബോധവൽക്കരണം നല്കി ആരോഗ്യമുള്ള കമ്മ്യൂണിറ്റികളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

മീറ്റിങ്ങ് സംഘടിപ്പിച്ചു : സുധീർ പ്രോജക്റ്റിന്റെ തൃശൂർ അതിരൂപതയിലെ വളണ്ടിയേഴ്സിന്റെ മീറ്റിങ്ങ് സാന്ത്വനം ഹാളിൽ വെച്ച് ഒക്ടോബർ 24നു ഉച്ചയ്ക്ക് 2.30 ന് നടത്തുകയുണ്ടായി. സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ യോഗത്തിന് സ്വാഗതം ആശംസിച്ചു. യോഗത്തിൽ പങ്കെടുത്ത വളണ്ടിയേഴ്സിന് കാരിത്താസ് ഇന്ത്യയിൽ നിന്ന് റീ ഇമ്പേഴ്സ്മെന്റ് വഴി ലഭിച്ച ടെലിഫോൺ അലവൻസും, സേഫ്റ്റി

കിറ്റുകളും വിതരണം ചെയ്തു. സാന്ത്വനം അസോ.ഡയറക്ടർ ഡോ. ജോസ് വട്ടക്കുഴി പ്രോജക്റ്റിനെക്കുറിച്ച് സംസാരിച്ചു. പ്രോജക്റ്റ് കോർഡിനേറ്റർ ശ്രീ. തോമസ് എലുവത്തിങ്കലിന്റെ നന്ദിയോടെ യോഗം സമാപിച്ചു. ഇതുപോലെ തൃശൂർ സോണിലെ മറ്റു രൂപതകളായ കോട്ടപ്പുറം രൂപതയിൽ ഒക്ടോബർ 26നു 3.30നും ഇരിഞ്ഞാലക്കുടയിൽ നവംബർ 4ന് 3ു ാ നും മീറ്റിങ്ങുകൾ നടത്തുകയും ടെലിഫോൺ അലവൻസും, സേഫ്റ്റി കിറ്റുകളും വിതരണം ചെയ്യുകയും ചെയ്തു.

**4. സുധീർ പ്രോജക്റ്റ് റീജിണൽ കോർഡിനേറ്റർമാരുടെ മീറ്റിങ്ങ്**

കേരള സോഷ്യൽ സർവ്വീസ് ഫോറം, കോട്ടയം ആമോസ് സെന്ററിൽ വെച്ച് നവംബർ 8 നു സുധീർ പ്രോജക്റ്റ് റീജിണൽ കോർഡിനേറ്റർമാരുടെ മീറ്റിങ്ങ് സംഘടിപ്പിച്ചു. അതിൽ തൃശൂർ സോണിലെ റീജിണൽ കോർഡിനേറ്റർ ശ്രീ.തോമസ് എലുവത്തിങ്കൽ പങ്കെടുത്തു. മീറ്റിങ്ങിൽ തൃശൂർ സോണിലെ പ്രോജക്റ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ശ്രീ.തോമസ് എലുവത്തിങ്കൽ പവർ പോയിന്റ് പ്രസന്റേഷൻ തയ്യാറാക്കി അവതരിപ്പിച്ചു. പ്രോജക്റ്റിന്റെ ഭാഗമായി തൃശൂർ രൂപതയിലെ **30** വളണ്ടിയേഴ്സിലൂടെ **16,620** കുടുംബങ്ങളെ ബോധവല്ക്കരിക്കാൻ സാധിച്ചു. തൃശൂർ സോണിൽപെടുന്ന തൃശൂർ അതിരൂപത സാന്ത്വനം, ഇരിഞ്ഞാലക്കുട രൂപത SAFI , കോട്ടപ്പുറം രൂപത KIDS എന്നിവിടങ്ങളിലെ പ്രോജക്റ്റ് ഡോക്യുമെന്റ്സ് കേരള സോഷ്യൽ സർവ്വീസ് ഫോറത്തിലെ ശ്രീ.രാജേഷ് വെരിഫിക്കേഷൻ നടത്തുകയുണ്ടായി. CRS consutant ശ്രീമതി. രൂപാളി ദർശ, ഓൺലൈനായി മീറ്റിങ്ങിൽ പങ്കെടുക്കുകയും പ്രോജക്റ്റിനെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

**5. നവജീവൻ പ്രോജക്റ്റ്**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സാന്ത്വനം നടപ്പിലാക്കുന്ന പ്രകൃതി ദുരന്തനിവാരണ പദ്ധതിയായ നവജീവൻ പ്രോജക്റ്റ് ചാഴൂർ പഞ്ചായത്തിൽ പുരോഗമിക്കുന്നു. പ്രോജക്റ്റിനോടനുബന്ധിച്ച് കോർഡിനേറ്റർമാർക്കായി മാനന്തവാടി സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വെച്ച് നടത്തിയ 2 ദിവസത്തെ പരിശിലന പരിപാടിയിൽ സാന്ത്വനം കോർഡിനേറ്റർ നെൽസൺ പങ്കെടുത്തു. ചാഴൂർ പഞ്ചായത്തിലെ 10 വാർഡുകളിലെ വാർഡ് ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കി. നവംബർ 1–ാം തീയ്യതി മുതൽ 4–ാം തിയ്യതി വരെ ആലപ്പുഴ സോഷ്യൽ സർവ്വീസ് സെന്ററിൽ വെച്ച് കാരിത്താസ് ഇന്ത്യയുടെയും കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോരിറ്റിയുടെയും നേതൃത്വത്തിൽ നടത്തിയ ടാസ്ക് ഫോഴ്സ് വളണ്ടിയേഴ്സ് ട്രെയിനിങ്ങിൽ കോർഡിനേറ്റർ നെൽസൺ, ചാഴൂർ പഞ്ചായത്തിലെ ടാസ്ക് ഫോഴ്സ് വളണ്ടിയർ ശ്രീ. യദുകൃഷ്ണ എന്നിവർ പങ്കെടുത്തു.

**6. ലാവൻഡർ ആർമി**

ആശാകിരണം പദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന ലാവൻഡർ ആർമി വിവിധ സ്കൂളുകളിൽ സജീവമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. സാന്ത്വനത്തിന്റെ നേതൃത്തിൽ എല്ലാ സ്കൂളുകളിലെയും കുട്ടികളെയും ആനിമേറ്റർമാരെയും ഉൾപ്പെടുത്തി ഓൺലൈൻ കാൻസർ സുരക്ഷ ബോധവൽകരണ ക്ലാസ് സംഘടിപ്പിച്ചു. ചെറുതുരുത്തി ആയർവ്വേദ മെഡിക്കൽ കോളേജിലെ ഡോക്ടർ ജിജി മാത്യു പരിപാടി ഉദ്ഘാടനം ചെയ്യുകയും കൊടകര ഗവ.ആയുർവ്വേദ ഹോസ്പിറ്റലിലെ ഡോ.സ്മിനി മൂഞ്ഞേലി ക്ലാസ് നയിക്കുകയും ചെയ്തു. സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, അസ്സോ.ഡയറക്ടർ ഡോ. ജോസ് വട്ടക്കുഴി, കോർഡിനേറ്റർ നെൽസൻ എന്നിവരും പങ്കെടുത്തു.

**7. സ്വയം സഹായസംഘങ്ങൾ**

അതിരൂപത സാന്ത്വനത്തിന്റെ കീഴിലുള്ള ഗ്രേഡിങ്ങ് നടത്തിയ സ്വയം സഹായസംഘങ്ങൾക്ക്(SHG) ഓൺലൈൻ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. പൊന്നൂക്കരയിലെ സ്നേഹനിധി SHG , മരിയ SHG, മേരിമാത SHG, അൽഫോൺസമ്മ SHG, സെന്റ് ആൻസ് SHG, കല്ലൂർ ഈസ്റ്റിലെ സ്നേഹ SHG, റോസ് SHG, വരാക്കര ചെറുപുഷ്പം SHG, വെട്ടുകാട് വിനയ SHG, ആറംപിള്ളി സെന്റ് മേരീസ് SHG എന്നീ സംഘങ്ങൾക്കാണ് സാന്ത്വനം അസോ.ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി, കോർഡിനേറ്റർ ബീന വർഗ്ഗീസ്, ആനിമേറ്റർ അനിത ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ മീറ്റിങ്ങുകൾ സംഘടിപ്പിച്ചത്. സാന്ത്വനം സ്വിഫ്റ്റ് മാർട്ടിന്റെ നൂറ്റിഅമ്പത് സെൽഫ് കെയർ കിറ്റുകൾ സംഘാംഗങ്ങൾ വഴി വിറ്റഴിക്കുന്നതിനായി എത്തിച്ചു കൊടുത്തു.

**8. പുതിയ സംഘം രൂപീകരിച്ചു**

ആമ്പക്കാട് ഇടവകയിൽ പുതിയ സ്വയം സഹായസംഘം രൂപീകരിച്ചു. സ്നേഹദീപം എന്ന് പേരിട്ട സംഘത്തിൽ 14 അംഗങ്ങളാണ് പ്രവർത്തിക്കുക. സാന്ത്വനം കോർഡിനേറ്റർ ശ്രീമതി ബീന വർഗ്ഗീസ് സംഘം പ്രവർത്തിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നല്കുകയുണ്ടായി.

**9. ആശാകിരണം**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സാന്ത്വനം നടപ്പിലാക്കുന്ന ആശാകിരണം കാൻസർ സുരക്ഷയജ്ഞത്തിന്റെ സെപ്റ്റംബർ മാസത്തെ ലെയ്സൺ ഒഫിസർമാരുടെ മീറ്റിങ്ങിൽ സാന്ത്വനം കോർഡിനേറ്റർ നെൽസൻ പങ്കെടുത്തു. ആശാകിരണം പ്രോജക്റ്റിന്റെ ഒക്ടോബർ മാസത്തെ റിപ്പോർട്ട് തയ്യാറാക്കുകയും കാരിത്താസിനു നൽകുകയും ചെയ്തു.

**10. സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാനിന്റെ ഗുണഭോക്താക്കളുടെ ജോയിന്റ് എക്കൗണ്ട് ക്ലോസ് ചെയ്ത് സിങ്കിൾ എക്കൗണ്ട് ആക്കുന്ന പ്രക്രിയ തുടരുന്നു. 18 എക്കൗണ്ട് ക്ലോസ് ചെയ്ത് 2,63,777 രൂപ ഗുണഭോക്താക്കളുടെ എക്കൗണ്ടിലേക്ക് മാറ്റി നല്കുകയുണ്ടായി.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. സിന്റോ തൊറയൻ**
അസി.ഡയറക്ടർ

**ഫാ. പോൾ മാളിയമ്മാവ്**
അസി.ഡയറക്ടർ

# ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

## വിവാഹരജത ജൂബിലി

**തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ഡിസംബർ 11, ശനി, 2.00 pm**

**ചേലക്കര, എരുമപ്പെട്ടി, കണ്ടശ്ശാംകടവ്, കൊട്ടേക്കാട്, മറ്റം, ഒല്ലൂർ, പഴുവിൽ** എന്നീ ഫൊറോനകളിലെ 1995, 1996 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 25, 26 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 11–ാം തിയ്യതി ഉച്ചകഴിഞ്ഞ് 1.45 ന് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് 2.00 മണിക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 1995, 1996 ൽ വിവാഹിതരായി രജതജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. മറക്കരുതേ.

## വിവാഹസുവർണ്ണ ജൂബിലി

**തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ഡിസംബർ 18, ശനി, 10.00** am

1970, 1971 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 50, 51 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 18-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 ന് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് 10.00 മണിക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 1970, 1971 ൽ വിവാഹിതരായി സുവർണ്ണജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. മറക്കരുതേ.

## വിവാഹരജത ജൂബിലി

**തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ഡിസംബർ 18, ശനി, 2.00** pm

**പാലയൂർ, പറപ്പൂർ, പട്ടിക്കാട്, പുതുക്കാട്, പുത്തൂർ** എന്നീ ഫൊറോനകളിലെ 1995, 1996 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 25, 26 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 18-ാം തിയ്യതി ഉച്ച കഴിഞ്ഞ് 1.45 ന് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് 2.00 മണിക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 1995, 1996 ൽ വിവാഹിതരായി രജതജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. മറക്കരുതേ.

## വിവാഹരജത ജൂബിലി

**തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ഡിസംബർ 19, ഞായർ, 2.00** pm

**ലൂർദ്ദ്, ബസിലിക്ക, വേലൂർ, വടക്കാഞ്ചേരി** എന്നീ ഫൊറോനകളിലെ 1995, 1996 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 25, 26 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ രജത ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ

ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 19–ാം തിയ്യതി ഉച്ച കഴിഞ്ഞ് 1.45 ന് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് 2.00 മണിക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 1995, 1996 ൽ വിവാഹിതരായി രജതജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. മറക്കരുതേ.

**ദാമ്പത്യ ബന്ധം എങ്ങനെ ഊഷ്മളമാക്കാം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2021 ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ വിവാഹിതരായ നവദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനത്തിന്റെ ഭാഗമായി ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള വെബിനാർ സംഘടിപ്പിച്ചിരിക്കുന്നു. ഡിസംബർ 19 ഞായറാഴ്ച്ച വൈകീട്ട് 7 മുതൽ 8.30 വരെയാണ് സമയം. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ വെബിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു. ഈ വെബിനാറിൽ സംബന്ധിക്കാനുള്ള ലിങ്ക്, ഐഡി, പാസ്കോഡ് എന്നിവ നിങ്ങളുടെ വാട്ട്സ് ആപ്പ് നമ്പറിലേക്ക് അയച്ചുതരുന്നതായിരിക്കും.

**മാതാപാതാക്കൾക്കുള്ള സെമിനാർ (ഡിസംബർ 5)**

2020 ഏപ്രിൽ, മെയ്, ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ പ്രീകാന കോഴ്സിൽ പങ്കെടുത്ത യുവതി യുവാക്കളുടെ മാതാപിതാക്കൾക്കുവേണ്ടി "എങ്ങനെ യുവദമ്പതികളെ സഹഗമിക്കാം" എന്ന വിഷയത്തെ ആസ്പദമാക്കി വെബിനാർ സംഘടിപ്പിച്ചിരിക്കുന്നു. ഡിസംബർ 5 ഞായർ വൈകീട്ട് 7 മുതൽ 8.30 വരെയാണ്. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികളുടെ മാതാപിതാക്കളെല്ലാവരും തന്നെ നിർബന്ധമായും ഈ വെബിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു. ഈ വെബിനാറിൽ സംബന്ധിക്കാനുള്ള ലിങ്ക്, ഐഡി, പാസ്കോഡ് എന്നിവ നിങ്ങളുടെ വാട്ട്സ് ആപ്പ് നമ്പറിലേക്ക് അയച്ചുതരുന്നതായിരിക്കും.

**മാതാപാതാക്കൾക്കുള്ള സെമിനാർ (ഡിസംബർ 12)**

2021 സെപ്റ്റംബർ, ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിൽ പ്രീകാന കോഴ്സിൽ പങ്കെടുത്ത യുവതി യുവാക്കളുടെ മാതാപിതാക്കൾക്കുവേണ്ടി "എങ്ങനെ യുവദമ്പതികളെ സഹഗമിക്കാം" എന്ന വിഷ

യത്തെ ആസ്പദമാക്കി വെബിനാർ സംഘടിപ്പിച്ചിരിക്കുന്നു. ഡിസംബർ 12 ഞായർ വൈകീട്ട് 7 മുതൽ 8.30 വരെയാണ്. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികളുടെ മാതാപിതാക്കളെല്ലാവരും തന്നെ നിർബന്ധമായും ഈ വെബിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു. ഈ വെബിനാറിൽ സംബന്ധിക്കാനുള്ള ലിങ്ക്, ഐഡി, പാസ്കോഡ് എന്നിവ നിങ്ങളുടെ വാട്ട്സ് ആപ്പ് നമ്പറിലേക്ക് അയച്ചുതരുന്നതായിരിക്കും.

**വെബിനാർ തുടർപരിശീലനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2021 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനത്തിന്റെ ഭാഗമായി ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള വെബിനാർ സംഘടിപ്പിച്ചിരിക്കുന്നു. ഡിസംബർ 11 ശനിയാഴ്ച്ച വൈകീട്ട് 7 മുതൽ 8.30 വരെയാണ് സമയം. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ വെബിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു. ഈ വെബിനാറിൽ സംബന്ധിക്കാനുള്ള ലിങ്ക്, ഐഡി, പാസ്കോഡ് എന്നിവ നിങ്ങളുടെ വാട്ട്സ് ആപ്പ് നമ്പറിലേക്ക് അയച്ചുതരുന്നതായിരിക്കും.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**സംസ്ഥാന സെക്രട്ടറി**

കെ.സി.ബി.സി പ്രോലൈഫ് സമിതിയുടെ സംസ്ഥാന സെക്രട്ടറിയായി 2021–2023 വർഷങ്ങളിലേക്ക് തൃശ്ശൂർ അതിരൂപതയിലെ ജോൺപോൾ പ്രോലൈഫ് പ്രസിഡണ്ടായ ശ്രീ. ജെയിംസ് ആഴ്ചങ്ങാടനെ തിരഞ്ഞെടുത്തു. തൃശ്ശൂർ അതിരൂപതയുടെ ആശംസകളും പ്രാർത്ഥനകളും അഭിനന്ദനങ്ങളും നേരുന്നു.

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# മാതൃവേദി

**മാതൃവേദി ഭാരവാഹികളുടെ ഇലക്ഷൻ**

നവംബർ മാസത്തിൽ അതിരൂപതയിലെ ഭൂരിപക്ഷം ഇടവകകളിലും മാതൃവേദിയുടെ ഇടവക ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് കഴിയുകയുണ്ടായി. ഡിസംബർ മാസത്തിൽ ഫൊറോന ഇലക്ഷൻ നടക്കുകയാണല്ലോ. ആയതിനാൽ ഇടവക ഭാരവാഹികളുടെ ലിസ്റ്റ് വികാരിയച്ചന്റെ ഒപ്പോടു കൂടെ അതിരൂപത മാതൃവേദി ഓഫീസിൽ ഏൽപിക്കേണ്ടതാണ്. ഡിസംബർ മാസത്തിലെ മാതൃവേദിയുടെ ഫൊറോന ഇലക്ഷന്റെ നിയമാവലി താഴെ കൊടുത്തിരിക്കുന്നു.

**ഫൊറോന (അതിരൂപത നിയമാവലി പേജ് നമ്പർ 3,4,10)**

1. എല്ലാ ഫൊറോനകളിലും ഡിസംബർ മാസത്തിൽ ഇലക്ഷൻ നടത്തണം.
2. ഇലക്ഷൻ കഴിഞ്ഞാൽ ആനിമേറ്ററച്ചന്റെ ഒപ്പോടുകൂടി ഭാരവാഹികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ ഏൽപിക്കണം.
3. രണ്ട് തവണയിൽ കൂടുതൽ ഒരേ സ്ഥാനത്തേയ്ക്ക് മത്സരിക്കരുത്.
4. 65 വയസ്സുവരെ ഭാരവാഹി ആകുന്നതിന് തടസ്സമില്ല.
5. ഭാരവാഹികളിൽ രണ്ടു പേരെങ്കിലും 50 വയസ്സിനു താഴെയുള്ളവരായിരിക്കണം.
6. സ്ഥിരമായി നിൽക്കുന്നവർ ഭാരവാഹിത്വം ഒഴിഞ്ഞ് പുതിയ അംഗങ്ങൾക്ക് അവസരം കൊടുക്കുന്നത് അഭികാമ്യമായിരിക്കും.
7. മാതൃവേദിയിൽ ചേർന്ന് 3 വർഷത്തെ പ്രവർത്തന പരിചയം ഉള്ളവരെ മാത്രമേ ഭാരവാഹികളായി തിരഞ്ഞെടുക്കാൻ പാടുള്ളൂ.
8. ഫൊറോന ഭാരവാഹി ആകുന്ന ആൾ ഇടവക ഭാരവാഹി ആയിരിക്കണം.
9. ഭാരവാഹികളായി തിരഞ്ഞെടുക്കേണ്ടവർ പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ.
10. ഫൊറോന ഇലക്ഷന് ഫൊറോന ആനിമേറ്ററച്ചനായിരിക്കും നേതൃത്വം കൊടുക്കുക. അതിരൂപതയിൽ നിന്ന് നിരീക്ഷകരായി അതിരൂപത ഭാരവാഹികൾ വരുന്നതായിരിക്കും.

11. ഫൊറോന ഇലക്ഷന്റെ തിയ്യതിയും സമയവും അതിരൂപത മാതൃവേദി ഓഫീസിൽ നേരത്തെ അറിയിക്കേണ്ടതാണ്.

| | |
|---|---|
| **ഫാ. ഷാന്റോ തലക്കോട്ടൂർ**<br>അസി. ഡയറക്ടർ | **ഫാ. ഡെന്നി താണിക്കൽ**<br>ഡയറക്ടർ |
| **ശ്രീമതി ജൂലി ബാബു**<br>സെക്രട്ടറി | **ശ്രീമതി മേരി വിൻസെന്റ്**<br>പ്രസിഡണ്ട് |

# കുടുംബക്കൂട്ടായ്മ

## കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് വേണ്ടിയുള്ള കരോൾ ഗാന മത്സരം 2021

**12.12.2021 – 2** pm

അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി കരോൾഗാന മത്സരം സംഘടിപ്പിക്കുന്നു. കരോൾ ഗാന മത്സരത്തിന്റെ നിബന്ധനകളും മറ്റും വിശദമായി താഴെ കൊടുത്തിരിക്കുന്നു.

**നിബന്ധനകൾ :**

1. മത്സരാർത്ഥികൾ കുടുംബകൂട്ടായ്മ ഭാരവാഹികൾ ആയിരിക്കണം.
2. മത്സരം 7 മിനിറ്റാണ്. 6 മിനിറ്റ് കഴിയുമ്പോൾ വാണിംഗ് ബെൽ അടിക്കുന്നതായിരിക്കും.
3. ഒരു പാട്ടോ അഥവാ ഒന്നിൽ കൂടുതൽ പാട്ടോ ചേർത്ത് പാടുന്നതിന് തടസ്സമില്ല.
4. മത്സരത്തിന് 2 മൈക്ക് ഉണ്ടായിരിക്കുന്നതാണ്.
5. വാദ്യോപകരണങ്ങളോ കരോക്കയോ അനുവദനീയമല്ല.
6. കരോൾ ഗാനമത്സരം ഇടവക തലത്തിലും ഫൊറോന തലത്തിലും ഓൺലൈൻ ആയോ അല്ലെങ്കിൽ ഓഫ് ലൈൻ ആയോ സംഘടിപ്പിക്കാവുന്നതാണ്.
7. അതിരൂപത മത്സരം ഓഫ് ലൈനായി ഫാമിലി അപ്പസ്റ്റോലേറ്റിൽ വെച്ച് നടത്തപ്പെടുന്നതാണ്.

8. അതിരൂപത മത്സരത്തിനായി ഫൊറോനയിൽ നിന്ന് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഒരു ടീമിനെ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.
9. മത്സരത്തിന് 5 മുതൽ 7 പേർ വരെ പങ്കെടുക്കാവുന്നതാണ്.
10. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**മെറിറ്റ് ഡെ 04.01.2022 – 3 pm**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ജനുവരി 4–ാം തിയ്യതി മെറിറ്റ് ഡെയായി ആചരിക്കുന്നു. അന്നേദിനം കുടുംബ കൂട്ടായ്മ ഭാരവാഹികളുടെ മക്കൾക്ക് 10,12 ക്ലാസ്സുകളിൽ ഫുൾ എ പ്ലസ് വാങ്ങിയവരെ അഭിനന്ദിക്കുകയും സമ്മാനങ്ങൾ നൽകുന്നതുമായിരിക്കും. കൂടാതെ ഭാരവാഹികൾക്കുവേണ്ടി നടത്തിയ സാഹിത്യ മത്സരങ്ങളുടേയും കരോൾഗാന മത്സരങ്ങളുടേയും സമ്മാനദാനം നിർവഹിക്കുന്നതായിരിക്കും. 2022 ലെ കുടുംബകൂട്ടായ്മ ഇടവക, ഫൊറോന, അതിരൂപത തലത്തിലുള്ള പ്രവർത്തനങ്ങളുടെ വാർഷിക പദ്ധതി പ്രകാശനം ചെയ്യുന്നതായിരിക്കും.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

**ഇ–ശ്രം കാർഡ്**

അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്കായി കേന്ദ്ര തൊഴിൽ മന്ത്രാലയം നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് ഇ–ശ്രം. രാജ്യത്തെ അസംഘടിതമേഖലയിലെ തൊഴിലാളികളുടെ പൂർണ്ണമായ വിവരം എവിടെയും ലഭ്യമല്ല. ഇക്കാര്യത്തിൽ ബഹു: സുപ്രീം കോടതി കേന്ദ്ര സംസ്ഥാന സർക്കാറുകളെ നിശിതമായി വിമർശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ എല്ലാവിധ തൊഴിലാളികളുടെയും വിവരശേഖരണത്തിനും എല്ലാ തൊഴിലാളികൾക്കും തൊഴിൽ വിവരം രേഖപ്പെടുത്തിയ 12 അക്ക ഡിജിറ്റൽ കാർഡ് നൽകാനും കേന്ദ്ര

സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തൊഴിലാളികൾക്ക് രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക സൗകര്യവും ഉണ്ടാക്കിയിട്ടുണ്ട്. ഈ സൗകര്യം അസംഘടിതമേഖലയിലെ എല്ലാ തൊഴിലാളികളും വിനിയോഗിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രജിസ്ട്രേഷനു ശേഷം ലഭിക്കുന്ന തിരിച്ചറിയൽ കാർഡുണ്ടെങ്കിലെ കേന്ദ്ര സർക്കർ സഹായ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാകുകയുള്ളു. ഈ പദ്ധതി പ്രകാരം തൊഴിലാളിക്ക് അപകടം മൂലമുള്ള മരണത്തിനൊ അംഗവൈകല്യത്തിനൊ 2 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് ലഭ്യമാകുന്നു. ഇതിനുള്ള ആദ്യ വർഷത്തെ പ്രിമിയം കേന്ദ്ര സർക്കാർ തന്നെ അടക്കും. തുടർന്നുള്ള പ്രിമിയം തൊഴിലാളി തന്നെ അടയ്ക്കണം. സമാനമായ മറ്റ് ഇൻഷുറൻസ് പദ്ധതികളും ക്രമേണ ഈ പദ്ധതിയുമായി ബന്ധിപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കോവിഡ് പോലുള്ള ദുരിതങ്ങളുണ്ടാവുമ്പോൾ ഇതിന്റെ അടിസ്ഥാനത്തിലെ സഹായ വിതരണം നിർവഹിക്കുകയുള്ളു എന്ന് കേന്ദ്ര സർക്കാർ ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്.

വഴിയോര കച്ചവടക്കാർ, കർഷകർ , കർഷക തൊഴിലാളികൾ എല്ലാ സ്ഥാപനങ്ങളിലെയും PF, ESI ആനുകൂല്യങ്ങൾ ലഭ്യമല്ലാത്ത തൊഴിലാളികൾ, സ്വകാര്യ ട്യൂഷൻ/ കോച്ചിംഗ് കേന്ദ്രങ്ങൾ നടത്തുന്നവരും അവിടുത്തെ തൊഴിലാളികളും, മോട്ടോർ മേഖലയിലെ തൊഴിലാളികൾ (ഡ്രൈവർ, ക്ലീനർ), ചുമട്ടുതൊഴിലാളികൾ, അംഗൻവാടി ടീച്ചർ, ആയമാർ, കുടുംബശ്രീ- ആശാവർക്കർ, തൊഴിലുറപ്പ് പദ്ധതിയിലെ അംഗങ്ങൾ, വീട്ടുജോലിക്കാർ, ആശാരിമാർ, മരപ്പണിക്കാർ, മേസ്തിരിമാർ, ഹെൽപ്പർമാർ (കെട്ടിടനിർമ്മാണ മേഖലയിലെ എല്ലാതരം ജീവനക്കാരും), ബീഡി തൊഴിലാളികൾ, ക്ഷീര കർഷകർ, മൃഗങ്ങളെ വളർത്തുന്നവർ, പപ്പടം - കേക്ക്, മറ്റ് പലഹാരനിർമ്മാണ തൊഴിലാളികൾ, തുകൽ തൊഴിലാളികൾ, നെയ്ത്തുകാർ, മില്ലുകളിലെ തൊഴിലാളികൾ, ന്യൂസ് പേപ്പർ ഏജന്റുമാരും, പത്രം വിതരണം ചെയ്യുന്ന തൊഴിലാളികളും, കമ്പ്യൂട്ടർ സെന്റർ, ഡി.റ്റി.പി. സെന്റർ നടത്തുന്നവരും തൊഴിലാളികളും...ലരേ. തുടങ്ങി എല്ലാ തൊഴിൽ മേഖലകളിൽ ഉള്ളവർക്കും ഇ-ശ്രം കാർഡിനായി അപേക്ഷിക്കാവുന്നതാണ്.

**ഇ - ശ്രമിൽ രജിസ്റ്റർ ചെയ്യുന്ന അസംഘടിത തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ :-**

1. രജിസ്റ്റർ ചെയ്തതിനു ശേഷം ലഭിക്കുന്ന ഇ - ശ്രം കാർഡ് രാജ്യത്തെമ്പാടും സ്വീകരിക്കപ്പെടും
2. PMSBY വഴി ഒരു വർഷത്തേക്ക് രാജ്യത്തുടനീളം അപകട ഇൻഷുറൻസ് പരിരക്ഷ അപകട മരണത്തിനും പൂർണ വൈകല്യത്തിനും 2 ലക്ഷം രൂപയും ഭാഗിക വൈകല്യത്തിന് ഒരു ലക്ഷം രൂപയും ധന

സഹായം

3. സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ ഇ – ശ്രം പോർട്ടൽ വഴി നൽകും
4. ദുരന്തങ്ങൾ / മഹാമാരി തുടങ്ങിയ ദുരിത സമയത്ത് സഹായം നൽകാൻ കേന്ദ്ര –സംസ്ഥാന സർക്കാരിന് ഇ– ശ്രം പോർട്ടൽ സഹായകരമാകും

**പ്രായപരിധി** – 16 വയസ്സിനും 59 വയസ്സിനും ഇടയിൽ ആയിരിക്കണം,

**നിബന്ധനകൾ**

ആദായനികുതി അടയ്ക്കുന്നവരായിരിക്കരുത്. EPFO, ESI എന്നിവയിൽ അംഗമാവരുത്. അസംഘടിത തൊഴിലാളി വിഭാഗമായിരിക്കണം.

**ഹാജരാക്കേണ്ട രേഖകൾ**

ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട്, ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ, ഇ.മെയിൽ ഐഡി

**അപേക്ഷ സമർപ്പിക്കുന്ന വിധം**

register.eshram.gov.in എന്ന പോർട്ടലിൽ ആണ് രജിസ്ട്രേഷൻ ചെയ്യേണ്ടത്. ആധാർ, ബാങ്ക് അക്കൗണ്ട് നമ്പർ, ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ എന്നിവയുണ്ടെങ്കിൽ ഒ ടി പി വെരിഫിക്കേഷൻ സൗകര്യം ഉപയോഗിച്ച് സ്വന്തമായി രജിസ്റ്റർ ചെയ്യാം.

1. ഇന്റർനെറ്റിലൂടെ register.eshram.gov.in എന്ന വെബ് സൈറ്റിൽ പ്രവേശിക്കുക.അതിലെ Self Register എന്നതിനു താഴെ ആധാറുമായി ലിങ്ക് ചെയ്ത മൊബൈൽ നമ്പർ ചേർത്ത് ഇ.പി.എഫ്, ഇ എസ്.ഐ അംഗമല്ലെന്ന് വ്യക്തമാക്കി Send OTP യിൽ വിരലമർത്തിയാൽ ഫോണിൽ OTP നമ്പർ ലഭിക്കും.
2. വീണ്ടും OTP നമ്പർ ചേർത്ത് തുടർന്നാൽ ആധാർ നമ്പർ ചേർക്കാൻ സാധിക്കും. അതോടെ അടുത്ത OTP നമ്പർ കിട്ടും.
3. ആ നമ്പർ ചേർത്ത് തുടർന്നാൽ ആധാറിന്റെ ചിത്രവും വിവരങ്ങളും ലഭ്യമാകും. ഇത് confirm ചെയ്ത് വിരലമർത്തിയാൽ പേര്, ഇമെയിൽ ID, പിതാവിന്റെ പേര്, രക്ത ഗ്രൂപ്പ്, അവകാശിയുടെ പേര്, സ്ഥിരമായ മേൽവിലാസം നിലവിലുള്ള താമസ സ്ഥലത്തെ വിവരം, എത്ര വർഷമായി ഈ സ്ഥലത്തുണ്ട് എന്നും, അതിഥി തൊഴിലാളിയാണെങ്കിൽ അക്കാര്യവും, വിദ്യാഭ്യാസ യോഗ്യത പ്രതിമാസ വരുമാനം, തൊഴിൽ കോഡ്, ആധാറുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ട് നമ്പറും ചേർത്ത് ok കൊടുക്കുക
4. വിവരങ്ങൾ confirm ചെയ്യുന്നതോടെ അടുത്ത OTP ലഭിക്കും. ഈ OTP ചേർക്കുന്നതോടെ റജിസ്ട്രേഷൻ പൂർത്തിയാവും. രജിസ്ട്രേഷൻ

പൂർത്തിയാക്കിയാൽ കാർഡ് ഡൗൺലോഡ് ചെയ്യാൻ സാധിക്കും. നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളെ ഇ ശ്രം രജിസ്ട്രേഷൻ ബാധിക്കില്ലെങ്കിലും കേന്ദ്ര സർക്കാർ നൽകുന്ന വിവിധ ആനുകൂല്യങ്ങൾക്ക് ഇ ശ്രം രജിസ്ട്രേഷൻ നിർബന്ധമാക്കും. അൽപസമയത്തിനകം UAN ഉള്ള 12 അക്ക നമ്പർ കാർഡ് ഇമെയിൽ ആയും SMS ആയും ലഭിക്കുന്നതാണ്.

5. സംശയ നിവാരണത്തിന് 14434 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടുക. തൃശൂർ അയ്യന്തോൾ സിവിൽ സ്റ്റേഷനിൽ (കളക്ടറേറ്റ്) പ്രവർത്തിക്കുന്ന ജില്ലാ ലേബർ ഓഫീസിൽ e SHRAM രജിസ്ട്രേഷൻ സഹായത്തിനായി 0487 2360469 എന്ന നമ്പറിൽ വിളിക്കുക.

**കോവിഡ് മരണ ധനസഹായ അപേക്ഷ**

ഐ.സി.എം.ആർ. പുറത്തിറക്കിയ പുതുക്കിയ നിർദ്ദേശ പ്രകാരം കോവിഡ് മരണമായി പ്രഖ്യാപിക്കാവുന്ന മരണങ്ങളും, കേരള സർക്കാർ ഇതുവരെ കോവിഡ് മരണമായി പ്രഖ്യാപിച്ചിട്ടുള്ള കോവിഡ് മരണ ലിസ്റ്റിൽ ഇല്ലാത്തതും, ഏതെങ്കിലും പരാതിയുള്ളവർക്കും അപ്പീൽ സമർപ്പിക്കാം. ഓൺലൈനായും നേരിട്ടും അപേക്ഷ നൽകാവുന്നതാണ്. ലഭിക്കുന്ന അപേക്ഷകൾ വിശദമായ പരിശോധനയ്ക്ക് ശേഷം ഔദ്യോഗിക കോവിഡ് 19 മരണ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഓൺലൈനിലൂടെ തന്നെയാണ് അപേക്ഷയിൻമേൽ തീരുമാനമെടുക്കുന്നതും. ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനുള്ളിൽ തീർപ്പാക്കുന്നതാണ്.

**അപ്പീലിനുള്ള അപേക്ഷ സമർപ്പിക്കുന്ന വിധം**

ഇ–ഹെൽത്ത് കോവിഡ് 19 ഡെത്ത് ഇൻഫോ പോർട്ടൽ മുഖേനയാണ് മരണ നിർണയത്തിനും സർട്ടിഫിക്കറ്റിനുമായി അപേക്ഷിക്കേണ്ടത്. കോവിഡ് 19 ഡെത്ത് ഇൻഫോ പോർട്ടലിൽ (https://covid19.kerala.gov.in/deathinfo) കയറി കോവിഡ് മൂലം മരിച്ചവരുടെ ലിസ്റ്റിൽ പേര് ഉണ്ടോയെന്ന് ഉറപ്പ് വരുത്തുക. ഇതിൽ ഉൾപ്പെടാത്തവർ ഉണ്ടെങ്കിൽ മാത്രം അപ്പീൽ സമർപ്പിച്ചാൽ മതിയാകും.(ഉൾപ്പെട്ടവർക്ക് ധനസഹായത്തിനുള്ള അപേക്ഷ നൽകാവുന്നതാണ്)

1. https://covid19.kerala.gov.in/deathinfo എന്ന ലിങ്കിൽ കയറി അപ്പീൽ റിക്വസ്റ്റിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ കാണുന്ന പേജിൽ മൊബൈൽ നമ്പർ ടൈപ്പ് ചെയ്ത് ഒ.ടി.പി. നമ്പറിനായി ക്ലിക്ക് ചെയ്യുക. മൊബൈലിൽ ലഭിക്കുന്ന ഒ.ടി.പി. നമ്പർ നൽകി വെരിഫൈ ക്ലിക്ക് ചെയ്യണം.
2. തദ്ദേശ സ്ഥാപനത്തിന്റെ മരണ രജിസ്ട്രേഷൻ കീ നമ്പർ ടൈപ്പ് ചെയ്ത് (മരണ സർട്ടിഫിക്കറ്റിലെ ഇടതുവശത്ത് മുകളിൽ ആദ്യം കാണുന്നതാണ് കീ നമ്പർ) മരണ സർട്ടിഫിക്കറ്റിന്റെ കോപ്പി അപ്

ലോഡ് ചെയ്യണം.

3. തദ്ദേശ സ്ഥാപനത്തിൽ നിന്നും ലഭിച്ച മരണ സർട്ടിഫിക്കറ്റിലെ പേര്, വയസ്, ജെൻഡർ, പിതാവിന്റേയോ മാതാവിന്റേയോ ഭർത്താവിന്റേയോ പേര്, ആശുപത്രി രേഖകളിലെ മൊബൈൽ നമ്പർ, തദ്ദേശ സ്ഥാപനത്തിലെ മരണ സർട്ടിഫിക്കറ്റിലെ അഡ്രസ്, ജില്ല, തദ്ദേശ സ്ഥാപനത്തിന്റെ പേര്, മരണ ദിവസം, മരണ സ്ഥലം, മരണം റിപ്പോർട്ട് ചെയ്ത ജില്ല, മരണ സർട്ടിഫിക്കറ്റ് നൽകിയ തദ്ദേശ സ്ഥാപനത്തിന്റെ പേര്, മരണം സ്ഥിരീകരിച്ച ആശുപത്രി എന്നിവ നൽകണം. ഇതോടൊപ്പം ബന്ധപ്പെട്ട ആശുപത്രിയിലെ രേഖകളുടെ കോപ്പിയും അപ്‌ലോഡ് ചെയ്യണം. അപേക്ഷകന്റെ വിവരങ്ങളും നൽകണം.
4. അപേക്ഷ സമർപ്പിച്ചതിന് ശേഷം അപേക്ഷ നമ്പർ അപേക്ഷകന്റെ മൊബൈൽ നമ്പറിലേക്ക് വരുന്നതാണ്.
5. സമർപ്പിച്ച അപേക്ഷ പ്രോസസിംഗിനായി മരണം സ്ഥിരീകരിച്ച ആശുപത്രിയിലേക്കും തുടർന്ന് അംഗീകാരത്തിനായി ജില്ലാ കോവിഡ് മരണ നിർണയ സമിതിക്കും (സിഡിഎസി) അയക്കുന്നു. പുതിയ ഐസിഎംആർ മാർഗനിർദ്ദേശമനുസരിച്ച് ജില്ലാ കോവിഡ് മരണ നിർണയ സമിതി (സിഡിഎസി) അംഗീകാരത്തിന് ശേഷം പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.
6. അപ്പീൽ റിക്വസ്റ്റിൽ ക്ലിക്ക് ചെയ്ത് ചെക്ക് യുവർ റിക്വസ്റ്റ് സ്റ്റാറ്റസിൽ കയറിയാൽ നൽകിയ അപേക്ഷയുടെ സ്ഥിതിയറിയാവുന്നതാണ്.

**ഐ.സി.എം.ആർ. മാതൃകയിൽ സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിക്കുന്ന വിധം**

1. https://covid19.kerala.gov.in/deathinfo എന്ന ലിങ്കിൽ കയറുക.
2. ഐ.സി.എം.ആർ. സർട്ടിഫിക്കറ്റ് റിക്വസ്റ്റിൽ ക്ലിക്ക് ചെയ്യുക. മൊബൈൽ നമ്പരും ഒ.ടി.പി. നമ്പരും നൽകണം.
3. തദ്ദേശ സ്ഥാപനത്തിന്റെ മരണ രജിസ്ട്രേഷൻ കീ നമ്പർ ടൈപ്പ് ചെയ്ത് മരണ സർട്ടിഫിക്കറ്റിന്റെ കോപ്പി അപ്‌ലോഡ് ചെയ്യണം. കൂടാതെ ആരോഗ്യ വകുപ്പിൽ നിന്നും കിട്ടിയ ഡെത്ത് ഡിക്ലറേഷൻ ഡോക്യുമെന്റ് നമ്പരും സർട്ടിഫിക്കറ്റിന്റെ കോപ്പിയും നൽകണം.
4. സർട്ടിഫിക്കറ്റ് നൽകിയ തദ്ദേശ സ്ഥാപനത്തിന്റെ പേര്, തദ്ദേശ സ്ഥാപനത്തിൽ നിന്നും ലഭിച്ച മരണ സർട്ടിഫിക്കറ്റിലെ പേര്, പിതാവിന്റേയോ മാതാവിന്റേയോ ഭർത്താവിന്റേയോ പേര്, വയസ്, മരണ ദിവസം, മരണം റിപ്പോർട്ട് ചെയ്ത ജില്ല, മരണ സർട്ടിഫിക്കറ്റ് നൽകിയ തദ്ദേശ സ്ഥാപനത്തിന്റെ പേര്, അപേക്ഷകന്റെ വിവരം എന്നിവ നൽകണം.

5. അപേക്ഷ സമർപ്പിച്ചതിന് ശേഷം അപേക്ഷ നമ്പർ അപേക്ഷകന്റെ മൊബൈൽ നമ്പറിലേക്ക് വരുന്നതാണ്.
6. അംഗീകാരത്തിനായി ജില്ലാ കോവിഡ് മരണ നിർണയ സമിതിക്ക് (സിഡിഎസി) അയച്ച ശേഷം ഐസിഎംആർ മാർഗനിർദ്ദേശമനുസരിച്ച് പുതിയ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്.

**ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്ന വിധം**

കോവിഡ് 19 ഡെത്ത് ഇൻഫോ പോർട്ടലിൽ (https://covid19.kerala.gov.in/deathinfo) കയറി കോവിഡ് മൂലം മരിച്ചവരുടെ ലിസ്റ്റിൽ പേര് ഉള്ളവർ www.relief.kerala.gov.in എന്ന വെബ്സൈറ്റിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**സമർപ്പിക്കേണ്ട രേഖകൾ :**

1. കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റ് (ICMR നൽകിയ മരണ സർട്ടിഫിക്കറ്റ്, Death Declaration Document)
2. അപേക്ഷകന്റെ റേഷൻ കാർഡ്, ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ
3. അനന്തിരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാണെങ്കിൽ പകർപ്പ്.

മരണപ്പെട്ടവരുടെ അടുത്ത ബന്ധുവാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ബന്ധപ്പെട്ട വില്ലേജ് ഓഫീസർ അപേക്ഷകർ സമർപ്പിച്ച രേഖകളും വസ്തുതയും പരിശോധിച്ച് ജില്ല ദുരന്ത നിവാരണ അതോറിറ്റിക്ക് റിപ്പോർട്ട് കൈമാറും. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അപേക്ഷ പരിശോധിച്ച് അന്തിമ അംഗീകാരം നൽകും. പരിശോധനക്ക് ശേഷം മരിച്ചവരുടെ ബന്ധുക്കൾക്ക് 50,000 രൂപയും കോവിഡ് ബാധിച്ച മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബിപിഎൽ കുടുംബങ്ങൾക്ക് 36 മാസക്കാലത്തേക്ക് പ്രതിമാസം 5000 രൂപയും ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറും.

*സംശയനിവാരണത്തിനു ബന്ധപ്പെടുക*

തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)
ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

DBCLC, East Fort, Thrissur - 680005
mob: 9744941585
email : excelacademytcr@gmail.com
web : www.excelacademytcr.com

EXCEL ACADEMY
Archdiocese of Trichur
Institute for Career Formation

| **PSC & Banking** 6 months Course | | |
|---|---|---|
| SET (State Eligibility Test) Economics & English | **Defence Course** 6 Months course | CDS ( combined Defence service Exam) |
| NDA (National Defence Academy) | INET (Indian Navy Entrance Test) | AFCAT ( Air Force common Admission Test) |

നിലവിലുള്ള കോഴ്സുകൾ

| | | |
|---|---|---|
| K TET Course ( Kerala Teachers Eligibility Test) | **All Categories** Foundation Course 8th, 9th, 10th, Std (Science & Civil Service) | KER /KSR Course (For School Principal & Headmasters) |

കൂടുതൽ വിവരങ്ങൾക്ക് 9847276657/ 9744941585

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ............ (2021 ഡിസംബർ)**

| | | |
|---|---|---|
| 1 (ബുധൻ) | – | ലോക എയ്ഡ്സ് ദിനം |
| 3 (വെള്ളി) | – | വി. ഫ്രാൻസീസ് സേവ്യർ<br>ആദ്യവെള്ളി, വി. കുർബാന<br>അന്താരാഷ്ട്ര വികലാംഗദിനം |
| 6 (തിങ്കൾ) | – | ഡോ. ബി. ആർ. അംബേദ്ക്കർ ദിനം |
| 8 (ബുധൻ) | – | മാതാവിന്റെ അമലോത്ഭവതിരുനാൾ |
| 10 (വെള്ളി) | – | മനുഷ്യാവകാശദിനം |
| 13 (തിങ്കൾ) | – | മാർ ആൻഡ്രൂസ് താഴത്ത് ജന്മദിനം |
| 25 (ശനി) | – | ക്രിസ്തുമസ് |

28 (ചൊവ്വ) – കുഞ്ഞിപ്പൈതങ്ങൾ

**2. ഹയർസെക്കണ്ടറി അധ്യാപക നിയമനം**

ഏജൻസിയുടെ കീഴിലുള്ള ഹയർസെക്കണ്ടറി സ്കൂളുകളിലെ വിവിധ വിഷയങ്ങൾക്ക് അധ്യാപക നിയമനത്തിന് പത്രപരസ്യം നൽകി അപേക്ഷകൾ സ്വീകരിച്ചു.

**3. സംസ്ഥാന അധ്യാപക അവാർഡ്**

ഈ വർഷത്തെ സംസ്ഥാന അധ്യാപക അവാർഡ് നേടിയ പുതുക്കാട് സെന്റ് ആന്റണീസ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. കെ എ. ജോയ് മാസ്റ്റർക്ക് എല്ലാവിധ അഭിനന്ദങ്ങളും ആശംസകളും നേരുന്നു.

**4. ക്രിസ്തുമസ് – പുതുവത്സരാംശകൾ**

ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ മാനേജർമാർക്കും അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ നേരുന്നു.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# കത്തോലിക്ക കോൺഗ്രസ്സ്

**1. ഇലക്ഷൻ നടപടികൾ ആരംഭിച്ചു**

തൃശൂർ അതിരൂപത കത്തോലിക്ക കോൺഗ്രസിന്റെ 2022–2024 വർഷത്തേയ്ക്കുള്ള യൂണിറ്റ്, ഫൊറോന, രൂപത ഇലക്ഷൻ നടപടി കർമ്മങ്ങൾ ആരംഭിച്ചു. ഇലക്ഷൻ കമ്മീഷൻ അംഗങ്ങളായ ഫാ. വർഗ്ഗീസ് കുത്തൂർ, ഡോ. ജോബി കാക്കശ്ശേരി, അഡ്വ. സോജൻ ജോബ്, തൊമ്മി പിടിയത്ത് എന്നിവരുടെ നേതൃത്വത്തിലാണ് തിരഞ്ഞെടുപ്പ് പ്രക്രിയ നടത്തുന്നത്.

**2. വഞ്ചനാദിനം ആചരിച്ചു**

80:20 അനുപാതവുമായി ബന്ധപ്പെട്ട് കേരള സർക്കാർ സുപ്രീം കോടതിയെ സമീപിച്ച നടപടി തീർത്തും വഞ്ചനാ പരമാണെന്ന് സമിതി വിലയിരുത്തി. ഇടവക, ഫൊറോന, കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച

വഞ്ചനാദിന പ്രതിഷേധ സദസുകൾക്ക് ഭാരവാഹികൾ നേതൃത്വം നൽകി.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്

**എൻ.പി. ജാക്സൻ**
ജനറൽ സെക്രട്ടറി

# KCYM

1. **അതിജീവനത്തിന്റെ പാതയിൽ പങ്കാളികളായി കെ.സി.വൈ.എം..**

കുട്ടിക്കൽ ഏന്തയാർ മേഖലയിലെ വീടുകളിലെ ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളായി കെ സി വൈ എം തൃശ്ശൂർ അതിരൂപത സമിതി ഭാരവാഹികളും ഡയറക്ടർ അച്ചൻമാരും. ആറു മണിക്കൂർ നീണ്ടുനിന്ന മഴ അവസാനിക്കുമ്പോൾ, ഒരു നാടിനെയാകെ വിഴുങ്ങിയ കാഴ്ച്ച അപ്രതീക്ഷിതമായി കടന്നുവന്ന ദുരന്തത്തിന്റെ ഭീകരതയിൽ നിൽക്കുന്ന നാട്ടുകാർ. പലരുടെയും സ്വപ്നമായ വീടും, വസ്ത്രങ്ങളും, ഗൃഹോപകരണങ്ങളും, കരുതിവച്ചിരുന്ന സ്വത്തുക്കളുമെല്ലാം ഒരു നിമിഷം കൊണ്ട് ഉരുൾപ്പൊട്ടി കവർന്നെടുത്തത് നിസ്സഹായതയോടെ നോക്കി നിൽക്കാൻ വിധിക്കപ്പെട്ടവർ. വീടുകളിൽ അടിഞ്ഞു കൂടിയ ചെളി വിവിധ സന്നദ്ധ സംഘടനകളും നാട്ടുകാരുടെയും സഹകരണത്തോടെ വൃത്തിയാക്കുകയും, മിച്ചം കിട്ടിയ വസ്ത്രങ്ങളും, ഗൃഹോപകരണങ്ങളും കഴുകിയെടുക്കുന്നവർ. സന്നദ്ധ സംഘടനകൾ കൊണ്ടു വരുന്ന ഭക്ഷണവും വസ്ത്രങ്ങളുമാണ് അവിടെ ഇപ്പോളും പലർക്കും ആശ്വാസമാകുന്നത്. ദൂരസ്ഥലങ്ങളിൽ നിന്നും പോലും ഒത്തിരി യുവാക്കളും, വൈദീകരുടെ സംഘങ്ങൾ ശുചീകരണത്തിനെത്തുന്നു എന്നത് നമ്മുടെ നാടിന്റെ നന്മ വീണ്ടും ലോകത്തിന് മുന്നിൽ നൽകുന്ന കാഴ്ച്ചയാണ് കാണുന്നത്.ശുചീകരണത്തിനെത്തിയ കെ സി വൈ എം തൃശ്ശൂർ അതിരൂപത സമിതി അംഗങ്ങളെയും പ്രിയ ഡയറക്ടർ അച്ചൻമാരേയും നന്ദിയോടെ ഏന്തയാർ ടങ്ങഥങ ഗഇഥങ ഭാരവാഹികളും,പാലാ രൂപത ഡയറക്ടറും ഭാരവാഹികളും സ്നേഹത്തോടെ സ്വീകരിച്ച് യാത്രയാക്കുന്നു.ഈ ഒരു ഉദ്യമത്തിൽ പങ്കാ

ളികളാകുവാനും ദുരിതത്തിലായവർക്ക് ആശ്വാസമാകുവാനും തൃശ്ശൂർ അതിരൂപത കെ സി വൈ എം പ്രസിഡന്റ് സാജൻ മുണ്ടൂർ, ഡയറക്ടർ ഫാ ലിൻസൺ തട്ടിൽ, അസി ഡയറക്ടർ ഫാ ഫെബിൻ കൂത്തൂർ, ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റുമാരായ ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, സെക്രട്ടറി മെജോ മോസസ്സ്, ടോണി കല്ലൂക്കാരൻ, മെജോ പൊറുത്തൂർ,വിപിൻ പാലയൂർ,ഷെറിൻ വർഗ്ഗീസ്, ഡാനിയേൽ ജോസഫ്, സ്നേഹ ബെന്നി എന്നിവർ കൂട്ടിക്കൽ, ഏന്തയാർ പ്രദേശത്ത് എത്തിച്ചേർന്നു.

ഉൾപ്രദേശങ്ങളിലെ റോഡും പാലങ്ങളും തകർന്നു കിടക്കുന്നതിനാൽ ചിലയിടങ്ങൾ ഒറ്റപ്പെട്ടു കിടക്കുകയാണ് ഇപ്പോളും. സംഭവസ്ഥലം മുൻ മന്ത്രി കെ.പി.രാജേന്ദ്രൻ ശുചീകരണ പ്രവർത്തനങ്ങൾ വിലയിരുത്താൻ എത്തിച്ചേർന്നിരുന്നു. ജനപ്രതിനിധികളും പൊതുപ്രവർത്തകരും യുവജന പ്രസ്ഥാനങ്ങളും സർക്കാർ ജീവനക്കാരും ഒത്തുചേർന്ന് നാടിനെ പൂർവസ്ഥിതിയിലെത്തിക്കാൻ കഠിനപ്രയത്നത്തിലാണ്. സന്നദ്ധ പ്രവർത്തനങ്ങളുമായി മുന്നോട്ട് വരുന്ന എല്ലാ സുഹൃത്തുക്കൾക്കും പ്രസ്ഥാനത്തിനും ഹൃദയത്തിൽ നിന്നും ഒരു ബിഗ് സല്യൂട്ട്.. നമ്മൾ അതിജീവിക്കും.

**2. കേരളപ്പിറവി ദിനത്തിൽ കർഷക സമരത്തിന് ഐക്യദാർഢ്യം**

കെ സി വൈ എം തൃശ്ശൂർ അതിരൂപതയുടെയും പഴുവിൽ ഫൊറോനയുടെയും സംയുക്ത ആഭിമുഖ്യത്തിൽ കേരളപ്പിറവി ദിനാഘോഷം അന്തിക്കാട് സെന്റ് ആന്റെണീസ് ഇടവകയിൽ നടന്നു. അതിരൂപത ജനറൽ സെക്രട്ടറി അഖിൽ ജോസ് സ്വാഗതം പറഞ്ഞ പൊതുസമ്മേളനത്തിന് പ്രസിഡന്റ് സാജൻ മുണ്ടൂർ അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ കേരളപ്പിറവി സന്ദേശം നല്കി. കെ സി വൈ എം സംസ്ഥാന ട്രഷറർ സാജൻ ജോസ് ഉദ്ഘാടനം നിർവഹിച്ചു. 'മതേതരത്വത്തിന്റെയും ഉന്നതമായ മാനവികതയുടെയും പേരിൽ കേളികേട്ടവരാണ് മലയാളികൾ, തകർക്കാനാവാത്ത ഒത്തൊരുമ്മ നമ്മെ നയിക്കട്ടെ 'ഉദ്ഘാടന പ്രഭാഷണത്തിൽ ഓർമ്മിപ്പിച്ചു. ഫൊറോന ഡയറക്ടർ ഫാ.ജോൺ പോൾ, ഇടവക വികാരി ഫാ. ബെന്നി കിടങ്ങൻ, ഫൊറോന പ്രസിഡന്റ് ജെൻവിൻ കോഷി, അതിരൂപത സെക്രട്ടറി വിന്നി വിൻസെന്റ്, സി ഫ്രാൻസി മരിയ, അന്തിക്കാട് യൂണിറ്റ് പ്രസിഡന്റ് ജുവിൻ തുടങ്ങിയവർ പൊതുസമ്മേളനത്തിൽ സംസാരിച്ചു. പങ്കെടുത്ത എല്ലാവർക്കും അതിരൂപത ട്രഷറർ ജിഷാദ് ജോസ് നന്ദി അറിയിച്ചു. സമ്മിശ്ര കർഷകൻ അവാർഡ് കരസ്ഥമാക്കിയ വലപ്പാട് ഇടവക വികാരി ഫാ. ബാബു അപ്പാടനെയും, കൃഷി മേഖലയിൽ അവാർഡുകൾ കരസ്ഥമാക്കിയ ഷൈൻ, ജോസ്, ഡോ.ഹെന്റി എന്നിവ

രെ ചടങ്ങിൽ ആദരിച്ചു. മുൻ കാലങ്ങളിൽ ഉപയോഗത്തിലിരുന്ന കാർഷിക ഉപകരണങ്ങളുടെ പ്രദർശനവും കേരളപ്പിറവി ദിനാഘോഷത്തിന് മാറ്റ് കൂട്ടി. അതിരൂപത വൈസ് പ്രസിഡന്റ് ജീയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, ഡാനിയേൽ ജോസഫ്, ആൻസൻ, ഷിജോയ്, ക്രിസ്റ്റിന, ജിസ്ന, ഫിൽസൻ മറ്റ് ഭാരവാഹികൾ നേതൃത്വം നല്കി.

**3. സ്വതന്ത്ര ഇന്ത്യ കണ്ട സമാനതകളില്ലാത്ത കർഷക പോരാട്ടത്തിന് ഐക്യദാർഢ്യം**

സ്വതന്ത്ര ഇന്ത്യ കണ്ട സമാനതകളില്ലാത്ത കർഷക പോരാട്ടത്തിന് ഐക്യദാർഢ്യം പ്രഖ്യാപ്പിച്ച് കൊണ്ട് കെ സി വൈ എം തൃശ്ശൂർ അതിരൂപതയുടെയും പഴുവിൽ ഫൊറോനയുടെയും സംയുക്ത ആഭിമുഖ്യത്തിൽ അന്തിക്കാട് നടന്ന കേരളപ്പിറവി ദിനത്തിൽ നടന്ന കർഷക സമര ഐക്യദാർഢ്യ യാത്രയുടെ സമാപന സാംസ്കാരിക സായാഹ്ന സദസ്സ് മുൻ സംസ്ഥാന കൃഷി വകുപ്പ് മന്ത്രി അഡ്വ. സുനിൽ കുമാർ ഉദ്ഘാടനം ചെയ്തു. 'കാർഷികോൽപ്പന്നങ്ങളുടെ സംഭരണവും താങ്ങുവിലയും ഇല്ലാതാക്കുന്ന കേന്ദ്ര സർക്കാരിന്റെ കർഷക ദ്രോഹ നിയമങ്ങൾ റദ്ദാക്കണമെന്ന് ' ഉദ്ഘാടന പ്രഭാഷണത്തിൽ അദ്ദേഹം ആവശ്യപ്പെട്ടു. താന്ന്യം പഞ്ചായത്ത് മെംമ്പറും, മുൻ കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപത പ്രസിഡന്റുമായ ആന്റോ തൊറയൻ ഐക്യദാർഢ്യം അർപ്പിച്ച് സംസാരിച്ചു, അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ ആമുഖ പ്രസംഗം നടത്തി, പഴുവിൽ ഇടവക വികാരി ഫാ. ബെന്നി കിടങ്ങൻ, അതിരൂപത വൈസ് പ്രസിഡന്റുമാരായ ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, ക്രിസ്റ്റീന എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ജൈവ പച്ചക്കറി ചന്തയും, വിപണനവും സംസ്കാരിക സായാഹ്നത്തിന് മാറ്റ് കൂട്ടി. അതിരൂപത ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ് , സെക്രട്ടറി വിന്നി വിൻസെന്റ്, ആനിമേറ്റർ സി. ഫ്രാൻസി മരിയ,ഡാനിയേൽ ജോസഫ് , ഫൊറോന പ്രസിഡന്റ് ജെൻവിൻ കോഷി, ആൻസൻ, ഷിജോയ്, ജുവിൻ, ജിസ്ന, ഫിൽസൻ മറ്റ് ഭാരവാഹികൾ നേതൃത്വം നല്കി.

**4. കർഷക പ്രക്ഷോഭത്തിന് പിന്തുണയർപ്പിച്ച് കർഷക സമര ഐക്യദാർഢ്യ യാത്രയുമായി**

കെസിവൈഎം തൃശ്ശൂർ അതിരൂപതയുടെയും പഴുവിൽ ഫൊറോനയുടെയും സംയുക്ത ആഭിമുഖ്യത്തിൽ അന്തിക്കാട് സെന്റ് ആന്റണീസ് ദേവാലയത്തിൽ നിന്ന് പാദുവ നഗർ വരെ കർഷക പ്രക്ഷോഭത്തിന് പിൻതുണയർപ്പിച്ച് ഉള്ള കർഷക സമര ഐക്യദാർഢ്യ യാത്ര സംഘടിപ്പിച്ചു. പഴുവിൽ ഫൊറോന ഡയറക്ടർ റവ.ഫാ. ജോൺപോൾ

ചെമ്മണൂർ ഫ്ളാഗ് ഓഫ് ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ, പ്രസിഡന്റ് സാജൻ മുണ്ടൂർ, ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, സെക്രട്ടറി വിന്നി വിൻസെന്റ്, ആനിമേറ്റർ സി. ഫ്രാൻസി മരിയ, ഡാനിയേൽ ജോസഫ്, ഫൊറോന പ്രസിഡന്റ് ജെൻവിൻ കോഷി, ആൻസൻ, ഷിജോയ്, ജുവിൻ, ക്രിസ്റ്റീന, ജിസ്ന, ഫിൽസൻ മറ്റ് ഭാരവാഹികൾ നേതൃത്വം നല്കി.

**5. കെ സി വൈ എം തൃശ്ശൂർ അതിരൂപത 'SYNERGIA 2K21'**

ലൂർദ്ധ് മേഖല ഫോർമേഷൻ ക്യാമ്പ് ഷംഷാബാദ് രൂപത മെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. കെ സി വൈ എം തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ ലൂർദ്ധ് മേഖല ഫോർമേഷൻ ക്യാമ്പ് 'SYNERGIA 2K21' ഷംഷാബാദ് രൂപത മെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ഉദ്ഘാടന പ്രഭാഷണത്തിൽ 'യുവജനങ്ങൾ സഭയുടെ ശക്തിയാണെന്നും സാമൂഹിക വിഷയങ്ങളിൽ കെ.സി.വൈ.എം. യുവജന പ്രസ്ഥാനത്തിന്റെ ഇടപ്പെടലുകളെയും , നിലപാടുകളെയും പിതാവ് അഭിനന്ദിച്ചു. ' കെ സി വൈ എം തൃശ്ശൂർ അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അതിരൂപത ജനറൽ  സെക്രട്ടറി അഖിൽ ജോസ് സ്വാഗതം ആശംസിച്ചു സംസാരിച്ചു.അതിരൂപത ഡയറക്ടർ റവ ഫാ ലിൻസൺ തട്ടിൽ ആമുഖ പ്രഭാഷണം നടത്തി. ട്രഷറർ ജിഷാദ് ജോസ്, സംസ്ഥാന ട്രഷറർ സാജൻ ജോസ്, വൈസ് പ്രസിഡന്റ് ജെസ്ന ജീജോ, മെജോ മോസസ്സ്, ഷെറിൻ വർഗ്ഗീസ്, സ്നേഹ ബെന്നി,സി ഫ്രാൻസി മരിയ, ഫൊറോന പ്രസിഡന്റുമാരായ ഷാരോൺ സൈമൺ, സാന്റോ ജെയ്ക്കബ്, അഷർ ഷാജു എന്നിവർ സംസാരിച്ചു. കെ സി വൈ എം മുൻ സംസ്ഥാന സെനറ്റ് മെബർ അനീഷ് മാസ്റ്റർ ക്ലാസ്സ് നയിച്ചു. തൃശ്ശൂർ അതിരൂപത യൂത്ത് മിനിസ്ട്രി വൈദീകരുടെ നേതൃത്വത്തിൽ ലീഡർഷിപ്പ് ട്രെയിനിങ്  നടത്തി. ലൂർദ്ധ്, പുത്തൂർ, പട്ടിക്കാട്, കൊട്ടേക്കാട് ഫൊറോന ഭാരവാഹികളും യൂണിറ്റ് ഭാരവാഹികളും ക്യാമ്പിൽ പങ്കെടുത്തു. അതിരൂപത അസിസ്റ്റന്റ് ഡയറക്ടർ ഫാ. പ്രദീപ് മാപ്രണത്ത്ക്കാരൻ, ലൂർദ്ദ് ഫൊറോന ഡയറക്ടർ ഫാ പ്രദിഷ് കല്ലറയ്ക്കൽ, ലൂർദ്ധ് മേഖലയിലെ അതിരൂപത ഭാരവാഹികളായിരുന്ന പിൻസി പ്രിൻസ്, ശരത്ത് ജോസഫ്, ഡിജോ ഡേവിസ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. സെക്രട്ടറി വിന്നി വിൻസെന്റ്, ടോണി കല്ലൂക്കാരൻ, മെജോ പൊറത്തുർ, വിപിൻ ലൂവിസ്, ഡാനിയേൽ ജോസഫ് മറ്റു ഭാരവാഹികൾ നേതൃത്വം നൽകി.
പാലയൂർ മേഖല ഫോർമേഷൻ ക്യാമ്പ് തൃശ്ശൂർ അതിരൂപത സഹായ

മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലാങ്കാവിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. കെ സി വൈ എം തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ പാലയൂർ മേഖല ഫോർമേഷൻ ക്യാമ്പ് തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലാങ്കാവിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രഭാഷണത്തിൽ ' യുവജനങ്ങൾ സഭയുടെ ശക്തിയാണെന്നും സാമൂഹിക വിഷയങ്ങളിൽ കെ സി വൈ എം യുവജന പ്രസ്ഥാനത്തിന്റെ ഇടപ്പെടലുകളെയും, നിലപാടുകളെയും പിതാവ് അഭിനന്ദിച്ചു. 'കെ സി വൈ എം തൃശ്ശൂർ അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അതിരൂപത ജനറൽ സെക്രട്ടറി അഖിൽ ജോസ് സ്വാഗതം അർപ്പിച്ചു. അതിരൂപത ഡയറക്ടർ റവ ഫാ ലിൻസൺ തട്ടിൽ ആമുഖ പ്രഭാഷണം നടത്തി. സംസ്ഥാന ട്രഷറർ സാജൻ ജോസ്, ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജെസ്ന ജീജോ, സെക്രട്ടറി വിന്നി വിൻസെന്റ്, സെനറ്റ് മെംമ്പർമരായ മെജോ പൊറത്തുർ, വിപിൻ ലൂവിസ്, ഫ്രാൻസി മരിയ, ഫൊറോന പ്രസിഡന്റുമാരായ റൊണാൾഡ്, ജോഫിൽ, ജോജു എന്നിവർ സംസാരിച്ചു. തൃശ്ശൂർ അതിരൂപത യൂത്ത് മിനിസ്ട്രി വൈദീകരുടെ നേതൃത്വത്തിൽ ലീഡർഷിപ്പ് ട്രെയിനിങ് നടത്തി. പാലയൂർ, മറ്റം, പറപ്പൂർ, കണ്ടശ്ശാംകടവ്, ഫൊറോന യൂണിറ്റ് ഭാരവാഹികൾ ക്യാമ്പിൽ പങ്കെടുത്തു. അതിരൂപത അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫെബിൻ കുത്തൂർ, മറ്റം ഫൊറോന ഡയറക്ടർ ഫാ ടോണി അരിമ്പൂർ ആശംസകൾ നേർന്നു. പാലയൂർ മേഖലയിലെ അതിരൂപത ഭാരവാഹികളായിരുന്ന ജിയോ ജോൺ , ഷാജു എളവള്ളി എന്നിവർ അനുഭവങ്ങൾ പങ്കുവെച്ചു സംസാരിച്ചു. വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ, സെനറ്റ് അംഗങ്ങളായ ടോണി കല്ലൂക്കാരൻ, ഷെറിൻ വർഗ്ഗീസ്, SMYM പ്രതിനിധി ഡാനിയേൽ ജോസഫ് മറ്റു ഭാരവാഹികൾ നേതൃത്വം നൽകി.

**7. കൂട്ടിക്കലിനെയും എന്തയാറിനെയും ചേർത്തുപിടിച്ച്**

വീടുകളുടെ ശുചീകരണ പ്രവർത്തനങ്ങൾക്കായി എത്തിച്ചേർന്നപ്പോൾ പുതിയ വസ്ത്രങ്ങളും, പുതിയ പാത്രങ്ങൾ കിടക്കകൾ തുടങ്ങി നിരവധി ഉത്പന്നങ്ങൾ വീടുകളിലേയ്ക്ക് വിതരണത്തിന് ആവശ്യമായിട്ടുണ്ട് എന്നറിഞ്ഞപ്പോൾ സാമ്പത്തിക സഹായവും നൽകി കെ സി വൈ എം തൃശ്ശൂർ അതിരൂപത. KCYM - SMYM പാലാ രൂപത ഡയറക്ടർ റവ ഫാ സിറിൽ തയ്യലിന് കെ സി വൈ എം തൃശ്ശൂർ അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ, ജനറൽ സെക്രട്ടറി അഖിൽ ജോസ്, KCYM സംസ്ഥാന ട്രഷറർ സാജൻ ജോസ്, റൈബിൻ മുള്ളൂർക്കര, എന്നിവർ ചേർന്ന് കുട്ടിക്കൽ സെന്റ് ജോർജ്ജ് ഫൊറോന പള്ളി അസിസ്റ്റൻറ് വികാരി ഫാ.മാത്യു വാഴച്ചാറിയ്ക്കലിന്റെ സാന്നിധ്യത്തിൽ കൈമാറി. അ

ടിയന്തിരസേവനമായി അതിരൂപത സമിതി അംഗങ്ങളും ഡയറക്ടർമാരും കഴിഞ്ഞ ദിവസങ്ങളിൽ ദുരിതബാധിത പ്രദേശങ്ങളിൽ വീടുകൾ ക്ലീനിങ് ചെയ്യുന്നതിന് എത്തിച്ചേർന്നിരുന്നു....

**8. വെബിനാർ സംഘടിപ്പിച്ചു**

കെസിവൈഎം തൃശ്ശൂർ അതിരൂപതയുടെയും H&H Global Education ന്റെ സഹകരണതോടെ അതിരൂപതയിലെ യുവജനങ്ങൾക്ക് 'Higher Education Opportunities at Abroad' വെബിനാർ സംഘടിപ്പിച്ചു...

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ

**സാജൻ ജോയി**
പ്രസിഡന്റ്

**അഖിൽ ജോസ്**
സെക്രട്ടറി

# ചിൽഡ്രൻസ് മിനിസ്ട്രി

**1. Saints' Quiz 2021-2022**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കുവേണ്ടി ഫൊറോന തലത്തിൽ സെയ്ന്റ്സ് ക്വിസ്സിന് ഫസ്റ്റ് കിട്ടിയവർക്കായി അതിരൂപതതലത്തിൽ മത്സരം 2022 ജനുവരി 8 ശനിയാഴ്ച്ച ഡി.ബി.സി.എൽ.സി.യിൽ വച്ച് ഉച്ചയ്ക്ക് 2.00 മണി മുതൽ 4.00 മണിവരെ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക: Children's Ministry Archdiocese of Trichur - Ph. 0487 2325336, 9947582522

**2. Dei Verbum Quiz 2k21**

തൃശ്ശൂർ അതിരൂപതയിലെ ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്കായി സംഘടിപ്പിച്ച ഓൺലൈൻ ബൈബിൾ ക്വിസാണ് DEI VERBUM 2k21. 2021 ജൂൺ 13 മുതൽ എല്ലാ മാസവും രണ്ടും നാലും ഞായറാഴ്ച്ചകളിൽ നടത്തപ്പെട്ട ഈ ക്വിസ് മത്സരം ഡിസംബർ 26–ാം

തിയ്യതി ഞായറാഴ്ച്ച അവസാനിക്കുകയാണ്. മത്സരത്തിൽ പങ്കെടുത്ത കുട്ടികൾക്കും അവരെ പ്രോത്സാഹിപ്പിച്ച മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും പ്രത്യേകം നന്ദി പറയുന്നു. മത്സരവിജയികളുടെ പേരുവിവരം പിന്നീട് അറിയിക്കുന്നതായിരിക്കും.

**3. മിഷൻ ഫണ്ട് കളക്ഷൻ**

മിഷൻ പ്രവർത്തനത്തെ സഹായിക്കാൻ തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾ ചെറിയ ഫണ്ട് രൂപീകരണം യൂണിറ്റ് തലത്തിൽ നടത്തിക്കാണുമല്ലോ. ശേഖരിച്ച ഫണ്ടുകൾ ഇനിയും എത്തിക്കാത്ത യൂണിറ്റുകൾ ഉണ്ടെങ്കിൽ ഡിസംബർ 15–ാം തിയ്യതിക്കുമുമ്പ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ അത് ഏൽപിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്നവർക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**4. ക്രിസ്തുമസ് മത്സരങ്ങൾ**

2021 ക്രിസ്തുമസിനോട് അനുബന്ധിച്ച് തൃശ്ശൂർ അതിരുപതയിലെ ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി ക്രിസ്തുമസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പുൽകൂട് മത്സരം, ക്രിസ്തുമസ് കാർഡ് മത്സരം എന്നിവയാണ് മത്സര ഇനങ്ങൾ. മത്സരങ്ങളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ഡിസംബർ മാസത്തിലെ കത്തോലിക്ക സഭ പത്രം നോക്കുക.

**5. പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** “നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു, നമുക്ക് ഒരു പുത്രൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും; വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും.” (ഏശയ്യ 9: 6)
**സുകൃതജപം:** ‘ഉണ്ണീശോയെ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളിവരേണമേ’
**പ്രാർത്ഥനാ നിയോഗം:** ഈ ഇരുപത്തിയഞ്ച് നോമ്പിൽ കൂടുതൽ കുട്ടികൾ ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും അങ്ങനെ ഓരോ കുട്ടികളും ക്രിസ്തുമസ്സിന് നന്നായി ഒരുങ്ങുന്നതിനും വേണ്ടി പ്രാർത്ഥിക്കാം.
**പരിചയപ്പെടുന്ന വിശുദ്ധൻ:** ക്രിസ്തുമസ്സ്പാപ്പ അഥവാ സാന്റാക്ലോസിന്റെ യഥാർത്ഥ കഥ ആരംഭിക്കുന്നത് വി. നിക്കോളാസിലൂടെയാണ്. “നിങ്ങൾക്ക് സ്വന്തമായത് എല്ലാം വിറ്റ് ദരിദ്രർക്ക് നൽകുക” എന്ന യേശുവിന്റെ വാക്കുകൾ അനുസരിച്ചുകൊണ്ട്, ദരിദ്രരിലൂടെ ദൈവത്തെ സ്നേഹിക്കുന്നതിനായി തന്റെ ജീവിതം സമർപ്പിച്ച, പാശ്ചാത്യരും പൗരസ്ത്യരും ഒന്നുപോലെ വന്ദിച്ചുപോരുന്ന വിശുദ്ധനാണ് മീറായിലെ മെത്രാനായിരുന്ന വി. നിക്കോളാസ്. ഡിസംബർ 6–ാം തിയതിയാണ്

വിശുദ്ധന്റെ തിരുനാൾ സഭ കൊണ്ടാടുന്നത്.
**പ്രവർത്തനം**: ഉണ്ണീശോയുടെ പിറവിതിരുനാളിൽ ഈശോയ്ക്ക് സമ്മാനം കൊടുക്കുന്നതിന്റെ പ്രതീകമായി ഓരോ ദിവസവും മറ്റുള്ള വർക്ക് നന്മചെയ്ത് ജീവിക്കാം.

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

# KCSL

**1. അതിരൂപതാ വാർഷികം KCSL ദിനാഘോഷം**

KCSL തൃശൂർ അതിരൂപതാ വാർഷികവും KCSL ദിനാഘോഷവും 2021 ഡിസംബർ 3 വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 2ന് അതിരൂപതാ കേന്ദ്ര ത്തിൽ വച്ച് നടത്തുന്നു. തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പരിപാടികൾ ഉദ്ഘാടനം ചെയ്യും. തദവസരത്തിൽ പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന KCSL അതിരൂപതാ ഡയ റക്ടർ റവ. ഫാ. ജോയ് അടമ്പുകുളം അച്ചനേയും KCSL സംസ്ഥാന ബെസ്റ്റ് സിസ്റ്റർ ആനിമേറ്റർ അവാർഡ് ജേതാവ് റവ. സി. ട്രീസ ജേക്ക ബിനേയും അനുമോദിക്കുന്നു.

കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിന്റെ ഭാഗമായി രണ്ടു ഡോസ് വാക്സിൻ സ്വീകരിച്ച ആനിമേറ്റർമാരെ മാത്രമേ യോഗത്തിനു പ്രതീക്ഷിക്കുന്നുള്ളൂ. താത്പര്യമുള്ളവർ ആനിമേറ്റർമാരുടെ Whatsapp Group ൽ കൊടുത്തിട്ടുള്ള Link ൽ പേര് നൽകേണ്ടതാണ്.

**2. 2021–2022 കലാസാഹിത്യോത്സവ സമ്മാനദാനം**

2021–2022 അധ്യയനവർഷത്തെ KCSL കലാസാഹിത്യോത്സവ മത്സരവിജയികളുടെ പേരുകൾ ബ്ലോഗിൽ നൽകിയിട്ടുണ്ട്. ഇവർക്കുള്ള സമ്മാനവിതരണം ഡിസംബർ 3ന് നടക്കുന്ന KCSL അതിരൂപതാ വാർഷികം – KCSL ദിനാഘോഷ പരിപാടിയിൽ വച്ച് നൽകുന്നതാണ്. ശില്പശാലയിൽ നടന്ന Online instant Quiz മത്സരവിജയികൾക്കുള്ള സമ്മാനങ്ങളും അന്ന് വിതരണം ചെയ്യുന്നതാണ്. വിജയികളായ വിദ്യാർത്ഥികളുടെ ആനിമേറ്റർമാർ വന്ന് സമ്മാനങ്ങൾ ഏറ്റുവാങ്ങേണ്ട താണ്. (വിദ്യാർത്ഥികളെ പ്രതീക്ഷിക്കുന്നില്ല.)

### 3. 2021–2022 പ്രവർത്തനവർഷ സമാപനം

KCSL 2021–2022 പ്രവർത്തനവർഷം ഡിസംബർ 3ന്റെ അതിരൂപതാ വാർഷികാഘോഷങ്ങളോടെ സമാപിക്കുന്നു. കോവിഡ് ഭീഷണിയ്ക്കിടയിലും KCSL പ്രവർത്തനങ്ങൾ ഭംഗിയാക്കാൻ പ്രവർത്തിച്ച എല്ലാ ആനിമേറ്റർമാർക്കും പ്രധാനാദ്ധ്യാപകർക്കും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും വിദ്യാർത്ഥി സുഹൃത്തുക്കൾക്കും നന്ദിയും ആശംസകളും. നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കാൻ മറക്കരുത്. പുതിയ പ്രവർത്തനവർഷത്തിൽ വീണ്ടും കാണാം.

**ഫാ. ജോയ് അടമ്പുകുളം**
ഡയറക്ടർ

## മദ്യവിരുദ്ധ സമിതി

### 1. മിഷൻ ഞായർ ആചരണം

'കുടുംബങ്ങളുടെ കുടുംബമാണ് സഭ' എന്ന ചിന്തയാണല്ലോ ഫ്രാൻ സീസ് മാർപ്പാപ്പ ഇത്തവണത്തെ മിഷൻ ഞായറാചരണത്തിനായി ഒരു ക്കിയത്. കുടുംബബന്ധങ്ങളുടെ ഊഷ്മളത തകർക്കുന്ന പൈശാചിക ശക്തിയാണ് മദ്യവും ലഹരിവസ്തുക്കളും എന്ന സത്യം ഉയർത്തിപ്പിടിച്ചാണ് മദ്യവിരുദ്ധസമിതി മിഷൻ ഞായർ ആചരിച്ചത്. ഈ ആശയം രേഖപ്പെടുത്തിയ പോസ്റ്റർ ക്യാമ്പയിൻ രൂപത മുഴുവൻ സംഘടിപ്പിച്ചു.

കുണ്ടുകാട് പള്ളിയിൽ ദിവ്യബലിയർപ്പിച്ചതിനുശേഷം ഇടവക വികാരിയോടൊപ്പം അതിരൂപത മദ്യവിരുദ്ധസമിതി ഡയറക്ടർ ബഹു. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ഒല്ലൂർ, പഴുവിൽ, ചേർപ്പ്, കുമ്പളങ്ങാട്, വടക്കാഞ്ചേരി, പാലക്കൽ, സ്നേഹപുരം തുടങ്ങി ഒട്ടുമിക്കവാറും യൂണിറ്റുകളും പരിപാടിയിൽ പങ്കു ചേർന്നു.

### 2. പദയാത്രയ്ക്ക് സ്വീകരണം

കേരള മാനവ സാഹോദര്യസമിതിയുടെ ആഭിമുഖ്യത്തിൽ ഹിംസ, ലഹരി, വിഭാഗീയത എന്നിവയ്ക്കെതിരെ സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച 'സർവ്വധർമ്മസദ്ഭാവന കേരളയാത്ര'യ്ക്ക് തൃശൂരിൽ സമുചിതമായ സ്വീകരണം നൽകി. നടുവിലാൽ ജംഗ്ഷനിൽ വൈകീട്ട് 5

മണിക്ക് ഒരുക്കിയ സ്വീകരണത്തിൽ പ്രസിഡന്റ് സി.പി. ഡേവീസ് ജാഥാ ക്യാപ്റ്റനെ ഹാരാർപ്പണം ചെയ്യുകയും തുടർന്ന് സ്വീകരണ യോഗത്തെ അഭിസംബോധന ചെയ്യുകയുണ്ടായി. അതിരൂപത ഭാരവാഹികളായ ടി. എസ്. അബ്രാഹം, ഐ.ജെ. സിജോ, ടി.ടി. കൊച്ചുവർക്കി, വി.ഐ. ജോസ് എന്നിവർ യോഗത്തിൽ പങ്കു ചേർന്നു.

**3. കോടന്നൂർ ബാർ വിരുദ്ധ ഭവന സത്യാഗ്രഹം**

25.10.21 ൽ ഭവനസത്യാഗ്രഹ സമരം അനുഷ്ഠിക്കുന്ന കുടുംബത്തോടൊപ്പം ഡയറക്ടറച്ചനും പി.ആർ.ഒ.യും സത്യാഗ്രഹസമരത്തിൽ പങ്കുചേർന്നു. ഡയറക്ടറച്ചന്റെ നിർദ്ദേശപ്രകാരം എക്സ്പ്രസ് ദിനപത്രത്തിന്റെ പത്രാധിപർ ശ്രീ. ഡേവീസ് കണ്ണനായ്ക്കൽ കോടന്നൂർ സമരചരിത്രം തയ്യാറാക്കി മേരിവിജയം മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. മാസികയുടെ ആ ലക്കത്തിന്റെ കോപ്പികൾ ഭവന സമരവേദിയിൽ വച്ച് കോടന്നൂർ ബാർ വിരുദ്ധസമരസമിതി കൺവീനർ ശ്രീ. ഏ.ടി. പോൾസന് ഡയറക്ടറച്ചൻ കൈമാറി. സമഗ്രമായ ഈ ചരിത്രരേഖ കോടന്നൂർ സമരത്തെപ്പറ്റി അറിയാനാഗ്രഹിക്കുന്നവർക്കും ഭാവി തലമുറയ്ക്കും ഒരു പഠനസഹായിയായിരിക്കും.

**4. എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിങ്ങ്**

31.10.21 ൽ അതിരൂപത ഓഫീസിൽ വച്ച് കോർ കമ്മിറ്റി മീറ്റിങ്ങും എക്സിക്യൂട്ടീവ് മീറ്റിങ്ങും കൂടി. കഴിഞ്ഞ ഒരു മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തു. വാർഷിക കർമ്മപദ്ധതി പ്രകാരമുള്ള ശ്രാദ്ധാഞ്ജലി, യുവജനസംഗമം, വനിതാസംഗമം എന്നിവ നവംബർ മാസത്തിൽ നടത്തുവാൻ ധാരണയായി.

വർഷം തോറും നടത്തുന്ന വി. ഫ്രാൻസീസ് സേവ്യാർ പുണ്യവാന്റെ ശ്രാദ്ധതിരുനാൾ ആചരണവും നടത്തുന്നതിനും തീരുമാനിച്ചു. എല്ലാ പരിപാടികളും സുഗമമായി സംഘടിപ്പിക്കുന്നതിന് കമ്മിറ്റികൾക്ക് രൂപം കൊടുക്കുകയും ചെയ്തു. പതിവായി പ്രസിദ്ധീകരിച്ചുവരുന്ന സ്മരണിക 2021 ലും തയ്യാറാക്കുന്നതിന് എഡിറ്റോറിയൽ കമ്മിറ്റിക്ക് രൂപം നൽകി. 10.11.21 ൽ കൂടിയ കോർ കമ്മിറ്റി / എഡിറ്റോറിയൽ കമ്മിറ്റി യോഗത്തിൽ വിശദാംശങ്ങൾക്ക് രൂപം നൽകി.

**5. പ്രതിഷേധ നിൽപ്പു സമരം**

ഐ.ടി. പാർക്കുകളിൽ വൈൻ പാർലറുകളും പബ്ബുകളും തുടങ്ങുവാനുള്ള സർക്കാർ തീരുമാനത്തിൽ പ്രതിഷേധിച്ച് 8.11.21 ൽ തൃശൂർ കളക്ട്രേറ്റിനു മുന്നിൽ ഒരു മണിക്കൂർ നിൽപ്പു സമരം സംഘടിപ്പിച്ചു. പ്രസിഡന്റ് സി.പി. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ അരങ്ങേറിയ സമരം

ഉദ്ഘാടനം ചെയ്തത് പാസ്റ്ററൽ കൗൺസിൽ മുൻ സെക്രട്ടറിയും കത്തോലിക്ക കോൺഗ്രസ് ഭാരവാഹിയും ന്യൂനപക്ഷ കമ്മീഷൻ അംഗ വുമായ ശ്രീ. പി.ഐ. ലാസർ മാസ്റ്ററാണ്. പ്രമുഖ മദ്യവിരുദ്ധ പ്രവർത്ത കരായ ടി.എസ്. അബ്രാഹം, ടി.വി. തോമസ്, ഐ.ജെ. സിജോ, ഇ.ഏ. ജോസഫ് എന്നിവർ പ്രസംഗിച്ചു. ഫൊറോന തലത്തിലും യൂണിറ്റ് തല ത്തിലുമുള്ള ഭാരവാഹികളുടെ പ്രതിനിധികൾ കോവിഡ് മാനദണ്ഡ ങ്ങൾ പാലിച്ചുകൊണ്ട് പ്രതിഷേധ സമരത്തിൽ പങ്കെടുത്തു.

**6. പുതിയ മദ്യശാലകൾ തുടങ്ങുന്നതിൽ പ്രതിഷേധം**

പുതിയതായി 175 മദ്യവിൽപ്പനശാലകൾ കൂടി തുടങ്ങുവാനുള്ള സർക്കാർ തീരുമാനത്തിൽ പ്രതിഷേധിച്ച് 10.11.21 ൽ സമിതി ഓഫീസിൽ വച്ച് പ്രതിഷേധ യോഗം കൂടി. യോഗത്തിന് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടറച്ചൻ ആമുഖപ്രഭാഷണം നടത്തി. ഉദ്ഘാടനകർമ്മം നിർവ്വഹിച്ച സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് മദ്യ വർജ്ജനമാണ് ലക്ഷ്യം എന്ന് പ്രഖ്യാപിച്ചുകൊണ്ട് അധികാരത്തിൽ എത്തിയ സർക്കാരിന്റെ ഈ നടപടി അധാർമ്മികവും അപലപനീയവു മാണെന്നും സർക്കാർ ഇതിൽ നിന്ന് പിൻതിരിയണമെന്നും ആവശ്യ പ്പെട്ടു. തുടർന്ന് പിതാവിനോടൊപ്പം ഡയറക്ടറച്ചനും ഭാരവാഹികളും പ്ലക്കാർഡുകൾ പിടിച്ച് നിൽപ്പുസമരം നടത്തി.

**7. ആദരാഞ്ജലി**

അതിരൂപത മദ്യവിരുദ്ധസമിതിയുടെ മുൻപ്രസിഡന്റ് ശ്രീ. എം. എ. പൊറിഞ്ചു 10.11.21 ൽ നിര്യാതനായി. ഡയറക്ടറച്ചനും ഭാരവാഹി കളും പരേതന്റെ ഭവനം സന്ദർശിച്ച് റീത്ത് സമർപ്പിച്ചു. പ്രസിഡന്റ് സമി തിയുടെ അനുശോചനവും ആദരാഞ്ജലികളും അർപ്പിച്ചു. ഡയറക്ടറ ച്ചൻ ഒപ്പീസു ചൊല്ലി പ്രാർത്ഥിക്കുകയും ദു:ഖാർത്തരായ കുടുംബാംഗ ങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തതിനുശേഷമാണ് മടങ്ങിയത്. സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് നേതൃത്വം നൽകിയ മൃതസംസ്കാരശുശ്രൂഷയിൽ അതിരൂപത ഭാരവാഹി പ്രതി നിധികൾ സംബന്ധിച്ച് പരേതനോടുള്ള ആദരവ് പ്രകടിപ്പിക്കുകയു ണ്ടായി.

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**തൃശൂർ സെൻട്രൽ കൗൺസിൽ**

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ തൃശൂർ സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ 07–11–2021 ന് ഒളരിക്കര ചെറുപുഷ്പം ദൈവാലയത്തിൽ വെച്ച് നടത്തിയ ബ്ര. ജോർജ്ജ് ചിറ്റിലപ്പിള്ളി അനുസ്മരണ യോഗത്തിൽ സി.സി. പ്രസിഡന്റ് ജോസ് ജെ. മഞ്ഞളി സ്വാഗതവും, ഒളരിക്കര വികാരി ഫാ. ഷാജു ഊക്കൻ ഉദ്ഘാടനവും, സി. സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. ജിക്സൺ താഴത്ത് അദ്ധ്യക്ഷതയും നിർവ്വഹിച്ചു.

സി.സി. സീനിയർ വൈസ് പ്രസിഡന്റ് ബ്ര. കെ.എ. ഷിബു, ഒളരിക്കര കോൺഫറൻസ് എ.ക്സി. കമ്മിറ്റി അംഗം ബ്ര. പി.ജെ. സെബാസ്റ്റ്യൻ, തൃശ്ശൂർ വെസ്റ്റ് എ.സി. പ്രസിഡന്റ് ബ്ര. കെ.എൽ. ആന്റണി, ഒളരിക്കര ദൈവാലയ കൈക്കാരൻ ശ്രീ. ഡേവീസ് പാലത്തിങ്കൽ എന്നിവർ അനുസ്മരണ പ്രസംഗവും, ഒളരിക്കര കോൺഫറൻസ് പ്രസിഡന്റ് ബ്ര. ജോയ് ഫെറോസ് നന്ദിയും പറഞ്ഞു. ഈ വർഷം നമ്മിൽ നിന്ന് പിരിഞ്ഞു പോയ രൂപതയിലെ എല്ലാ വൈദീകർക്കും, വിൻസെൻഷ്യൻ അംഗങ്ങൾക്കും, അവരുടെ കുടുംബാഗങ്ങക്കും വേണ്ടി ദിവ്യബലിയും ഒപ്പീസും നടത്തി. സി. ഷാന്റി വർഗ്ഗീസ്, ബ്ര. അനൂപ് ജോയ്, ബ്ര. ജോഷി ഡേവീസ്, അരുൺ ജോയി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. ജിക്സൺ താഴത്ത്**
ആദ്ധ്യാത്മിക ഉപദേഷ്ടാവ്

**ജോസ് ജെ. മഞ്ഞളി**
പ്രസിഡന്റ്

**പ്രശാന്ത് ചിറ്റിലപ്പിള്ളി**
സെക്രട്ടറി

# ലോഫ്

(ലീജിയൻ ഓഫ്
അപ്പസ്തോലിക്
ഫാമിലീസ്)

**1. LOAF SPIRITUAL DAY**

ഒക്ടോബർ മാസം 9–ാം തിയതി എല്ലാ കുടുംബങ്ങൾക്കും വേണ്ടി ലോഫ് സ്പിരിചൽ ടീം ഒരുക്കുന്ന മാസധ്യാനം ഓൺലൈനിൽ നടന്നു. ആരാധനയ്ക്ക് ശശി ഇമ്മാനുവേൽ–അമ്പിളി കുടുംബവും, വചനസന്ദേശം ബഹു. മദർ സി. റോസിലി LSDP യും, ഫാമിലി ഷെയറിങ്ങ് മനോജ് – ടോംസി കുടുംബവും നേതൃത്വം നൽകി. ലോഫ് സ്പിരിചൽ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ സമാപന സന്ദേശവും ആശീർവാദവും നൽകി.

**2. TOB (Theology of Body for Teens)**

ലോഫ് ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചയും കൗമാരക്കാർക്ക് വേണ്ടിയുള്ള Theology of Body ക്ലാസ്സുകൾ നടക്കുന്നു. നെസ്റ്റ് ഡയറക്ടർ ഫാ. ടിജോ മുല്ലക്കര ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു

**3. LOAF ACADEMIC DAY**

ഒക്ടോബർ മാസത്തെ അക്കാദമിക് ഡേ 24–ാം തിയതി നടന്നു. ജപമാലഭക്തിയെക്കുറിച്ചുള്ള കുട്ടികളുടെ അക്കാദമിക് ക്ലാസ്സുകൾക്ക് ഡോ. ജോർജ് ലിയോൺസും, അനി ടീച്ചറും നേതൃത്വം നൽകി. ദമ്പതികൾക്ക് വേണ്ടിയുള്ള അക്കാദമിക് ക്ലാസ്സുകൾ സിത്താർ– റെൻസി ദമ്പതികൾ ചേർന്ന് നയിച്ചു.

**4. LOAF'S FEP (FAMILY ENRICHMENT PROGRAMME)**

ആഗോള കുടുംബസംഗമവുമായി ബന്ധപ്പെട്ട് ലോഫ് ഔട്ട് റീച്ച് ടീം നേതൃത്വം നൽകുന്ന FEP പ്രോഗ്രാം ഒക്ടോബർ 24–ാം തിയതി പുതുക്കാട് സെന്റ്. ആന്റണി ഫൊറോന ദേവാലയത്തിൽ നടന്നു. ഇടവക വികാരി ഫാ, ജോൺസൺ ചാലശ്ശേരി ഉദ്ഘാടനവും, ഫാ. ജിന്റോ ചൂണ്ടൽ ആശംസയും നിർവ്വഹിച്ചു. ഡോ. അനുമോദ്, ഡോ. പ്രിയ ദമ്പതികൾ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഡോ. ടോണി ജോസഫ് ലോഫിനെ പരിചയപ്പെടുത്തി. ലോഫിലെ തന്നെ മറ്റ് മൂന്ന് കുടുംബങ്ങൾ (ഡോ. ജോർജ്ജ് & അനി, നികസൻ & ടെസ്സി, സനോജ് & ബിൻസി) അവരുടെ ദൈവാനുഭവങ്ങൾ പങ്കുവെച്ചു.

**ഡോ. ടോണി & ഡോ. സുനി**
പ്രസിഡണ്ട് കപ്പിൾസ്

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# ആദരാഞ്ജലികൾ



## റവ. ഫാ. മംഗലം അഗസ്റ്റിൻ

**ജനനം: 03.03.1942**
**തിരുപ്പട്ടം: 20.12.1968**
**മരണം: 07.11.2021**

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.11.2021
**December - 2021**



**IMMACULATE CONCEPTION OF OUR LADY**

Patroness of the Archeparchy of Trichur

**December 8**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor